മുസ്ലിം വിരുദ്ധ അപവാദങ്ങൾ ചരിത്രത്തിൽ

വിവ:

കെ. എ. ഖാദര് ഫൈസി

ഹാറൂന് യഹ് യാ

ഉപക്രമം

അധർമ്മകാരികളും വഞ്ചകരുമായ ആളുകള്, തങ്ങളുടെ പ്രതിയോഗികൾക്കതിരെ പ്രയോഗിക്കുന്ന ഒരു ദുഷിച്ച രീതിയാണ് അപവാദം. അപവാദത്തിന്ന് നിരവധി രീതികളുണ്ട്. സംഘടിതവും വ്യവസ്ഥാപിതവുമായ രീതി മുതല് , വരികൾക്കിടയില് തിരുകി കയറ്റുന്ന ചുരുങ്ങിയ വാക്കുകള് വരെ. മതമൂല്യങ്ങളില് നിന്നും ദൈവിക പാതയില് നിന്നും വ്യതിചലിച്ച സമൂഹങ്ങളില്, മറ്റുള്ളവരെ കുറിച്ച് തെറ്റായ ധാരണയുണ്ടാക്കുന്നതിന്നായി , ഇടക്കിടെ , പ്രയോഗിക്കപ്പെടുന്ന ഒന്നത്രെ അപവാദം. ഈ പുസ്തകത്തിന്റെ വായനക്കാരിലധിക പേരും ഏതെങ്കിലുമളവിലുള്ള അപവാദങ്ങൾക്ക് വിധേയരായവരോ, അല്ലെങ്കില് ദൃക്സാക്ഷികളായവരോ ആയിരിക്കും.

വ്യക്തികൾക്കിടയില് നടക്കുന്ന നിസ്സാര അപവാദങ്ങളല്ല, പ്രത്യുത, തികച്ചും വ്യത്യസ്തത പുലർത്തുന്ന മറ്റൊരപവാദമാണ് ഈ പുസ്തകം കൈകാര്യം ചെയ്യുന്നത്. അതെ, വിശ്വാസികൾക്കതിരെ അവിശ്വാസികള് നടത്തുന്ന അപവാദം. അത് ശാരീരികമാകാം, ആത്മീയമാകാം.

സമൂഹങ്ങളില് മതമൂല്യങ്ങള് പ്രബോധനം ചെയ്ത സകല പ്രവാചകന്മാരും ഭക്ത ജനങ്ങളും , സാമ്പത്തിക മോഹം, ഭ്രാന്ത്, അഹങ്കാരം, മോഷണം, വ്യഭിചാരം തുടങ്ങിയ അപവാദങ്ങൾക്ക് വിധേയരായിട്ടുണ്ടെന്ന് ഖുര് ആന് വെളിപ്പെടുത്തുന്നുണ്ട്. യൂസുഫ്(അ), മൂസ(അ), സുലൈമാന്(അ), മുഹമ്മദ്(സ) എന്നിവരുടെ ജീവിതങ്ങളെല്ലാം ഇത്തരം അപവാദങ്ങളാല് നിർഭരമാണ്. അത് പോലെ, ഈസ(അ)യുടെ മാതാവ് മര് യം (അ), പ്രവാചക പത്നി ആയിഷ(റ), പ്രവാചകന്റെ സഹാബിമാര് എന്നിവരും അപവാദങ്ങൾക്ക് പാത്രങ്ങളായിട്ടുണ്ട്. എന്നാല്, ഇവരെല്ലാം അപവാദങ്ങളെ നേരിടുമ്പോള്, മാതൃകാപരമായ ക്ഷമയും, വിശ്വാസവും പ്രകടിപ്പിക്കുകയും, അവിശ്വാസികളുടെ യത്നങ്ങളെല്ലാം അവഗണിച്ച് , ദൈവത്തിന്റെ നിർദ്ദേശാനുസാരം ജീവിതം നയിക്കുകയും സത്യപാതയിലേക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇത്തരം നിശ്ചയ ധാർഢ്യം ഉത്തമ മാതൃകയാണെന്നതില് സംശയമില്ല. അല്ലാഹു പറയുന്നു:

“അല്ല; നിങ്ങളുടെ മുൻഗാമികളെ ബാധിച്ച ദുരിതങ്ങളൊന്നും നിങ്ങൾക്കു വന്നെത്താതെതന്നെ നിങ്ങൾ സ്വർഗത്തിലങ്ങ് കടന്നുകളയാമെന്ന് കരുതുന്നുണ്ടോ? “

അല് ബഖറ: 214

മറ്റു വാക്കുകളില്, അപവദിക്കപ്പെടുന്നതും, മതമൂല്യങ്ങള് ഉപേക്ഷിക്കാനുള്ള സമ്മർദ്ദവും, എല്ലാ കാലത്തെയും എല്ലാ രാജ്യത്തെയും വിശ്വാസികൾക്ക് അല്ലാഹു നിശ്ചയിച്ച ഒരു വിധിയാണ് . ഓരോ വിശ്വാസിയും അവിശ്വാസികളില് നിന്ന്, ഉപദ്രവകരമായ വാക്കുകള് കേൾക്കേണ്ടിവരുമെന്നും സാമ്പത്തികമായും ശാരീരികമായും പരീക്ഷിക്കപ്പെടുകയും ചെയ്യുമെന്നും മറ്റൊരു സൂക്തം വ്യക്തമാക്കുന്നു:

“നിങ്ങൾക്കുമുമ്പെ വേദം ലഭിച്ചവരിൽ നിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നും നിങ്ങൾ ധാരാളം ചീത്തവാക്കുകൾ കേൾക്കേണ്ടിവരും..’

ആലു ഇമ്രാന്: 186

ഇത്തരം ഘട്ടങ്ങളില്, പൂർവ്വ വിശ്വസികള് പ്രകടിപ്പിച്ച അതേ വിശ്വാസവും ആത്മാർത്ഥതയും ദൃഡനിശ്ചയവും പ്രകടിപ്പിക്കാന് വിശ്വാസികള് നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. തദ്വാരാ, ഖുര് ആന് പറയുന്ന പരീക്ഷണങ്ങൾക്ക് വിധേയരാകുമ്പോള് അമ്പരക്കുകയോ, നിരാശപ്പെടുകയോ ചെയ്യുകയില്ല, പ്രത്യുത, അപവാദക്കാരെ അമ്പരപ്പിച്ചു കൊണ്ട്, കൂടുതല് ആവേശവും സന്തോഷവും പ്രകടിപ്പിക്കുകയായിരിക്കും അവര് ചെയ്യുക.

അത് പോലെ, വിശ്വാസികള് അപവദിക്കപ്പെടുമ്പോള്, സഹ വിശ്വാസികള് ക്ഷമയോടും സന്തോഷത്തോടും അത് സ്വീകരിക്കുകയും അല്ലാഹുവില് ഭരമേല്പിക്കുകയും ചെയ്യുന്നു. തങ്ങളുടെ സഹോദരന് അല്ലെങ്കില് സഹോദരി, ക്ഷമ പ്രകടിപ്പിക്കുന്നുവെങ്കില് അവർക്ക് ഇഹലോകത്ത് ദൈവാനുഗ്രഹവും അവന്റെ ഔദാര്യവും പരലോകത്ത് ദൈവ പ്രീതിയും സ്വർഗ്ഗവും ലഭിക്കുമെന്നും അവര് വിശ്വസിക്കുന്നു.

അപവാദത്തിന്റെ മറ്റൊരു വശം വെളിപ്പെടുത്തുന്നത് പ്രയോജനകരമായിരിക്കും. ‘ നീ വേണ്ടുവോളം ചെളിയെറിഞ്ഞാല്, അതില് നിന്നല്പം ഒട്ടിപ്പിടിക്കു‘മെന്ന സിദ്ധാന്തം വിശ്വാസികളുടെ കാര്യത്തില് പ്രായോഗികമല്ലെന്നതാണത്. പ്രത്യക്ഷത്തില് അതിയായ വിഷമം അനുഭവപ്പെടുമെങ്കിലും, അവര് പരിശുദ്ധരും സദ്സ്വഭാവികളുമാണെന്ന് അവസാനം അറിയപ്പെടും. യൂസുഫും(അ), മര് യമും(അ) ചാരിത്ര്യത്തിന്റെ പ്രതീകങ്ങളായിരുന്നിട്ട് പോലും ഇരുവരിലും അവിഹിത വേഴ്ച ആരോപിക്കപ്പെട്ടുവല്ലൊ. യൂസുഫി(അ)ന്റെ സഹോദരങ്ങള് അദ്ദേഹത്തില് മോഷണക്കുറ്റം പോലും ആരോപിച്ചു. പക്ഷെ പിന്നീട് അദ്ദേഹം സത്യസന്ധനെന്നറിയപ്പെടുക മാത്രമല്ല, ഈജിപ്തിന്റെ ഭണ്ഡാരത്തിന്റെ മേധാവിയായി നിശ്ചയിക്കപ്പെടുകയുമുണ്ടായി.

സുപ്രധാനമായൊരു സത്യമാണ് ഇതെല്ലാം വിളിച്ചോതുന്നത്: വിശ്വാസികൾക്കെതിരെ ആസൂത്രണം ചെയ്യപ്പെടുന്ന ഓരോ ആരോപണ പദ്ധതിയും ചാപിള്ളയായിത്തീരുമെന്നതും ആരോപണത്തിന്റെ ഓരോ അംശവും വിഫലമായി തീരുമെന്നതും അല്ലാഹുവിന്റെ ഒരു ഇച്ഛയാണ്. ഉപദ്രവകരമായ ഓരോ വാക്കും, അത് ഉച്ചരിക്കുന്നയാൾക്ക് ശിക്ഷയായി മറിയുന്നതാണ്. മറ്റു വാക്കുകളില്, വിശ്വാസികൾക്കെതിരെ നടത്തപ്പെടുന്ന ഓരോ വാക്കുകളും പ്രവൃത്തികളും ക്രൂരതകളും , ഇഹത്തിലും പരത്തിലും , അതിന്റെ ഉടമക്ക് അഗാധ ദു:ഖവും വിഷമവുമായി തീരും.

തന്റെ ദൂതന്മാരെയും ഭക്തന്മാരെയും അപവദിച്ചവരെ കാത്തിരിക്കുന്ന വിധിയെ കുറിച്ച് അല്ലാഹു പറയുകയാണ്:

'അല്ലാഹുവെയും അവന്റെ ദൂതനെയും ദ്രോഹിക്കുന്നവരെ ഇഹത്തിലും പരത്തിലും അല്ലാഹു ശപിച്ചിരിക്കുന്നു. നന്നെ നിന്ദ്യമായ ശിക്ഷ അവർക്കായി തയ്യാറാക്കിവെച്ചിട്ടുണ്ട്.

സത്യവിശ്വാസികളെയും വിശ്വാസിനികളെയും, അവർ തെറ്റൊന്നും ചെയ്യാതിരിക്കെ ദ്രോഹിക്കുന്നവർ കള്ളവാർത്ത ചമച്ചവരത്രെ. പ്രകടമായ കുറ്റം ചെയ്തവരും

'അല് അഹ്സാബ്: 57 - 58

അവിശ്വാസികളുടെ ശത്രുത

ആളുകൾക്ക് ദൈവിക സന്ദേശമെത്തിക്കുക, സദ്കർമ്മങ്ങളനുഷ്ഠിക്കാന് കല്പിക്കുക, ദുഷ്കർമ്മങ്ങള് നിരോധിക്കുക എന്നീ കാര്യങ്ങള് ചരിത്രത്തിലുടനീളം പ്രവാചകന്മാരുടെ ബാധ്യതയായിരുന്നു. അവരുടെ അഭാവത്തില്, ആത്മാർത്ഥതയുള്ള ദൃഡവിശ്വാസികള്, ദൈവ പ്രീതിയും കാരുണ്യവും സ്വർഗ്ഗവും കാംക്ഷിച്ചുകൊണ്ട്, ഈ കർത്തവ്യം നിർവ്വഹിച്ചു പോന്നു. എന്നാല്, ചരിത്രത്തിലുടനീളം, ഇത്തരമാളുകള് വാചികവും ശാരീരികവുമായ ദ്രോഹങ്ങൾക്ക് വിധേയരാക്കപ്പെട്ടിരുന്നു. പലപ്പോഴും വധ ഭീഷണി വരെ ഉണ്ടായിട്ടുണ്ട്. ഭൌതികമായ താല്പര്യങ്ങളൊന്നുമില്ലാത്ത അവര് സ്വാർത്ഥതയോടെ ഒരിക്കലും ആരെയും സമീപിച്ചിരുന്നില്ല. അവര് നിസ്വാർത്ഥരും വിനയാന്വിതരുമായിരുന്നു. എന്നിട്ടും ചിലയാളുകളില് നിന്നവര് ശത്രുതയും അക്രമങ്ങളും നേരിടേണ്ടി വന്നിട്ടുണ്ട്. മുകാല ഉദാഹരണങ്ങള് നൽകിക്കൊണ്ട്, തങ്ങളീ ചെയ്യുന്നതെന്തിനു വേണ്ടിയാണെന്ന് വിശദീകരിച്ചു ഇവരുടെ തനിനിറം ഖുര് ആന് വ്യ്ക്തമാക്കുന്നുണ്ട്.

അല്ലാഹുവോടും അവന്റെ മതത്തോടുമുള്ള ശത്രുതയാണീ വിരോധത്തിന്റെ അടിസ്ഥാനകാരണമെന്ന് ഖുര് ആന് വെളിപ്പെടുത്തുന്നു. തങ്ങളെ സൃഷ്ടിക്കുകയും ഇല്ലായ്മയില് നിന്നുയിര് നൽകുകയും പിന്നെ അനന്തമായ ആഹാര മാർഗ്ഗങ്ങള് നൽകുകയും ചെയ്ത, സർവ്വ ശക്തനായ സ്രഷ്ടാവിന്റെ അസ്തിത്വം അംഗീകരിക്കാന് അവരുടെ അഹന്ത അവരെ അനുവദിക്കുന്നില്ല. ജീവിതത്തോടുള്ള ആവേശവും പരലോകത്തെക്കാള് ഭൌതികലോകത്തോടുള്ള ഭ്രമവും, ദൈവ വിശ്വാസം തങ്ങളിലേല്പിക്കുന്ന ഉത്തരവാദിത്തത്തില് നിന്നു രക്ഷപ്പെടാനവര് ആഗ്രഹിക്കുന്നുവെന്നതാണീ നിഷേധത്തെ തിരഞ്ഞെടുക്കനവർക്ക് പ്രചോദനമായത്. തങ്ങളാരോടെങ്കിലും ഉത്തരം പറയേണ്ടവരാണെന്ന ചിന്തയെ അവര് ഇഷ്ടപ്പെടുന്നില്ല; തങ്ങളുടെ ദുഷ്കൃത്യങ്ങളുടെയും ധർമ്മച്യുതിയുടെയും പേരില് ഒരുനാള് നീതിപീഠത്തിനു മുമ്പില് കൊണ്ടുവരപ്പെടുമെന്ന കാര്യം അവര് അവഗണിക്കുന്നു, അതിനാല് തന്നെ, ദൈവം, മതം, വിധിനാള് എന്നിവയെ കുറിച്ച് തങ്ങളെ അനുസ്മരിപ്പിക്കുന്നവരെ അവര് ശത്രുക്കളായി കാണുന്നു.

ഈ ശത്രുത ഫലമായി, വിശ്വാസികളെ തടസ്സപ്പെടുത്താനോ അവരെ പൂർവ്വ മതത്തിലേക്കു തിരിച്ചു കൊണ്ടുവരാനോ അവര് ശ്രമിക്കുന്നു. ഖുര് ആനിക മാർഗ്ഗ

ദർശനങ്ങളില് നിന്ന വളരെ അകന്ന കഴിയുന്നവര് തങ്ങളുടെ താല്പര്യങ്ങള് നേടിയെടുക്കാന് വിവിധ രീതികളുപയോഗിക്കുമെന്ന് ഖുര് ആനില് നിന്ന തന്നെ നമുക്ക് മനസ്സിലാക്കാം. വിശ്വാസികൾക്കതിരെ ശ്രദ്ധാലോചന നടത്തുക, ശ്രദ്ധ പദ്ധതികളാസൂത്രണം ചെയ്യുക, അവരെ പീഡിപ്പിക്കുക, പരിഹാസം, അപവാദം എന്നിവയിലൂടെ ഉപദ്രവിക്കാന് ശ്രമിക്കുക എന്നിവ ഉദാഹരണങ്ങള്. വിശ്വാസികളെ അപവദിക്കുക വഴി അവരെ വഴി തെറ്റിക്കുകയും ദുർബ്ബലമാക്കുകയുമാണവരുടെ ഉന്നം. പക്ഷെ, ഇത്തരം ശ്രമങ്ങളൊന്നും ഒരിക്കലും വിജയം കണ്ടിട്ടില്ലെന്ന് ഖുര് ആന് വെളിപ്പെടുത്തുന്നു:

“നിങ്ങൾ അവരുടെ പിടിയിൽ പെട്ടാൽ നിങ്ങളോട് കൊടിയ ശത്രുത കാണിക്കുന്നവരാണ് അവർ. കയ്യും നാവുമുപയോഗിച്ച് അവർ നിങ്ങളെ ദ്രോഹിക്കും. നിങ്ങൾ സത്യനിഷേധികളായിത്തീർന്നെങ്കിൽ എന്ന് അവരാഗ്രഹിക്കുന്നു”.

അല് മുംതഹന: 2

ഖുര് ആനിക ഭാഷയില്, ‘കയ്യും നാവുമുപയോഗിച്ച് അവർ നിങ്ങളെ ദ്രോഹിക്കും. നിങ്ങൾ സത്യനിഷേധികളായിത്തീർന്നെങ്കിൽ എന്ന് അവരാഗ്രഹിക്കുന്നു” വെന്ന് പറഞ്ഞ വയാണ് ഈ പുസ്തകത്തില് നാം പരിശോധിക്കുന്ന അപവാദങ്ങള്. ആയിരക്കണക്കില് വർഷങ്ങളിലൂടെ, ഒരു പൈതൃകമെന്നപോലെ, തലമുറ തലമുറയായി കൈമാറ്റം ചെയ്യ കൊണ്ടിരിക്കുന്ന അപവാദമാണ്, ലോകത്ത് അധാർമ്മികതയും അവ്യവസ്ഥിതിയും പ്രചരിപ്പിക്കാനാഗ്രഹിക്കുന്നവര് ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്ന രീതിയെന്ന്, തുടർന്നവരുന്ന താളുകളില് നമുക്ക് കാണാവുന്നതാണ്. നൂഹ്, സുലൈമാന്, മുഹമ്മദ്, ഇടക്കുള്ള മറ്റു ദൈവ ദൂതന്മാര് തുടങ്ങിയ, മത ഭക്തരും ആത്മാർത്ഥതയുള്ളവരുമായ എല്ലാ ആളുകൾക്കതിരെയും ഇത് പ്രയോഗിക്കപ്പെട്ടിട്ടുണ്ട്. ഇവരുടെ ഭക്തരായ അനുയായികളുടെ കാര്യം പറയേണ്ടതുമില്ല. ആധുനികാലിക ചരിത്രത്തില്, മഹാ പണ്ഡിതനായ ബദീഉസ്സമാന് സഈദ് നൂർസിയും ഈ തരത്തിലുള്ള ഉപദ്രവത്തിന്ന് വിധേയമാക്കപ്പെട്ടു.

എന്നാല്, അപവാദം പ്രയോഗിച്ച , ഫറവോന്, നമ്രൂദ് അടക്കമുള്ള ആർക്കും തന്നെ തങ്ങളുടെ ലക്ഷ്യം നേടാന് കഴിഞ്ഞിട്ടില്ല. പ്രവാചകന്റെ പ്രിയപ്പെട്ടവരെ അപവദിച്ചു ഉപദ്രവിക്കാന് ശ്രമിച്ചവരുടെ കാര്യവും ഇത് തന്നെ. തന്റെ യഥാർത്ഥ ഭക്തരെ കുറിച്ച് നടത്തപ്പെട്ട ആരോപണങ്ങളില് നിന്നെല്ലാം അല്ലാഹു അവരെ മുക്തരാക്കുകയായിരുന്നു. മൂസായുടെ കാര്യം ഉദാഹരണം.

“വിശ്വസിച്ചവരേ, നിങ്ങൾ മൂസാക്കു മനോവിഷമമുണ്ടാക്കിയവരെപ്പോലെയാകരുത്. പിന്നെ അല്ലാഹു അദ്ദേഹത്തെ അവരുടെ ദുരാരോപണങ്ങളിൽനിന്ന് മോചിപ്പിച്ചു. അദ്ദേഹം അല്ലാഹുവിന്റെയടുത്ത് അന്തസ്സുള്ളവനാണ്.
വിശ്വസിച്ചവരേ, നിങ്ങൾ ദൈവഭക്തരാവുക. നല്ലതുമാത്രം പറയുക.“

അല് അഹ്സാബ്. 69 – 70

മുസ്ലിംകൾക്കതിരെ അപവദിച്ചവര് മുമ്പ് വിജയിക്കാത്തത് പോലെ, ഇന്നും പിന്നീടും വിജയിക്കാന് പോകുന്നുമില്ല.

ആദികാല അപവാദകർ

അന്ത്യദിനത്തെയും, സ്വർഗ്ഗ – നരകങ്ങളുടെ അസ്തിത്വത്തെയും കുറിച്ച് സ്വജനതക്ക് മുന്നറിയിപ്പ് നൽകാനായി ഓരോ കാലഘട്ടത്തിലും അല്ലഹ പ്രവാചകന്മാരെ നിയോഗിച്ചിട്ടുണ്ട്. ഈ വസ്തുത അല്ലാഹ വ്യക്തമാക്കുന്നു:

" നാം നിന്നെ അയച്ചത് സത്യസന്ദേശവുമായാണ്. ശുഭവാർത്ത അറിയിക്കുന്നവനും മുന്നറിയിപ്പുകാരനുമായാണ്. മുന്നറിയിപ്പുകാരൻ വന്നുപോകാത്ത ഒരു സമുദായവും ഇല്ല." അല് ഫാതിര്: 24

എന്നാല്, അവരില് വിശ്വസിക്കുകയും അവരുടെ പാത പിന്തുടരുകയും ചെയ്തവര് കേവലം ന്യൂനപക്ഷമായിരുന്നുവെന്നും , ഭൂരിപക്ഷം അവരുടെ സന്ദേശം തള്ളിക്കളയുകയും അവരുടെ ശത്രുക്കളായി മാറുകയുമാണുണ്ടായതെന്നും ഖുര് ആനില് നമുക്ക് വായിക്കാം:

'-അങ്ങനെ നമ്മുടെ വിധി വന്നു. അടുപ്പിൽ ഉറവ പൊട്ടി. അപ്പോൾ നാം പറഞ്ഞു: "എല്ലാ ജന്തുവർഗത്തിൽനിന്നും ഈരണ്ടു ഇണകളെ അതിൽ കയറ്റുക. നിന്റെ കുടുംബത്തെയും. നേരത്തെ തീരുമാന പ്രഖ്യാപനം ഉണ്ടായവരെയൊഴികെ. വിശ്വസിച്ചവരെയും കയറ്റുക." വളരെ കുറച്ചു പേരല്ലാതെ അദ്ദേഹത്തോടൊപ്പം വിശ്വസിച്ചവരായി ഉണ്ടായിരുന്നില്ല.

ഹുദ് ; 40

"അതല്ല; തങ്ങളുടെ ദൂതനെ പരിചയമില്ലാത്തതിനാലാണോ അവരദ്ദേഹത്തെ തള്ളിപ്പറയുന്നത്? അതുമല്ലെങ്കിൽ അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്നാണോ അവർ പറയുന്നത്? എന്നാൽ അറിയുക. സത്യസന്ദേശവുമായാണ് അദ്ദേഹം അവരുടെയടുത്ത് വന്നെത്തിയത്. എന്നാൽ അവരിലേറെപ്പേരും സത്യത്തെ വെറുക്കുന്നവരാണ്. " അല് മുഅമിനൂന് : 69 – 70

സാധാരണയില്, ദൈവദൂതന്മാർക്കതിരെ എതിർപ്പുകള് ഉദ്ദീപിപ്പിച്ചിരുന്നവര് സമ്പന്നവർഗ്ഗമായിരുന്നുവെന്നും ഖുര് ആന് വെളിപ്പെടുത്തുന്നുണ്ട് :

"ഇവ്വിധം നാം നിനക്കുമുമ്പ് പല നാടുകളിലേക്കും മുന്നറിയിപ്പുകാരെ അയച്ചു; അപ്പോഴെല്ലാം അവരിലെ സുഖലോലുപർ പറഞ്ഞിരുന്നത് ഇതാണ്: "ഞങ്ങളുടെ പൂർവ പിതാക്കൾ ഒരു മാർഗമവലംബിക്കുന്നവരായി ഞങ്ങൾ കണ്ടിട്ടുണ്ട്. തീർച്ചയായും ഞങ്ങൾ അവരുടെ പാരമ്പര്യം മുറുകെപ്പിടിക്കുകയാണ്."

സുഖ്റുഫ് : 23

“ഏതൊരു നാട്ടിലേക്ക് നാം മുന്നറിയിപ്പുകാരെ അയച്ചുവോ, അപ്പോഴൊക്കെ അവിടങ്ങളിലെ ധൂർത്തന്മാർ പറഞ്ഞു: "നിങ്ങൾ കൊണ്ടുവന്ന സന്ദേശത്തെ ഞങ്ങളിതാ തള്ളിക്കളയുന്നു."

സബഅ :34

അവിശ്വാസികളുടെ സുപ്രധാനമായ രണ്ട് സവിശേഷതകളിലേക്കാണ് ഈ സൂക്തങ്ങള് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നത് : ഇവര് പ്രമാണി വർഗ്ഗമായിരുന്നുവെന്നതാണ് ഒന്നാമത്തേത്. തങ്ങളുടെ അപരാധങ്ങള് പ്രവാചക നിഷേധത്തിലേക്ക് നയിച്ചുവെന്നത് രണ്ടാമത്തേതും. സത്യത്തിലേക്ക് അഥവാ ദൈവിക മതത്തിലേക്ക് ആളുകള് നയിക്കപ്പെടുകയും അങ്ങനെ സദ്മാർഗ്ഗം വ്യാപകമായിത്തീരുകയും ചെയ്യുന്നതോടെ, അമിതമായ ആഗ്രഹത്തോടെ തങ്ങള് കാത്തിരിക്കുന്ന വരുമാനം തങ്ങൾക്ക് നഷ്ടമാകുമെന്ന് മനസ്സിലാക്കിയതിനാലായിരുന്നു അവരീ എതിർപ്പിന്ന് മുന്നോട്ടു വന്നത്.

എന്നാല്, ഇഹലോകം താൽകാലികവും വഞ്ചകവുമായ വാസസ്ഥലമാണെന്നും മരണാനന്തര ജീവിതമാണ് പ്രാധാന്യമർഹിക്കുന്നതെന്നും, പണത്തെയോ, സമ്പത്തിനെയോ, മറ്റു ഭൌതിക വസ്തുക്കളെയോ അശ്രയിച്ചല്ല അവിടത്തെ നേട്ടം ലഭിക്കുക, പ്രത്യുത, മനുഷ്യന്റെ സദാചാരവും ദൈവഭക്തിയും അടിസ്ഥാനപ്പെടുത്തിയാണെന്നും, സ്വജനത്തോടും മറ്റു ജനതയോടും അവര് പറഞ്ഞു കൊണ്ടേയിരുന്നു. ഈ സത്യ പ്രഖ്യാപനം അവരെ കോപാകുലരാക്കുകയും അവര് വിശ്വാസികൾക്കതിരെയിറങ്ങാന് നിമിത്തമാവുകയുമായിരുന്നു. യഥാർത്ഥത്തില് അവര് വിലമതിക്കുകയും ആഗ്രഹിക്കുകയും ചെയ്ത കാര്യങ്ങള് കേവലം മിഥ്യകള് മാത്രമാണെന്ന് പ്രവാചകന്മാരവരോട് പറഞ്ഞിരുന്നുവെന്നതായിരുന്ന കാരണം. ഈ ജനതയുടെ ഭൌതിക ഭ്രമത്തെ കുറിച്ച് ഖുര് ആന് പറയുന്നതിങ്ങനെയാണ്:

“എന്നാൽ ഇക്കൂട്ടർ, ക്ഷണികമായ ഐഹിക നേട്ടമാണ് ഇഷ്ടപ്പെടുന്നത്. വരാനിരിക്കുന്ന ഭാരമേറിയ നാളിന്റെ കാര്യമവർ പിറകോട്ട് തട്ടിമാറ്റുന്നു.“

അല് ഇൻസാന് : 27

സമ്പന്നവർഗ്ഗം സാധാരണ അവിശ്വാസികളായി മാറുന്നതിനെക്കുറിച്ച ഒരു സങ്കല്പം ഈ ഭ്രമം നമുക്ക് നൽകുന്നുണ്ട്. തങ്ങൾക്ക് സ്വതന്ത്രമായ അധികാരവും, സ്ഥാനവും, സ്വത്തും അല്ലെങ്കില് പ്രശസ്തിയും ഉണ്ടെന്നവര് വിശ്വസിക്കുകയും അല്ലാഹു നിർണ്ണയിച്ചു കൊടുത്ത പരിധികളില് വിശ്വസിക്കാതിരിക്കുകയും ചെയ്യുന്നതിനാല്, തങ്ങളിച്ഛിക്കുന്നതെന്തും ചെയ്യാമെന്നും അനന്തരഫലങ്ങളൊന്നും ഭയപ്പെടാനില്ലെന്നും അവര് വിചാരിക്കുകയാണ്. മറുവശത്ത്, ഖുര് ആനിക സദാചാരമാകട്ടെ, അവരുടെ ജീവിത രീതി, വിശ്വാസങ്ങള്, സത്യാസത്യങ്ങളുടെ വിലയിരുത്തലുകള്, സ്വാർത്ഥ താല്പര്യങ്ങള് എന്നിവയിലെ സഹജമായ ന്യൂനതകള് വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. അതിനാല് തന്നെ, ഈ സദാചാരം അനുഷ്ഠിക്കുന്നത് തടയാന് തങ്ങളാലാകുന്നതൊക്കെ ചെയ്യാന് അവര് മുതിരുകയാണ്.

അവിശ്വാസികളുടെ തെറ്റായ വിശ്വാസ രീതിയും തെറ്റു ചൂണ്ടി കാണിച്ചവരോടുള്ള അവരുടെ ശക്തമായ കോപവും ഖുര് ആന് വിവരിക്കുന്നതിങ്ങനെ:

“വിശ്വസിച്ചവരേ, നിങ്ങളിൽ പെട്ടവരെയല്ലാതെ നിങ്ങൾ ഉള്ളുകള്ളികളറിയുന്നവരാക്കരുത്. നിങ്ങൾക്ക് വിപത്തുവരുത്തുന്നതിൽ അവരൊരു വീഴ്ചയും വരുത്തുകയില്ല. നിങ്ങൾ പ്രയാസപ്പെടുന്നതാണ് അവർക്കിഷ്ടം. നിങ്ങളോടുള്ള വെറുപ്പ് അവരുടെ വാക്കുകളിലൂടെതന്നെ വെളിവായിട്ടുണ്ട്. അവരുടെ നെഞ്ചകം ഒളിപ്പിച്ചുവെക്കുന്നത് കൂടുതൽ ഭീകരമത്രെ. നിങ്ങൾക്കിതാ നാം തെളിവുകൾ നിരത്തിത്തന്നിരിക്കുന്നു; നിങ്ങൾ ആലോചിച്ചറിയുന്നവരെങ്കിൽ.

നോക്കൂ, നിങ്ങളുടെ സ്ഥിതി: നിങ്ങളവരെ സ്നേഹിക്കുന്നു. അവരോ നിങ്ങളെ സ്നേഹിക്കുന്നുമില്ല. നിങ്ങൾ എല്ലാ വേദങ്ങളിലും വിശ്വസിക്കുന്നു. നിങ്ങളെ കണ്ടുമുട്ടുമ്പോൾ അവർ പറയും: "ഞങ്ങളും വിശ്വസിച്ചിരിക്കുന്നു." നിങ്ങളിൽനിന്ന് പിരിഞ്ഞുപോയാലോ നിങ്ങളോടുള്ള വെറുപ്പുകാരണം അവർ വിരൽ കടിക്കുന്നു. പറയുക: നിങ്ങൾ നിങ്ങളുടെ വെറുപ്പുമായി മരിച്ചുകൊള്ളുക. മനസ്സുകളിലുള്ളതൊക്കെയും അല്ലാഹു നന്നായറിയുന്നുണ്ട്.“

ആലു ഇമ്രാന് : 118, 119

ഉപരി സൂചിത വാക്യങ്ങള് വെളിപ്പെടുത്തുന്നത് പോലെ, വിശ്വാസികളെ ഉപദ്രവിക്കാനും നശിപ്പിക്കാനും കഴിവ് കെട്ടവരാക്കാനും തങ്ങളാല് കഴിയുന്ന ഏത് മാർഗ്ഗവും അവര് സ്വീകരിക്കുന്നു. നാം മുമ്പ് പറഞ്ഞത് പോലെ, തങ്ങളുടെ ലക്ഷ്യസാഫല്യത്തിന്നായി അവര് ഇടക്കിടെ ഏറ്റവും ഉപയോഗിച്ചുകൊണ്ടിരുന്ന മാർഗ്ഗങ്ങളായിരുന്നു അവർക്കെതിരായ അപവാദങ്ങളും ആരോപണങ്ങളും.

ഓരോരുത്തരും തങ്ങളെപ്പോലെ സത്യപാതയില് നിന്നകന്നു നിൽക്കണമെന്നാണ് അവിശ്വാസികളാഗ്രഹിക്കുന്നത്. അതിനാലും, വിശ്വാസികളുടെ സന്ദേശത്താല് ആളുകള് സ്വാധീനിക്കപ്പെടുന്നത് തടയാനും വിശ്വാസികളെ തരം താഴ്ത്തിക്കെട്ടാനവര് ശ്രമിക്കുന്നു. പക്ഷെ, വിശ്വാസികളാകട്ടെ, ദൈവിക വിശ്വാസത്തില് അചഞ്ചല ചിത്തരായി നിലകൊള്ളുകയും തങ്ങൾക്ക് മാനഹാനി വരുത്തുന്ന സകല പ്രവർത്തനങ്ങളും വിശ്വാസങ്ങളും വർജ്ജിക്കുകയും, അല്ലാഹു നിശ്ചയിച്ച പരിധിക്കുള്ളില് കഴിയുകയും സദാ മാന്യമായ പെരുമാറ്റം കാത്തു സൂക്ഷിക്കുകയും ചെയ്യുന്നു. ഇതെക്കുറിച്ചെല്ലാം ബോധ്യമുള്ളതിനാല്, അപവാദങ്ങളിലൂടെയും നുണകളിലൂടെയും വഞ്ചനകളിലൂടെയും മാത്രമെ തങ്ങളുടെ ലക്ഷ്യം നേടാന് കഴിയുകയുള്ളുവെന്നവര് മനസ്സിലാക്കുന്നു. അങ്ങനെ അവര് സമ്മേളിക്കുന്നു; വിശ്വാസികൾക്കതിരെ ശ്രദ്ധാലോചന നടത്തുന്നു. അവർക്കതിരെ ഏത് തരത്തിലുള്ള അപവാദം നടത്തണമെന്നു തീരുമാനിക്കുന്നു; ജന ദൃഷ്ടിയില് വിശ്വാസികളെ അപമാനിതരാക്കാന് കഴിയുമെന്ന പൂർണ്ണ വിശ്വാസത്തോടെ നുണ പ്രചാരണം നടത്തുന്നതിന്നായി ഓരോ അംഗങ്ങളെയും പ്രത്യേക ചുമതലകളേൽപ്പിക്കുകയും ചെയ്യുന്നു. പക്ഷെ എല്ലാം നിഷ്ഫലം. ഖുര് ആന് പറയുന്നു:

“അപ്രകാരം തന്നെ എല്ലാ നാട്ടിലും കുതന്ത്രങ്ങൾ കുത്തിപ്പൊക്കാൻ അവിടങ്ങളിലെ തെമ്മാടികളുടെ തലവന്മാരെ നാം ചുമതലപ്പെടുത്തിയിട്ടുണ്ട്. യഥാർഥത്തിൽ അവർ

കുതന്ത്രം പ്രയോഗിക്കുന്നത് തങ്ങൾക്കതിരെ തന്നെയാണ്. എന്നാൽ അതേക്കുറിച്ച് അവരൊട്ടും ബോധവാന്മാരല്ല.“

അല് അന് ആം : 123

ദൈവദൂതന്മാരും വിശ്വാസികളും സഹിക്കേണ്ടി വന്ന ചില അപവാദങ്ങളെ കുറിച്ച് ഖുര് ആന് പറയുന്നുണ്ട്. അവിശ്വാസികൾക്ക് ഒരിക്കലും തങ്ങളുടെ ലക്ഷ്യം നേടാന് കഴിഞ്ഞിട്ടില്ലെന്നും ഇനിയൊരിക്കലും കഴിയുകയില്ലെന്നും മനസ്സിലാക്കാന് യഥാർത്ഥത്തിലാഗ്രഹിക്കുന്നുവെങ്കില്, ഈ സംഭവങ്ങളും അവയുടെ അനന്തര ഫലങ്ങളും ഓർമ്മിക്കുക പ്രധാനമാണ്. മറ്റു മുസ്ലിംകൾക്കും ഇത്തരമനുഭവങ്ങളുണ്ടായിട്ടുണ്ടെന്ന് മനസ്സിലാക്കി, അപവാദത്തിന്ന് വിധേയരായി തീർന്ന ആത്മാർത്ഥ വിശ്വാസികൾക്ക് പ്രോത്സാഹനം ലഭിക്കാനും അത് സഹായകമാകും.

പൂർവ്വിക വിശ്വാസികൾക്കതിരായ അപവാദങ്ങള്

പൂർവ്വ പ്രവാചകന്മാരുടെയും വിശ്വാസികളുടെയും ജീവിതങ്ങളെ കുറിച്ച് ഖുര് ആന് വിശദമായി പറയുന്നുവെന്നതില് വലിയ പാഠമുണ്ട്. അല്ലാഹു ഈ വസ്തുത വെളിപ്പെടുത്തുന്നതിങ്ങനെ;
“ അവരുടെ ഈ കഥകളിൽ ചിന്തിക്കുന്നവർക്ക്ു തീർച്ചയായും ഗുണപാഠമുണ്ട്. ഇവയൊന്നും കെട്ടിച്ചമച്ചുണ്ടാക്കുന്ന വർത്തമാനമല്ല. മറിച്ച്, അതിന്റെ മുമ്പുള്ള വേദങ്ങളെ സത്യപ്പെടുത്തുന്നതാണ്. എല്ലാ കാര്യങ്ങൾക്കുമുള്ള വിശദീകരണവുമാണ്. ഒപ്പം വിശ്വസിക്കുന്ന ജനത്തിന് വഴികാട്ടിയും മഹത്തായ അനുഗ്രഹവും.“

യൂസുഫ് : 111

വരും തലമുറക്ക് ചിന്തിക്കാനും പാഠമുൾക്കാള്ളാനുമാണ് മുൻകാല അനുഭവങ്ങള് വെളിപ്പെടുത്തപ്പെട്ടിരിക്കുന്നത്.

ഉദാഹരണമായി, പൂർവ്വ പ്രവാചകന്മാരും വിശ്വാസികളും അപവാദങ്ങളെ എങ്ങനെ കൈകാര്യം ചെയ്തുവെന്നതിന്ന് നിരവധി ഉദാഹരണങ്ങള് ഖുര് ആന് നൽകുന്നുണ്ട്. ഇവ വായിക്കുന്ന മുസ്ലിംകള് ഇത്തരം അപവാദങ്ങളെ അഭിമുഖീകരിക്കുമ്പോള് അമ്പരക്കുകയൊ, സഹ മുസ്ലിംകളെക്കുറിച്ച സംശയിക്കുകയോ ചെയ്തു കൂടെന്നും , പ്രത്യുത, ചുരുളഴിക്കപ്പെട്ട സംഭവങ്ങളെയും ശാരീരികവും വാചികവുമായ അക്രമങ്ങളെയും ഖുര് ആനിക തത്വമനുസരിച്ച വിലയിരുത്തുകയാണ് വേണ്ടതെന്നും, പൂർവ്വ പ്രവാചകന്മാരും വിശ്വാസികളും ക്ഷമയോടും സംയമനത്തോടെയും അവയോട് പ്രതികരിച്ചത് പോലെ, തങ്ങളും, അതേയളവില്, സഹിഷ്ണുതയും ദൈവവിശ്വാസവും പ്രകടിപ്പിക്കണമെന്നും മനസ്സിലാക്കേണ്ടതാണ്.

മാത്രമല്ല, ഇത്തരമനുഭങ്ങള് ഏത് കാലത്തും അവിശ്വാസികളില് നിന്ന് വിശ്വാസികളനുഭവിച്ചു കൊണ്ടിരിക്കുന്നുവെന്നത് ഉണർവും ആവേശവും നൽകുന്നതാണ്. കാരണം, 'അല്ലാഹുവിന്റെ നടപടിക്രമത്തിലൊരു മാറ്റവും നിനക്കു കണ്ടെത്താനാവില്ല.' { അല് അഹ്സാബ് 62} എന്ന് അല്ലാഹു വാഗ്ദാനം നൽകിയിട്ടുണ്ട്. ഒരു പ്രത്യേക വിശ്വാസിയുടെ കാലത്ത് സംഭവിച്ച സംഭവങ്ങള് അല്ലാഹുവിന്റെ വാക്കിന്റെ സ്ഥിരീകരണവും അതനുഭവിച്ച വിശ്വാസികളുടെ ആത്മാർത്ഥതയുടെ ചിഹ്നങ്ങളുമാണ്. എന്നാല്, ദൈവദൂതന്മാരും മറ്റു ഭക്തരായ വിശ്വാസികളും പ്രകടിപ്പിച്ച അതേ മികച്ച സ്വഭാവമാണ് മുസ്ലിംകളും പ്രകടിപ്പിക്കുന്നതെന്നതാണ് ഇവിടെ പ്രധാനം.

ഇക്കാരണങ്ങളാല് തന്നെ, ആദി കാല വിശ്വാസികളനുഭവിച്ച അപവാദങ്ങളും ആ വൈയക്തികാക്രമങ്ങളെ അവര് കൈകാര്യം ചെയ്ത യുക്തിപരമായ രീതി, ക്ഷമ, വിശ്വാസം, സഹിഷ്ണത എന്നിവയും അടുത്ത പേജുകളില് വിവരിക്കും.

മൂസ(അ) നേരിട്ട അപവാദങ്ങള്

ഇസ്രായേലികളിലേക്ക് നിയുക്തനായ പ്രവാചകനായിരുന്ന മൂസ (അ). മറ്റെല്ലാ പ്രവാചകന്മാരെയും അത്മാർത്ഥ വിശ്വാസികളെയും പോലെ അദ്ദേഹവും അവിശ്വാസികളില് നിന്ന് ശാരീരികവും വാചികവുമായ നിരവധി അക്രമങ്ങള് അനുഭവിക്കുകയുണ്ടായി.

അദ്ദേഹത്തിന്റെ ജന്മ വേളയില്, ജനസംഖ്യയില് ഭൂരിഭാഗത്തെയും ഫറവോന് പീഡിപ്പിക്കുകയായിരുന്നു. യഥാർത്ഥത്തില്, ഒരു മുഴുവന് തലമുറയെ നാശത്തിലേക്ക് എത്തിക്കുന്നതായിരുന്ന അയാളുടെ ക്രൂരത. താഴെ രീതിയിലാണ് ഈ മർദ്ദന ഭരണത്തെ ഖുര് ആന് വിവരിക്കുന്നത്:

"ഫറവോൻ നാട്ടിൽ അഹങ്കരിച്ചുനടന്നു. അന്നാട്ടുകാരെ വിവിധ വിഭാഗങ്ങളാക്കി. അവരിലൊരു വിഭാഗത്തെ പറ്റെ ദുർബലമാക്കി. അവരിലെ ആൺകുട്ടികളെ അറുകൊല ചെയ്തു. പെൺമക്കളെ ജീവിക്കാൻ വിട്ടു. അവൻ നാശകാരികളിൽ പെട്ടവനായിരുന്നു; തീർച്ച".

[അല് ഖസസ്: 4]

ഫറവോന്റെ പട്ടാളക്കാര് തന്റെ കുഞ്ഞിനെയും കൊന്നു കളയുമെന്ന് മൂസയുടെ മാതാവ് ഭയപ്പെട്ടു. അപ്പോള് മകനെ നൈല് നദിക്കേല്പിച്ചു കൊടുക്കാനായിരുന്നു ദൈവിക കല്പന. അല്ലാഹു നിശ്ചയിച്ച നിയതിയനുസരിച്ച് മൂസാ (അ) കണ്ടെത്തപ്പെടുകയും അദ്ദേഹം ഫറവോന്റെ കൊട്ടാരത്തിലേക്ക് കൊണ്ടു പോകപ്പെടുകയും ചെയ്യുകയായിരുന്നു. തദ്ഫലമായി, അദ്ദേഹം ഫറവോന്റെ കൊട്ടാരത്തില് വളർന്നു. പക്ഷെ, അദ്ദേഹം പ്രവചകനായി നിയുക്തനായതോടെ ഫറവോന്റെ ശത്രുതക്കും അക്രമാസക്തമായ സമീപനത്തിനും വിധേയനാവുകയായിരുന്നു.

ഫറവോന്റെ ശത്രുത

അല്ലാഹുവിന്റെ കല്പനയനുസരിച്ചു മൂസ(അ) ഫറവോന്റെ കൊട്ടാരത്തിലെത്തി അയാളോട് ദൈവാസ്തിക്യത്തെയും യഥാർത്ഥ മതത്തെയും കുറിച്ചു പ്രസംഗിച്ചു. പക്ഷെ, അക്രമവും നിഷേധവുമായിരുന്നു ഫലം. യഥാർത്ഥത്തില്, മൂസയോടും അനുയായികളോടും പീഡനത്തിലൂടെ വധ ഭീഷണി മുഴക്കുകയായിരുന്നു അയാള്. ഈ ഭീഷണിക്കു മുമ്പില്, മൂസയുടെ സന്ദേശം സ്വീകരിക്കാന് ഈജിപ്തുകാര് ഭയപ്പെട്ടു. അതിനാല് തന്നെ, അവര് മൂസ(അ)യുടെ പക്ഷം ചേർന്നില്ല. ചെറിയൊരു സംഘം ചെറുപ്പക്കാര് മാത്രമായിരുന്ന അദ്ദേഹത്തെ പിന്തുടർന്നതെന്നു ഖുര് ആന് പറയുന്നു:

"മൂസായിൽ അദ്ദേഹത്തിന്റെ ജനതയിലെ ഏതാനും ചെറുപ്പക്കാരല്ലാതെ ആരും വിശ്വസിച്ചില്ല. ഫറവോനും അവരുടെ പ്രമാണിമാരും തങ്ങളെ പീഡിപ്പിച്ചേക്കുമോയെന്ന പേടിയിലായിരുന്ന അവർ. ഫറവോൻ ഭൂമിയിൽ ഔദ്ധത്യം നടിക്കുന്നവനായിരുന്നു; അതോടൊപ്പം പരിധിവിട്ടവനും."

യൂനുസ് : 83

"വിശ്വാസികൾക്കെതിരിൽ സത്യനിഷേധികൾക്ക് അനുകൂലമായ ഒരു പഴുതും അല്ലാഹു ഒരിക്കലും ഉണ്ടാക്കുകയില്ല.' [അന്നിസാ: 141] എന്നു അല്ലാഹു വെളിപ്പെടുത്തിയത് പോലെ, വിശ്വാസികള് പരാജയപ്പെടുകയില്ലെന്ന് തുടക്കത്തില് തന്നെ ഉറപ്പായിരുന്നു. എന്നാല്, പരീക്ഷണങ്ങള്, നിഷേധം, അപവാദം എന്നിവയിലൂടെ വിശ്വാസികളുടെ വിശ്വാസവും ദൈവാശ്രയത്വവും പരീക്ഷിക്കപ്പെടണമെന്നത് ദൈവിക വിധിയാണ്. ഇതെല്ലാം മൂസ(അ)ക്കും അനുയായികൾക്കും സംഭവിച്ചുവെന്നു മാത്രം.

താന് ദൈവമാണെന്നും ജനങ്ങളുടെ കർത്താവാണെന്നും ഫറവോൻ സ്വയം കരുതിയിരുന്നു. അല്ലാഹുവാണ് തങ്ങളുടെ യഥാർത്ഥ ദൈവമെന്നു ജനങ്ങള് മനസിലാക്കിയാല്, തന്റെ ആധിപത്യം അവരുടെ മേല് അടിച്ചേല്പിക്കാനാവുകയില്ലെന്ന് അയാൾക്ക് പൂർണ്ണ ബോധ്യമുണ്ടായിരുന്നു. അങ്ങനെ, മൂസ(അ)യില് വിശ്വസിക്കുന്നതില് നിന്നും അവരെ തടയാന് അയാള് ശ്രമിച്ചു. മൂസ(അ)യെയും അനുയായികളെയും തരംതാഴ്ത്താന് അപവാദം പറയുകയെന്നപോലെ, വധ ഭീഷണിയും പീഡനവുമായിരുന്നു തദാവശ്യാർത്ഥം അയാള് സ്വീകരിച്ചിരുന്ന സാധാരണ രീതികള്. ഈ അപവാദങ്ങള് താഴെ പറയുന്നവയായിരുന്നു.

മൂസ(അ) സ്വാർത്ഥ താല്പര്യവും അധികാരവും ആഗ്രഹിക്കുന്നു

വിശ്വാസികൾക്കെതിരെ അപവാദം ആസൂത്രണം ചെയ്യുമ്പോഴെല്ലാം, സ്വന്തം ദുസ്വഭാവങ്ങളും ദർശനങ്ങളുമായിരിക്കും അവിശ്വാസികളുടെ പ്രാരംഭ ഘടകം. ഉദാഹരണമായി, മത മൂല്യങ്ങള് വെച്ചു പുലർത്താത്തവരെ സംബന്ധിച്ചിടത്തോളം,

ഭൌതിക സുഖ ഭോഗങ്ങളിലു അതീവ തല്പരരായിരിക്കും. അത്തരക്കാരുടെ ഒരു മാതൃകയായിരുന്നു ഫറവോന്. ഈജിപ്തിന്റെയും അതിലെ ജനതയുടെയും മുഴു ദൈവമാകാനുള്ള ആഗ്രഹത്തിനടിമപ്പെട്ട അയാളു, ഈ ലക്ഷ്യ സാഫല്യാർത്ഥം, നിരപരാധികളെ പീഡിപ്പിക്കുകയും കൊന്നൊടുക്കുകയും ചെയ്തു കൊണ്ടേയിരുന്നു. തന്റെ തെറ്റായ വിശ്വാസവും അധികാരക്കൊതിയും കാരണം മറ്റുള്ളവരെയും അങ്ങനെയാണയാളു കരുതിയത്. അതിനാലു തന്നെ, മൂസ(അ)ക്കും ഹാറൂനിനും ദൈവ സന്നിധിയിലുള്ള സ്ഥാനവും തന്റെ കൊട്ടാരത്തിലേക്കുള്ള അവരുടെ ആഗമനോദ്ദേശ്യവും എന്തെന്നു വിധിയെഴുതാനയാൾക്ക് കഴിഞ്ഞില്ല.

മൂസ(അ) തന്റെ വാക്ക് വിശ്വസിക്കാന് ജനതയെ ആഹ്വാനം ചെയ്തു. പക്ഷെ, അല്ലാഹുവിന്റെ ആസ്തിക്യവും അനന്തമായ ശക്തിയും അവർക്ക് പരിചയപ്പെടുത്തുകയും മത മൂല്യങ്ങളു പഠിപ്പിച്ചുകൊടുക്കുകയും, വെളിച്ചവും യഥാർത്ഥ മാർഗ്ഗ ദർശനവും കണ്ടെത്താനവരെ സഹായിക്കുകയും മാത്രമായിരുന്നു അത് കൊണ്ടുദ്ദേഹത്തിന്റെ ലക്ഷ്യം. മറുവശത്ത്, ഫറവോനും കിങ്കരന്മാരും , മൂസ(അ) തേടുന്നത് അധികാരമാണെന്ന് വിശ്വസിക്കുകയും അതിനാലു തന്നെ അദ്ദേഹത്തെ രാഷ്ട്രീയ പ്രതിയോഗിയായി കാണുകയുമായിരുന്നു. അവരു മൂസു(അ)ക്കും അനുയായികൾക്കുമെതിരെ നടത്തിയ ആരോപണങ്ങളെന്തായിരുന്നുവെന്ന് ഖുർ ആന് വെളിപ്പെടുത്തുന്നതിങ്ങനെ:

“അവർ പറഞ്ഞു: "ഞങ്ങളുടെ പൂർവ പിതാക്കൾ ഏതൊരു മാർഗം മുറുകെപ്പിടിക്കുന്നതായി ഞങ്ങൾ കണ്ടുവോ അതിൽനിന്ന് ഞങ്ങളെ തെറ്റിച്ചുകളയാനാണോ നീ ഞങ്ങളുടെയടുത്ത് വന്നത്? ഭൂമിയിൽ നിങ്ങളിരുവരുടെയും മേധാവിത്വം സ്ഥാപിക്കാനും? എന്നാൽ ഞങ്ങളൊരിക്കലും നിങ്ങളിരുവരിലും വിശ്വസിക്കുന്നവരാവുകയില്ല.”

യൂനുസ് : 78

യഥാർത്ഥത്തിലു, മറ്റു പ്രവാചകന്മാരെയും അത്മാർത്ഥ വിശ്വാസികളെയും പോലെ മൂസ(അ)യും ഹാറൂനും ഭൌതിക നേട്ടങ്ങളും പദവിയുമാഗ്രഹിച്ചിരുന്നില്ല. ഒരു പ്രതിഫലവും അവരു ആവശ്യപ്പെട്ടിരുന്നില്ല. ജനങ്ങളെ സന്മാർഗത്തിലേക്ക് ക്ഷണിക്കുകയും പരലോകത്തെക്കുറിച്ചു അനുസ്മരിപ്പിക്കുകയും വഴി അല്ലാഹുവിന്റെ പ്രീതിയും അനുകമ്പയും സ്വർഗ്ഗവും മാത്രമായിരുന്നു അവരു കാംക്ഷിച്ചിരുന്നത്. തന്റെ പ്രീതിയാഗ്രഹിച്ച ദാസനാണ് മൂസ (അ)യെന്ന് അല്ലാഹു പറയുന്നു;

“ഈ വേദപുസ്തകത്തിൽ മൂസയുടെ കഥയും പരാമർശിക്കുക: തീർച്ചയായും അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ട വ്യക്തിയായിരുന്നു. ദൂതനും പ്രവാചകനുമായിരുന്നു.‘

മർയം: 51

മൂസ(അ)യും ഹാറൂനും അല്ലാഹുവിന്റെ പ്രീതിയാഗ്രഹിച്ച ദാസന്മാരായ്യുന്നുവെന്ന് മറ്റു സൂക്തങ്ങളു വ്യക്തമാക്കുന്നു:

“നിശ്ചയമായും മൂസായോടും ഹാറൂനോടും നാം അളവറ്റ ഔദാര്യം കാണിച്ചു. അവരിരുവരെയും അവരുടെ ജനതയെയും കൊടുംവിപത്തിൽ നിന്ന് രക്ഷപ്പെടുത്തി. അവരെ നാം സഹായിച്ചു. അങ്ങനെ അവർ വിജയികളായിത്തീർന്നു. അവരിരുവർക്കും സത്യം വേർതിരിച്ചു കാണിക്കുന്ന വേദപുസ്തകം നൽകി.

ഇരുവരെയും നാം നേർവഴിയിൽ നയിക്കുകയും ചെയ്തു.
പിന്മുറക്കാരിൽ നാം അവരുടെ സൽക്കീർത്തി നിലനിർത്തി.
മൂസായ്ക്കും ഹാറൂനും സമാധാനം!
അവ്വിധമാണ് നാം സച്ചരിതർക്ക് പ്രതിഫലം നൽകുന്നത്.
അവരിരുവരും സത്യവിശ്വാസികളായ നമ്മുടെ ദാസന്മാരിൽ പെട്ടവരായിരുന്നു. “

അസ്സ്വാഫാത്: 114 – 122

‘ജനങ്ങളുടെ സുരക്ഷയും സമാധാനവും അപകടപ്പെടുത്തുന്നു‘

ഓരോ സന്ദർഭത്തിലും, മൂസ(അ)യും ഹാറൂനും ഈജിപ്തിനും ഈജിപ്തുകാർക്കും വലിയൊരപകടമാണെന്ന് ചിത്രീകരിക്കുകയായിരുന്നു ഫറവോന്റെ മറ്റൊരു തന്ത്രം. മൂസ(അ)ക്കെതിരെ ജനങ്ങളെ പ്രകോപിതരാക്കുകയായിരുന്ന അടിസ്ഥാനരഹിതമായ ഈ ആരോപണത്തിലൂടെ ഫറവോന് ലക്ഷ്യമിട്ടിരുന്നത്. ‘നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറന്തള്ളാനാണിവനുദ്ദേശിക്കുന്നത്.‘ എന്ന് വരെ അയാള് ആരോപിക്കുകയുണ്ടായി. ഫറവോന്റെ സംസാരം അല്ലാഹു നമ്മെ അറിയിക്കുന്നതിങ്ങനെ :

‘ഫറവോൻ തന്റെ ചുറ്റുമുള്ള പ്രമാണിമാരോടു പറഞ്ഞു: "സംശയമില്ല; ഇവനൊരു പഠിച്ച ജാലവിദ്യക്കാരൻ തന്നെ.
"തന്റെ ജാലവിദ്യയിലൂടെ നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറന്തള്ളാനാണിവനുദ്ദേശിക്കുന്നത്. അതിനാൽ നിങ്ങൾക്കെന്തു നിർദേശമാണ് നൽകാനുള്ളത്?‘

അശ്ശുഅറാ: 34 – 35

ജനങ്ങളെ സ്വന്തം നാട്ടില് നിന്ന് പുറം തള്ളാനാണ് മൂസ(അ)യും അനുയായികളും ഗൂഢാലോചന നടത്തുന്നതെന്ന് ഫറവോന് ആക്ഷേപിച്ചതായി, മറ്റൊരു സൂക്തത്തില് പറയുന്നു :

‘ഫറവോൻ പറഞ്ഞു: "ഞാൻ അനുവാദം തരുംമുമ്പെ നിങ്ങളവനിൽ വിശ്വസിക്കുകയോ? സംശയമില്ല; ഇതൊരു കൊടുംവഞ്ചന തന്നെ. ഇന്നാട്ടുകാരെ ഇവിടെ നിന്ന് പുറത്താക്കാനായി നിങ്ങളിവിടെ വെച്ചു നടത്തിയ ഗൂഢതന്ത്രമാണിത്. അതിനാൽ ഇതിന്റെ തിക്ത ഫലം നിങ്ങളിതാ അറിയാൻ പോകുന്നു.’

അല് അ അറാഫ്; 123

ഈജിപ്തുകാര് ചെറുക്കേണ്ട രാജ്യദ്രോഹികളാണ് മൂസ(അ)യും അനുയായികളുമെന്ന് ചിത്രീകരിക്കാന് ഫറവോന് ശ്രമിച്ചിരുന്നുവെന്ന് വ്യക്തം. പക്ഷെ, അല്ലാഹു വാഗ്ദാനം ചെയ്തപോലെ, വിശ്വാസികൾക്കെതിരെ നടത്തപ്പെട്ട മറ്റെല്ലാ ഗൂഢാലോചനകളും എന്ന പൊലെ, ഫറവോന്റെ ഗൂഢാലോചനയും ഫലം കണ്ടില്ല.

‘അപ്പോൾ അവരുണ്ടാക്കിയ കുതന്ത്രങ്ങളുടെ ദുരന്തങ്ങളിൽ നിന്നെല്ലാം അല്ലാഹു അദ്ദേഹത്തെ രക്ഷിച്ചു. ഫറവോന്റെ ആൾക്കാർ കടുത്ത ശിക്ഷാവലയത്തിലകപ്പെടുകയും ചെയ്തു.‘

അല് ഗാഫിര് ; 45

‘മൂസ മാന്ത്രികന്’

അഹന്ത കാരണം ഫറവോന് സത്യ മതത്തെ നിരാകരിക്കുകയായിരുന്നു. അല്ലാഹുവിന്റെ ആസ്തിക്യവും തന്റെ പ്രവാചകത്വവും തെളിയിക്കുന്ന നിരവധി അത്ഭുതങ്ങള്, ദൈവേച്ഛയാല്, അദ്ദേഹം അയാൾക്ക് കാണിച്ചു കൊടുത്തിരുന്നു. പക്ഷെ അതെല്ലാം അവഗണിച്ചു കൊണ്ട്, അദ്ദേഹത്തെ അവിശ്വസിക്കുക മാത്രമല്ല, അദ്ദേഹത്തെ മാന്ത്രികനും ആഭിചാരകനുമായി അപവദിച്ചു കൊണ്ട് ജനങ്ങൾക്കിടയില് അദ്ദേഹത്തിന്റെ ദൗത്യം പരാജയപ്പെടുത്താന് ശ്രമിക്കുകയാണ് അയാള് ചെയ്തത്. മൂസയുടെ വാദം തെറ്റാണെന്നും ആളുകളെ കയ്യിലെടുക്കാന് അവന് രൂപം നൽകിയ ആഭിചാരമാണ് അവന് കാണിക്കുന്നതെന്നും, തദ്വാരാ, ആളുകളെ ബോധ്യപ്പെടുത്താന് തനിക്കു കഴിയുമെന്നുമാണ് അയാള് ആഗ്രഹിച്ചത്. ഖുര് ആന് പറയുന്നു:

‘ മൂസായെ നമ്മുടെ ദൃഷ്ടാന്തങ്ങളും വ്യക്തമായ പ്രമാണവുമായി നാം അയക്കുകയുണ്ടായി.
ഫറവോന്റെയും ഹാമാന്റെയും ഖാറൂന്റെയും അടുത്തേക്ക്. അപ്പോൾ അവർ പറഞ്ഞു: "ഇവൻ കള്ളവാദിയായ ജാലവിദ്യക്കാരനാണ്."

അല് ഗാഫിര് : 23 – 24

മൂസ (അ)യുടെ പ്രതികരണം ഇങ്ങനെയായിരുന്നു:

‘മൂസാ പറഞ്ഞു: "സത്യം നിങ്ങൾക്ക് വന്നെത്തിയപ്പോൾ അതേപ്പറ്റിയാണോ നിങ്ങളിങ്ങനെ പറയുന്നത്? ഇത് മായാജാലമാണെന്നോ? മായാജാലക്കാർ ഒരിക്കലും വിജയിക്കുകയില്ല.”

യൂനസ് : 77

മൂസ(അ)ക്കു മുമ്പും പിമ്പും നിരവധി വിശ്വാസികള് നേരിടേണ്ടി വന്നൊരു അപവാദമാണ് ആഭിചാരം. ഈ ആരോപണം നേരിട്ട മറ്റു വിശ്വാസികളെ കുറിച്ച് അടുത്ത അദ്ധ്യായങ്ങളില് നമുക്കു പറയാം.

'മൂസ നബിയെന്'

' അങ്ങനെ നമ്മുടെ വളരെ പ്രകടമായ അടയാളങ്ങളുമായി മൂസ അവരുടെ അടുത്തെത്തി. അവർ പറഞ്ഞു: "ഇതു കെട്ടിച്ചമച്ച ജാലവിദ്യയല്ലാതൊന്നുമല്ല. നമ്മുടെ പൂർവപിതാക്കളിൽ ഇങ്ങനെയൊന്ന് നാം കേട്ടിട്ടേയില്ലല്ലോ."
മൂസ പറഞ്ഞു: "എന്റെ നാഥന് നന്നായറിയാം; അവന്റെ അടുത്തുനിന്ന് നേർവഴിയുമായി വന്നത് ആരാണെന്ന്. ഈ ലോകത്തിന്റെ അന്ത്യം ആർക്കനുകൂലമാകുമെന്നും. തീർച്ചയായും അതിക്രമികൾ വിജയിക്കുകയില്ല."
ഫറവോൻ പറഞ്ഞു: "അല്ലയോ പ്രമാണിമാരേ, ഞാനല്ലാതെ നിങ്ങൾക്കാരു ദൈവമുള്ളതായി എനിക്കറിയില്ല. അതിനാൽ ഹാമാനേ, എനിക്കുവേണ്ടി കളിമണ്ണ് ചുട്ട് അത്യുന്നതമായ ഒരു ഗോപുരമുണ്ടാക്കുക. മൂസയുടെ ദൈവത്തെ ഞാനൊന്ന് എത്തിനോക്കട്ടെ. ഉറപ്പായും അവൻ കള്ളം പറയുന്നവനാണെന്ന് ഞാൻ കരുതുന്നു."

അല് ഖസസ്; 36 – 38

മൂസ (അ)ക്കും അദ്ദേഹത്തിന്റെ മതത്തിനുമെതിരെയുള്ള ഫറവോന്റെ സമീപനം തികച്ചും ചിന്താശൂന്യവും അനീതിപരവുമായിരുന്നുവെന്നത് തീർച്ച. ഒരു കടുത്ത അവിശ്വാസിയെ സംബന്ധിച്ചിടത്തോളം, അയാളില് നിന്ന് ദൈവ ദൂതനെതിരെ നാനാവിധ അപവാദങ്ങളുമുണ്ടാവുക, അദ്ദേഹത്തെ പരിഹസിക്കുക പോലും ചെയ്യുക അത്ഭുതമല്ല. ജനങ്ങളില് മൂസയുടെ സ്വാധീനം ദുർബ്ബലപ്പെടുത്തുക, അദ്ദേഹത്തില് വിശ്വസിക്കുന്നതില് നിന്നവരെ തടയുക എന്നീ കാര്യങ്ങള് നേടുന്നതിന്നായി, അദ്ദേഹം പറയുന്നതെല്ലാം നുണയാണെന്നയാള് നിഷ്കരുണം പ്രഖ്യാപിക്കുകയായിരുന്നു. എന്നാല്, പ്രവാചകന്മാരെ നിഷേധിക്കുകയും അവർക്ക് പ്രയാസമുണ്ടാക്കുകയും ചെയ്യുന്നവർക്കെന്തു സംഭവിക്കുന്നുവെന്ന് ഖുര് ആന് പ്രസ്താവിക്കുന്നതിങ്ങനെ:

' നിശ്ചയമായും എല്ലാ സമുദായത്തിലും നാം ദൂതനെ നിയോഗിച്ചിട്ടുണ്ട്. അവരൊക്കെ പറഞ്ഞതിതാണ്: "നിങ്ങൾ അല്ലാഹുവിന് വഴിപ്പെടുക; വ്യാജ ദൈവങ്ങളെ

വർജിക്കുക.” അങ്ങനെ അവരിൽ ചിലരെ അല്ലാഹു നേർവഴിയിലാക്കി. മറ്റു ചിലരെ ദുർമാർഗം കീഴ്പ്പെടുത്തുകയും ചെയ്തു. അതിനാൽ നിങ്ങൾ ഭൂമിയിലൂടെ സഞ്ചരിക്കുക. എന്നിട്ട് സത്യത്തെ നിഷേധിച്ചുതള്ളിയവരുടെ ഒടുക്കം എവ്വിധമായിരുന്നുവെന്ന് നോക്കിക്കാണുക.‘

അന്നഹ്ല് : 36

മുകളില് കൊടുത്ത സൂക്തത്തില് പറയുന്നത് പോലെ, അല്ലാഹുവിനെ ഭയപ്പെടുകയും, അവനെ സ്നേഹിക്കുകയും ചെയ്യുന്ന സത്യസന്ധരും ആത്മാർത്ഥതയുള്ളവരുമായ ദൈവ ദാസന്മാർക്കെതിരെ ചെയ്യുന്ന എത് അനീതിയും കാരണം ഇഹലോകത്തും പരലോകത്തും ശിക്ഷിക്കപ്പെടുക തന്നെ ചെയ്യും. ഫറവോനും കിങ്കരന്മാർക്കും ഈ ലോകത്ത് സംഭവിച്ചതും അയാളുടെ അന്ത്യവും ഈ പറഞ്ഞതിന്റെ വ്യക്തമായ ഉദാഹരണമാണ്. ഫറവോനും കിങ്കരന്മാർക്കും ഈ ലോകത്ത് സംഭവിച്ച ദൗർഭാഗ്യവും ഖുര് ആനില് പറയപ്പെട്ട സംഭവങ്ങളും ഗുണപാഠമായിരിക്കണമെന്ന് ഖുര് ആന് ഉപദേശിക്കുകയാണ്:

‘അവനും അവന്റെ പടയാളികളും ഭൂമിയിൽ അന്യായമായി അഹങ്കരിച്ചു. നമ്മിലേക്ക് മടങ്ങിവരില്ലെന്നാണവർ വിചാരിച്ചത്.
അതിനാൽ അവനെയും അവന്റെ പടയാളികളെയും നാം പിടികൂടി കടലിലെറിഞ്ഞു. നോക്കൂ; ആ അക്രമികളുടെ അന്ത്യം എവ്വിധമായിരുന്നുവെന്ന്.

‘ അല് ഖസസ് :39 – 40

ഫറവോനും കിങ്കരന്മാരും പരലോകത്ത് അനുഭവിക്കാന് പോകുന്ന ശിക്ഷയെ അപേക്ഷിച്ച്, അവര് ഈ ലോകത്ത് അനുഭവിച്ചത് ഒന്നുമല്ലെന്ന കാര്യം ശ്രദ്ധേയമായൊരു വസ്തുതയത്രെ. ദൈവിക സൂക്തങ്ങളുടെയും ദൈവ ദൂതന്മാരുടെയും ദൈവത്തിന്റെ ആതാർത്ഥ ദാസന്മാരുടെയും നേരെ അഹന്ത കാണിക്കുന്ന, അവർക്കെതിരെ അപവാദവും ദുഷ്ടാലൊചനയും നടത്തുന്ന, സത്യമതത്തെ നിഷേധിക്കുകയും ദൈവിക സന്മാർഗം അവഗണിക്കുകയും ചെയ്യുന്ന , തദ്വാര, തങ്ങളുടെ വ്യാജമായ കുറ്റാരോപണങ്ങള് പ്രചരിപ്പിക്കാന് സൗകര്യം നേടിയെടുക്കുന്ന ആളുകൾക്ക് പരലോകത്ത് അതിക്രൂരമായ ശിക്ഷയായിരിക്കും ലഭിക്കുക.

‘അവരെ നാം നരകത്തിലേക്കു വിളിക്കുന്ന നായകന്മാരാക്കി. ഒന്നുറപ്പ്;
ഉയിർത്തെഴുന്നേൽപുനാളിൽ അവർക്കാരു സഹായവും ലഭിക്കുകയില്ല.
ഈ ലോകത്ത് ശാപം അവരെ പിന്തുടരുന്ന അവസ്ഥ നാം ഉണ്ടാക്കി.
ഉയിർത്തെഴുന്നേൽപുനാളിൽ ഉറപ്പായും അവർ തന്നെയായിരിക്കും അങ്ങേയറ്റം നീചന്മാർ.’

അല് ഖസസ് 41 – 42

യൂസുഫ് (അ) നേരിട്ട അപവാദങ്ങള്

ശൈശവത്തില് തന്നെ അപവാദത്തെയും ശ്രദ്ധാലോചനയെയും നേരിട്ട പ്രവാചകനായിരുന്ന യൂസുഫ് (അ). എന്നിട്ടും പരിശുദ്ധവും കുറ്റമറ്റതുമായൊരു സ്വഭാവമായിരുന്ന അദ്ദേഹത്തിന്നുണ്ടായിരുന്നത്. സ്വന്തം കുടുംബം തന്നെയായിരുന്ന അദ്ദേഹത്തോട് ഹീനമായി പെരുമാറിയത്. സഹോദരങ്ങള് ശത്രുതയോടെ അദ്ദേഹത്തിന്ന നേരെ തിരിയുകയും കൊല്ലാന് ശ്രമിക്കുകയുമുണ്ടായി. അഗാധ ഭക്തനും സദാ ദൈവപ്രീതി തേടുകയും ചെയ്തിരുന്ന ഈ പരിശുദ്ധന്നെതിരെ മോഷണം, വ്യഭിചാരം പോലുള്ള ലജ്ജാകരമായ ആരോപണങ്ങളായിരുന്ന ഉന്നയിക്കപ്പെട്ടത്. തന്റെ നിരപരാധിത്വം വ്യക്തമായി തെളിഞ്ഞിട്ടും വർഷങ്ങളോളം അദ്ദേഹം ജയിലില് കഴിയുകയുണ്ടായി. അവിശ്വാസികളുന്നയിച്ച അപവാദങ്ങളായിരുന്ന കാരണം.

ഗവർണരുടെ പത്നിയുടെ അപവാദം

കുട്ടിക്കാലത്ത് തന്നെ ജ്ഞാനം ലഭിച്ച പ്രവാചകനായിരുന്ന യൂസുഫ് (അ). ശത്രുക്കളായി തീർന്ന സ്വസഹോദരങ്ങള് കൂട്ടിയായിരിക്കെ തന്നെ വധിക്കാനായി കിണറ്റിലെറിയുകയായിരുന്ന. പക്ഷെ, ചില സഞ്ചാരികള് അദ്ദേഹത്തെ കണ്ടെത്തുകയും കിണറ്റില് നിന്നെടുത്ത ഈജിപ്തില് കൊണ്ടു പോയി തുച്ഛ വിലക്ക് അവിടത്തെ ഗവർണർക്ക് വിൽക്കുകയുമായിരുന്ന. അതി സുന്ദരനായ യൂസുഫി(അ)ന്ന് പ്രായപൂർത്തിയെത്തി. അദ്ദേഹത്തില് ആകൃഷ്ടയായ ഗവർണരുടെ പത്നി അദ്ദേഹത്തെ വശീകരിക്കാന് ശ്രമിച്ചു. പക്ഷെ, യൂസുഫ് ഈ നീക്കത്തെ തള്ളിക്കളയുകയായിരുന്ന. ദൈവത്തെ ധിക്കരിക്കാന് തയ്യാറാകാത്ത അദ്ദേഹം അവളില് നിന്ന് രക്ഷപ്പെടാനായി വാതിലിനടുത്തേക്കോടിയെങ്കിലും തിരസ്കരിക്കപ്പെട്ട സ്ത്രീ അവിടെ വെച്ച് അദ്ദേഹത്തെ പിടിക്കൂടുകയാണുണ്ടായത്. അവളുടെ പിടിവലികാരണം അദ്ദേഹത്തിന്റെ കുപ്പായം കീറിപ്പോയി. ഇതിനിടെയാണ് ഗവർണര് സ്ഥലത്തെത്തുന്നത്. ഉടനെ, തന്റെ കുറ്റം മറച്ചു വെക്കാനായി യൂസുഫി(അ)നെ കുറിച്ച് ഭർത്താവിനോട് അപവാദം പറയുകയാണ് അയാളുടെ ഭാര്യ് ചെയ്തത്. സംഭവം ഖുര് ആന് വിവരിക്കുന്നതിങ്ങനെ:
അവൻ പൂർണവളർച്ച പ്രാപിച്ചപ്പോൾ നാമവന് തീരുമാനശക്തിയും അറിവും നൽകി. അങ്ങനെയാണ് നാം സച്ചരിതർക്ക് പ്രതിഫലം നൽകുന്നത്.
യൂസുഫ് പാർക്കുന്ന പുരയിലെ പെണ്ണ് അയാളെ വശീകരിക്കാൻ ശ്രമിച്ചു. വാതിലുകളടച്ച് അവൾ പറഞ്ഞു: "വരൂ." അവൻ പറഞ്ഞു: "അല്ലാഹു ശരണം;

അവനാണെന്റെ നാഥൻ. അവനെനിക്കു നല്ല സ്ഥാനം നൽകിയിരിക്കുന്നു. അതിക്രമികൾ ഒരിക്കലും വിജയിക്കുകയില്ല."
അവൾ അദ്ദേഹത്തെ കാമിച്ചു. തന്റെ നാഥന്റെ പ്രമാണം കണ്ടിരുന്നില്ലെങ്കിൽ അദ്ദേഹം അവളെയും കാമിക്കുമായിരുന്നു. അവ്വിധം സംഭവിച്ചത് തിന്മയും നീചകൃത്യവും നാം അദ്ദേഹത്തിൽ നിന്ന് തട്ടിമാറ്റാനാണ്. തീർച്ചയായും അദ്ദേഹം നമ്മുടെ തെരഞ്ഞെടുക്കപ്പെട്ട ദാസന്മാരിൽ പെട്ടവനത്രെ.

അവരിരുവരും വാതിൽക്കലേക്കോടി. അവൾ പിന്നിൽ നിന്ന് അദ്ദേഹത്തിന്റെ കുപ്പായം വലിച്ചുകീറി. വാതിൽക്കൽ അവളുടെ ഭർത്താവിനെ ഇരുവരും കണ്ടുമുട്ടി. അവൾ പറഞ്ഞു: "നിങ്ങളുടെ ഭാര്യയുടെ നേരെ അരുതായ്മ ആഗ്രഹിച്ച ഇയാൾക്കുള്ള ശിക്ഷയെന്താണ്? ഒന്നുകിലവനെ തടവിലിടണം. അല്ലെങ്കിൽ നോവേറിയ മറ്റെന്തെങ്കിലും ശിക്ഷ നൽകണം."

‘ യൂസുഫ് 22 – 25

‘ അവളാണെന്നെ അശീകരിക്കാന് ശ്രമിച്ചത്’ (യൂസുഫ് ;26) എന്ന് പറഞ്ഞു അദ്ദേഹം സ്വയം പ്രധിരോധനം നടത്തി. അവസാനം ഭാര്യയുടെ ഒരു സുഹൃത്ത് ഇങ്ങനെ ഒരു നിർദ്ദേശം വെച്ചു:
-യൂസുഫ് പറഞ്ഞു: "അവളാണെന്നെ വശീകരിക്കാൻ ശ്രമിച്ചത്." ആ സ്ത്രീയുടെ ബന്ധുവായ ഒരു സാക്ഷി തെളിവുന്നയിച്ചു: അവന്റെ കുപ്പായം മുൻവശത്താണ് കീറിയതെങ്കിൽ അവൾ പറഞ്ഞത് സത്യമാണ്. അവൻ കള്ളം പറഞ്ഞവനും. അഥവാ, അവന്റെ കുപ്പായം പിൻവശത്താണ് കീറിയതെങ്കിൽ അവൾ പറഞ്ഞത് കള്ളമാണ്. അവൻ സത്യം പറഞ്ഞവനും."

യൂസുഫ് : 26 – 27

യൂസുഫിന്റെ കുപ്പായം പിന്നിലായിരുന്നു കീറിയിരുന്നത്. അദ്ദേഹത്തിന്റെ വാദം സത്യമാണെന്നും ഗവർണരുടെ ഭാര്യയോടുള്ള സമീപനത്തില് അദ്ദേഹം പരിശുദ്ധനാണെന്നും അത് വഴി തെളിഞ്ഞു. പക്ഷെ, എന്നിട്ടും അദ്ദേഹം തുറുങ്കിലടക്കപ്പെടുകയായിരുന്നു.

ഉയർന്ന സ്ഥാനവും പദവിയും മാത്രം ആഗ്രഹിച്ചിരുന്ന ദൈവഭയമില്ലാത്തയാളുകളുടെ ഗ്രുഡാലോചനക്ക് യൂസുഫ്(അ) ഇരയാവുകയായിരുന്നു. ഒന്നുകില് സ്ത്രീയുടെ ഇംഗിതം, അല്ലെങ്കില് ജയില്, ഇതിലേതെങ്കിലുമൊന്ന തെരഞ്ഞെടുക്കാനദ്ദേഹം നിർബന്ധിതനായിരുന്നു. അങ്ങനെ, നിരപരാധിയായ അദ്ദേഹം, താന് ചെയ്യാത്തതും ആളുകള് ഏറ്റവും വെറുക്കുന്നതും ഏറ്റവും ലജ്ജാകരവുമായ ഒരു കുറ്റം കൊണ്ട് ആരോപിതനായി തീരുകയാണുണ്ടായത്. അദ്ദേഹം ഉന്നത സ്വാഭവത്തിന്റെ ഉടമയും പരിശുദ്ധനുമായിരുന്നതിനാലാണ് ഈ കുറ്റാരോപണം ഉണ്ടായത്. മുസ്ലിംകള് സത്യപാതയില് നിന്നകന്ന് തെറ്റായ പാത സ്വീകരിക്കുമെന്ന പ്രതീക്ഷയില്, അവർക്കതിരെ സാധാരണ പ്രയോഗിക്കപ്പെടുന്നൊരു രീതിയാണിത്.

ഇവിടെ താല്പര്യ ജനകമായ മറ്റൊരു വശമുണ്ട്. തന്നെ വ്യഭിചരിക്കാനും, തദ്വാരാ, മതവിരുദ്ധവും അധാർമ്മികവുമായ പാതകള് അനുധാവനം ചെയ്യാനും യൂസുഫിനെ

നിർബന്ധിക്കാന് ആ സ്ത്രീ ശ്രമിച്ചുവെന്നതാണത്. പക്ഷെ, ഒരചഞ്ചല വിശ്വാസിയായി നിലകോണ്ട് അത് നിരസിക്കയാല് , വ്യഭിചാരിയെന്നാരോപിച്ചു കൊണ്ട് അവൾക്കയാളെ ജയിലലടക്കേണ്ടതുണ്ടായിരുന്നു. അവിശ്വാസികള്, തങ്ങള് ചെയ്തു കൊണ്ടിരിക്കുന്ന അധാർമ്മികതകളും കുറ്റങ്ങളും , പലപ്പോഴും വിസ്വാസികളിലാരോപിക്കുന്നുവെന്ന് ഈ വിവരണങ്ങള് വ്യക്തമാക്കുന്നു.

തനിക്കെതിരായ ഗ്രഡാലോചന യൂസുഫ് മനസ്സിലാക്കിയിരുന്നു. പക്ഷെ, സർവ്വോപരി ദൈവ പ്രീതി കാംക്ഷിച്ചിരുന്ന ഒരു വിശ്വാസിയെന്ന നിലക്ക്, അവിശ്വാസികള് തന്നോടാവശ്യപ്പെടുന്ന അധാർമ്മികത്വങ്ങള് ചെയ്യുന്നതിനേക്കാള് കാരാഗ്രഹ ജീവിതം അദ്ദേഹം തെരഞ്ഞെടുക്കുകയായിരുന്നു. തദ്ഫലമായി, വർഷങ്ങളോളം അദ്ദേഹം ജയിലില് തന്നെ കഴിയുകയാണുണ്ടായത്. ദൈവത്തോടുള്ള അദ്ദേഹത്തിന്റെ പ്രാർത്ഥന ഖുര് ആന് ഇങ്ങനെ ഉദ്ധരിക്കുന്നു:

‘യൂസുഫ് പറഞ്ഞു: "എന്റെ നാഥാ, ഇവരെന്നെ ക്ഷണിക്കുന്നത് ഏതൊന്നിലേക്കാണോ അതിനേക്കാൾ എനിക്കിഷ്ടം തടവറയാണ്. ഇവരുടെ കുതന്ത്രം നീയെന്നിൽ നിന്ന് തട്ടിമാറ്റുന്നില്ലെങ്കിൽ ഞാൻ അവരുടെ കെണിയിൽ കുടുങ്ങി അവിവേകികളിൽപ്പെട്ടവനായേക്കാം.”
അദ്ദേഹത്തിന്റെ പ്രാർഥന നാഥൻ സ്വീകരിച്ചു. അദ്ദേഹത്തിൽനിന്ന് അവരുടെ കുതന്ത്രത്തെ അവൻ തട്ടിമാറ്റി. അല്ലാഹു എല്ലാം കേൾക്കുന്നവനും അറിയുന്നവനുമാണ്
യൂസുഫ് : 33 – 34
സമൂഹത്തിലെ ശക്തരും അധികാരസ്ഥരുമായ ആളുകളെ നിരാകരിച്ചു കൊണ്ട് കാരാഗ്രഹം സ്വീകരിക്കുകയെന്നത്, ദൈവ പ്രീതി മാത്രം ആശ്രയിക്കുന്ന മനുഷ്യന്റെ സുദ്ദഡ വിശ്വാസത്തിന്റെ സൂചനയത്രേ.
ഇവിടെ ഒരു വിശകലനം ഉപകാരപ്രദമായിരിക്കും. യൂസുഫ് (അ) അപവദിക്കപ്പെടുകയും ചെയ്യാത്ത കുറ്റത്തിന്റെ പേരില് ശിക്ഷിക്കപ്പെടുകയും ചെയ്തുവല്ലൊ. സുദീർഘമായൊരു കാലം അദ്ദേഹം ജയിലില് കഴിഞ്ഞു. ചുറ്റുപാടുള്ളവരുടെ അപമര്യാദക്കും ശത്രുതക്കും അദ്ദേഹം വിധേയനായിത്തീരുകയും ചെയ്തു. തന്റെ കളങ്കം കഴുകിക്കളയാന് ആർക്കും ഒന്നിന്നും കഴിയുകയില്ലെന്ന് കരുതപ്പെടുകയും ചെയ്തു. വ്യക്തമായ നിരപരാധിത്വം ഉണ്ടായിട്ടും അദ്ദേഹം തുറുങ്കിലടക്കപ്പെട്ടത് അക്കാലത്ത് നിലനിന്നിരുന്ന അനീതിയെയാണ് കുറിക്കുന്നത്. അത് പോലെത്തന്നെ, ഖുര് ആനിക സദാചാരം പിന്തുടരാത്ത ഒരു സമൂഹം, തങ്ങളുടെ പവിത്രത കാത്തു സൂക്ഷിക്കുന്നവരെ ബഹുമാനിക്കുന്നതെങ്ങനെയെന്നും ഇത് മനസ്സിലാക്കി തരുന്നു. നിരപരാധിത്വത്തിന്ന് വ്യക്തമായ തെളിവുണ്ടായിട്ടും, ഈ അനീതി നടപ്പാക്കാന് ആ ജനം അനുവദിക്കുകയായിരുന്നുവല്ലൊ. അനീതിയാണെന്നറിഞ്ഞിട്ടും, സ്വാർത്ഥ താല്പര്യം പരിഗണിച്ചു കൊണ്ട്, നിരപരാധിയായ യൂസുഫി(അ)ന്റെ പക്ഷം നിൽക്കാന് അവര് മുതിർന്നില്ലല്ലൊ. അല്ലാഹു പറയുന്നു:
‘പിന്നീട് യൂസുഫിന്റെ നിരപരാധിത്വത്തിന്റെ തെളിവുകൾ കണ്ടറിഞ്ഞ ശേഷവും അദ്ദേഹത്തെ നിശ്ചിത അവധിവരെ ജയിലിലടക്കണമെന്ന് അവർക്ക് തോന്നി.‘

യൂസുഫ്: 35

അങ്ങനെ യൂസുഫ് (അ) ഏതാനും കൊല്ലം ജയിലില് കഴിഞ്ഞു. ഒരു സംഭവം പുറത്തുനിന്ന് എത്രമാത്രം അപരിഹാര്യമെന്ന് തോന്നിയേക്കാമെങ്കിലും , ആന്തരിക ഭാവമറിയുന്ന വിശ്വാസികളെ സംബന്ധിച്ചിടത്തോളം , സ്ഥിതി തികച്ചും വ്യത്യസ്തമായിരിക്കും. തങ്ങളനുഭവിക്കുന്ന ബുദ്ധിമുട്ടുകളും വിഷമതകളും അവഗണിച്ചു കൊണ്ട് , വിശ്വാസികള് എല്ലായ്പോഴും അല്ലാഹുവില് ആശ്രയം കണ്ടെത്തുന്നു; അവനെ സ്തുതിക്കുന്നു; നൈരാശ്യത്തിന്ന് അവര് വഴികൊടുക്കുകയില്ല; അവന് സൃഷ്ടിച്ച എല്ലാറ്റിലും നന്മയും ജ്ഞാനവുമുണ്ടെന്നവര് മനസ്സിലാക്കുന്നു; പക്ഷെ, അവിശ്വാസികളെ സംന്ധിച്ചിടത്തോളം യൂസുഫ്(അ) വളരെ പ്രതികൂലമായൊരവസ്ഥയിലാണെന്നായിരുന്നു കരുതപ്പെട്ടിരുന്നത്. എന്നാല്, അവസാനം, പരലോകത്തെന്ന പോലെ, ഇഹലോകത്തും അദ്ദേഹത്തിന്നത് നന്മയായി അനുഭവപ്പെടുകയാണുണ്ടായത്.

യൂസുഫിന്റെ ജയില് ജീവിതകാലത്ത് രാജാവിന്നൊരു സ്വപ്നമുണ്ടായി. അത് വ്യാഖ്യാനിക്കാനദ്ദേഹത്തോട് ആവശ്യപ്പെടുകയുണ്ടായി. യൂസുഫി(അ)ന്നോടൊപ്പം കുറെ കാലം അതേ ജയിലില് കഴിഞ്ഞിരുന്ന ഒരു രാജസേവകനായിരുന്ന യൂസുഫിന്ന് സ്വപ്നം വ്യാഖ്യാനിക്കാന് കഴിയുമെന്ന് രാജാവിനെ അറിയിച്ചത്. വർഷങ്ങൾക്ക് ശേഷം, ജയിലില് കഴിയുന്ന യൂസുഫ് (അ) ഓർമ്മിക്കപ്പെടണമെന്നത് ദൈവത്തിന്റെ നിയതിയായിരുന്നു. അദ്ദേഹത്തിന്റെ ബുദ്ധിപരമായ സ്വപ്ന വ്യാഖ്യാനം , അങ്ങനെ രാജശ്രദ്ധയിലെത്തുകയും രാജാവ് അദ്ദേഹത്തെ തന്റെ സന്നിധിയിലെത്തിക്കാന് ഉത്തരവിടുകയുമായിരുന്നു. പക്ഷെ, അതിന്നു മുമ്പായി തന്റെ കേസ് തീർപ്പാക്കപ്പെടണമെന്നദ്ദേഹം ആവശ്യപ്പെടുകയായിരുന്നു:

‘രാജാവ് പറഞ്ഞു: "നിങ്ങൾ യൂസുഫിനെ എന്റെ അടുത്തു കൊണ്ടുവരിക.” യൂസുഫിന്റെ അടുത്ത് ദൂതൻ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: "നീ നിന്റെ യജമാനന്റെ അടുത്തേക്കു തന്നെ തിരിച്ചു പോവുക. എന്നിട്ട് അദ്ദേഹത്തോടു ചോദിക്കുക; സ്വന്തം കൈകൾക്ക് മുറിവുണ്ടാക്കിയ ആ സ്ത്രീകളുടെ സ്ഥിതിയെന്തെന്ന്. എന്റെ നാഥൻ അവരുടെ കുതന്ത്രത്തെപ്പറ്റി നന്നായറിയുന്നവനാണ്; തീർച്ച.”

യൂസുഫ്; 50

ഗവർണരുടെ പത്നിയടക്കം, സംഭവത്തിന്നു സാക്ഷികളായ എല്ലവരും രാജകല്പന പ്രകാരം കൊട്ടാരത്തിലെത്തുകയും അവരെല്ലാം യൂസുഫി(അ)ന്റെ നിരപരാധിത്തം അംഗീകരിക്കുകയുമായിരുന്നു. അവസാനം അദ്ദേഹം നിരപരാധിയായി പ്രഖ്യാപിക്കപ്പെട്ടു.

‘രാജാവ് സ്ത്രീകളോട് ചോദിച്ചു: "യൂസുഫിനെ വശപ്പെടുത്താൻ ശ്രമിച്ചപ്പോൾ നിങ്ങളുടെ അനുഭവമെന്തായിരുന്നു?” അവർ പറഞ്ഞു: "മഹത്വം അല്ലാഹുവിനു തന്നെ. യൂസുഫിനെപ്പറ്റി മോശമായതൊന്നും ഞങ്ങൾക്കറിയില്ല.” പ്രഭുവിന്റെ പത്നി പറഞ്ഞു: "ഇപ്പോൾ സത്യം വെളിപ്പെട്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ വശപ്പെടുത്താൻ സ്വയം ശ്രമിക്കുകയായിരുന്നു. തീർച്ചയായും അദ്ദേഹം സത്യവാനാണ്.”

യൂസുഫ് : 51

അങ്ങനെ, അദ്ദേഹത്തിന്റെ നിരപരാധിത്തം സംശയരഹിതമായി തെളിയിക്കപ്പെട്ടു.

‘യൂസുഫ് പറഞ്ഞു: "പ്രഭവില്ലാത്ത നേരത്ത് ഞാനദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹം അറിയാനാണ് ഞാനങ്ങനെ ചെയ്തത്. [4] വഞ്ചകരുടെ കുതന്ത്രങ്ങളെ അല്ലാഹു ഒരിക്കലും ലക്ഷ്യത്തിലെത്തിക്കുകയില്ല.

യൂസുഫ് : 52

നിഷിദ്ധ പ്രവൃത്തി ചെയ്യുന്നതിനേക്കാള് വർഷങ്ങളോളം ജയിലില് കഴിയാന് ഇഷ്ടപ്പെടുക, വ്യഭിചാരാരോപണത്തിന്ന് മുമ്പില് ക്ഷമാശീലനും അചഞ്ചലനുമായി നിലകൊള്ളുക; ഇതെല്ലാം വിശ്വാസികളുടെ മാതൃകായോഗ്യമായ സ്വഭാവങ്ങളുടെ പകർപ്പത്രെ. ജയില് മോചനത്തിന്ന് ശേഷം യൂസുഫി(അ)ന്ന് ഈജിപ്തില് അധികാരം ലഭിക്കുകയായിരുന്നു. തന്റെ മികച്ച സ്വഭാവവും, ദൈവത്തിലുള്ള വിശ്വാസവും അവനുള്ള വഴക്കവും അദ്ദേഹം പ്രദർശിപ്പിച്ചുവെന്നതായിരുന്നു കാരണം. ഇഹലോകത്ത് അദ്ദേഹത്തിന്ന് ലഭിച്ച പ്രതിഫലമായിരുന്നു അത്.

‘അവ്വിധം നാം യൂസുഫിന് അന്നാട്ടിൽ അദ്ദേഹം ഉദ്ദേശിക്കുന്നിടമെല്ലാം ഉപയോഗിക്കാൻ കഴിയുമാറ് സൌകര്യം ചെയ്തുകൊടുത്തു. നാം ഉദ്ദേശിക്കുന്നവർക്ക് നമ്മുടെ കാരുണ്യം നൽകുന്നു. സൽക്കർമികൾക്കുള്ള പ്രതിഫലം നാമൊട്ടും പാഴാക്കുകയില്ല. എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നവർക്ക് പരലോകത്തെ പ്രതിഫലമാണ് ഉത്തമം.‘

യൂസുഫ് : 56 - 57

വിശ്വാസികൾക്കും ആതാർത്ഥതയുള്ള ദൈവ ദാസ്ർക്കുമെതിരെ എന്ത് അപവാദങ്ങളും ഗ്രൂഡാലോചനകളുമുണ്ടായാലും അവസാനം അതില് നിന്നവര് മുക്തരാക്കപ്പെടുമെന്ന് യൂസുഫിന്റെ ജീവിതം തെളിയിക്കുന്നു.

മോഷണാരോപണം

യൂസുഫിനോട് അതിയായ ശത്രുത പുലർത്തിയിരുന്ന സ്വന്തം സഹോദരങ്ങള്, അദ്ദേഹം കൊച്ചു കുട്ടിയായിരിക്കെ തന്നെ കിണറ്റിലെറിഞ്ഞു കൊല്ലാന് ശ്രമിച്ചതും അങ്ങനെ കുടുംബത്തില് നിന്നും പ്രിയപ്പെട്ടവരില് നിന്നും അകറ്റാന് ശ്രമിച്ചതും ഖുര് ആന് വിവരിക്കുന്നുണ്ട്.

വർഷങ്ങള് കഴിഞ്ഞു പോയി; യൂസുഫ് (അ) ജയില് മുക്തനാകുകയും ഈജിപ്തിന്റെ ഭണ്ഡാരത്തിന്റെ മേലധികാരിയായി നിശ്ചയിക്കപ്പെടുകയും ചെയ്തു; ഒരു ദിവസം അവര് യൂസുഫി(അ)ന്റെ അടുത്തെത്തുകയാണ്; അദ്ദേഹം തങ്ങളുടെ സഹോദരനാണെന്നറിയാതെയായിരുന്നു അവരുടെ വരവ്; ഭണ്ഡാരത്തില് നിന്നും തങ്ങൾക്കാവശ്യമായ ഭക്ഷണക്കോപ്പുകള് നേടുകയായിരുന്നു ആഗമനോദ്ദേശ്യം; പക്ഷെ സഹോദരങ്ങളെ തിരിച്ചറിഞ്ഞ യൂസുഫ്(അ) തന്റെ കൊച്ചനുജന്ന് താനാരാണെന്ന് വെളിപ്പെടുത്തിക്കൊടുത്തു; സഹോദരങ്ങള് തന്നോട് പ്രവർത്തിച്ച കുറ്റത്തിന്റെ പേരില് നിരാശപ്പെടേണ്ടെന്ന് അറിയിക്കുകയും ചെയ്തു. തന്റെ ഉടപ്പിറന്ന സഹോദരന് തന്റെ കൂടെ കഴിയണമെന്നദ്ദേഹം ആഗ്രഹിച്ചു; പക്ഷെ, അങ്ങനെ ചെയ്യുന്നതിന്ന് രാജനിയമം അനുകൂലമായിരുന്നില്ല; അതിനാല്, അദ്ദേഹം ഒരു സൂത്രം കണ്ടെത്തുകയായിരുന്നു; ഖുര് ആന് പറയുന്നു:

‘അവർ യൂസുഫിന്റെ സന്നിധിയിൽ പ്രവേശിച്ചപ്പോൾ അദ്ദേഹം തന്റെ സഹോദരനെ അടുത്തുവരുത്തി. എന്നിട്ട് അവനോട് പറഞ്ഞു: "ഞാൻ നിന്റെ സഹോദരനാണ്. ഇവർ ചെയ്യുകൂട്ടിയതിനെക്കുറിച്ചോന്നും നീയിനി ദുഃഖിക്കേണ്ടതില്ല.”
അങ്ങനെ അദ്ദേഹം ചരക്കുകൾ ഒരുക്കിക്കൊടുത്തപ്പോൾ തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ പാനപാത്രം എടുത്തുവെച്ചു. പിന്നീട് ഒരു വിളംബരക്കാരൻ വിളിച്ചുപറഞ്ഞു: "ഹേ, യാത്രാസംഘമേ, നിങ്ങൾ കള്ളന്മാരാണ്.”

അവരുടെ നേരെ തിരിഞ്ഞ് യാത്രാസംഘം ചോദിച്ചു: "എന്താണ് നിങ്ങൾക്ക് നഷ്ടപ്പെട്ടത്?”

അവർ പറഞ്ഞു: "രാജാവിന്റെ പാനപാത്രം നഷ്ടപ്പെട്ടിരിക്കുന്നു. അത് കൊണ്ടുവന്നുതരുന്നവന് ഒരൊട്ടകത്തിന് ചുമക്കാവുന്നത്ര ധാന്യം സമ്മാനമായി കിട്ടും.”
"ഞാനതിന് [5] ബാധ്യസ്ഥനാണ്.”
യാത്രാസംഘം പറഞ്ഞു: "അല്ലാഹു സത്യം! നിങ്ങൾക്കറിയാമല്ലോ, നാട്ടിൽ നാശമുണ്ടാക്കാൻ വന്നവരല്ല ഞങ്ങൾ; ഞങ്ങൾ കള്ളന്മാരുമല്ല.”
അവർ ചോദിച്ചു: "നിങ്ങൾ കള്ളം പറഞ്ഞവരാണെങ്കിൽ എന്തു ശിക്ഷയാണ് നൽകേണ്ടത്?”
യാത്രാസംഘം പറഞ്ഞു: "അതിനുള്ള ശിക്ഷയിതാണ്: ആരുടെ ഭാണ്ഡത്തിൽ നിന്നാണോ അത് കണ്ടുകിട്ടുന്നത് അവനെ പിടിച്ചുവെക്കണം. അങ്ങനെയാണ് ഞങ്ങൾ അക്രമികൾക്ക് ശിക്ഷ നൽകാറുള്ളത്.”
യൂസുഫ് തന്റെ സഹോദരന്റെ ഭാണ്ഡം പരിശോധിക്കുന്നതിനു മുമ്പ് അവരുടെ ഭാണ്ഡങ്ങൾ പരിശോധിക്കാൻ തുടങ്ങി. അവസാനമത് തന്റെ സഹോദരന്റെ ഭാണ്ഡത്തിൽ നിന്ന് പുറത്തെടുത്തു. അവ്വിധം നാം യൂസുഫിനുവേണ്ടി തന്ത്രം പ്രയോഗിച്ചു. അല്ലാഹു ഉദ്ദേശിച്ചിരുന്നെങ്കിലല്ലാതെ രാജാവിന്റെ നിയമമനുസരിച്ച് യൂസുഫിന് തന്റെ സഹോദരനെ പിടിച്ചുവെക്കാൻ സാധിക്കുമായിരുന്നില്ല. നാം ഇച്ഛിക്കുന്നവരെ നാം പല പദവികളിലും ഉയർത്തുന്നു. അറിവുള്ളവർക്കെല്ലാം ഉപരിയായി സർവജ്ഞനായി അല്ലാഹുവുണ്ട്.

യൂസുഫ് : 69 - 76

തദ്ഫലമായി, വർഷങ്ങളോളമായി തനിക്ക് കാണന് കഴിയാതെ പോയ സഹോദരനെ കൂടെ നിറുത്താനദ്ദേഹത്തിന്ന് കഴിഞ്ഞു. പക്ഷെ, ക്രൂരരും അസൂയാലുക്കളുമായ സഹോദരങ്ങള്, തന്റെ അസാന്നിധ്യത്തില്, തന്നെക്കുറിച്ച് അപവാദവും ആരോപണവും ഉന്നയിക്കുകയായിരുന്നു;

‘സഹോദരന്മാർ പറഞ്ഞു: "അവൻ കട്ടുവെങ്കിൽ അവന്റെ സഹോദരനും മുമ്പ് കട്ടിട്ടുണ്ട്.” യൂസുഫ് ഇതൊക്കെ തന്റെ മനസ്സിലൊളിപ്പിച്ചുവെച്ചു. യാഥാർഥ്യം അവരോട് വെളിപ്പെടുത്തിയില്ല. അദ്ദേഹം ഇത്രമാത്രം പറഞ്ഞു: "നിങ്ങളുടെ നിലപാട് നന്നേ മോശംതന്നെ. നിങ്ങൾ പറഞ്ഞുണ്ടാക്കുന്നതിനെപ്പറ്റിയൊക്കെ നന്നായറിയാവുന്നവനാണ് അല്ലാഹു.”

യൂസുഫ് : 77

ഈ സൂക്തങ്ങള് കാണിക്കുന്നത് പോലെ, അവിശ്വാസികളും കപടവിശ്വാസികളും, വിശ്വാസികളെ അങ്ങേയറ്റം വെറുക്കുകയും, രഹസ്യമായോ പരസ്യമായൊ അവരെ അപമാനിക്കാനും ഉപദ്രവിക്കാനും, ഓരോ സന്ദർഭവും വിനിയോഗിക്കുകയും ചെയ്യും. പക്ഷെ, ആന്തരിക യാഥാർത്ഥ്യത്തെക്കുറിച്ചു ബോധമുള്ള വിശ്വാസികളാകട്ടെ, ദൈവേച്ഛയുടെ പേരിലായിരിക്കും എപ്പോഴും വിചിന്തനം നടത്തുക. തദ്വാരാ, നല്ല ഇച്ഛാ ശക്തിയോടും സഹനത്തോടും കൂടിയായിരിക്കും അവര് പ്രതികരിക്കുക. അല്ലാഹു തങ്ങളോടൊപ്പമുണ്ടെന്ന അഗാധ വിശ്വാസമുള്ള അവര്, സദാ അവനെ വഴങ്ങുകയും ആത്മ വിശ്വാസത്തോടെ ജീവിക്കുകയും ചെയ്യുന്നു. ഈ വഴക്കം, വിശ്വാസം, സദാചാരശുദ്ധി എന്നിവയുടെ ഒരു മകുടോദാഹരണമായിരുന്ന യൂസുഫി(അ)ന്റെ ജീവിതം.

മർയമിനെതിരായ അപവാദം

ഖുര് ആന് പരിശോധിച്ചാല്, വിശ്വാസികൾക്കെതിരെ സാധാരണ വിഷയ സംബന്ധമായ അപവാദങ്ങളുന്നയിക്കപ്പെടാറുള്ളതായി കാണാം. തന്റെ ചാരിത്ര്യം അങ്ങേയറ്റം സംരക്ഷിക്കാന് ശ്രമിച്ച യൂസുഫി(അ)ന്റെ പേരില് അവസാനം ചാരിത്ര്യ രാഹിത്യം ആരോപിക്കപ്പെടുകയാണല്ലോ ഉണ്ടായത്. മറ്റുള്ളവരുടെ ദൃഷ്ടിയില് അദ്ദേഹത്തെ അപമാനിക്കുകയായിരുന്ന ലക്ഷ്യം. പക്ഷെ അല്ലാഹു അദ്ദേഹത്തെ കുറ്റമുക്തനാക്കുകയും അദ്ദേഹത്തിന്റെ നിരപരാധിത്തം പരസ്യമാക്കുകയുമാണുണ്ടായത്.

പൂർവ്വിക വിശ്വാസികൾക്കെതിരെയും സമാനമായ അപവാദമുന്നയിക്കപ്പെട്ടിട്ടുണ്ട്. വിശ്വാസം, ആത്മാർത്ഥത, വിശുദ്ധി, ചാരിത്ര്യം, മികച്ച സ്വഭാവം എന്നിവയുടെ കാര്യത്തില് ഒരു മാതൃകാ വനിതയായി അല്ലാഹു തെരഞ്ഞെടുത്ത ഒരു ഭക്തയായിരുന്ന മര് യം. തനിക്കൊരു കുഞ്ഞുണ്ടാകാന് പോകുന്ന വിവരം മലക്കുകള് അവരെ അറിയിക്കുന്ന കാര്യം ഖുര് ആന് വിവരിക്കുന്നതിങ്ങനെ:

‘മലക്കുകൾ പറഞ്ഞതോർക്കുക: "മർയം, അല്ലാഹു നിന്നെ പ്രത്യേകം തെരഞ്ഞെടുത്തിരിക്കുന്നു. വിശുദ്ധയും ലോകത്തിലെ മറ്റേത് സ്ത്രീകളെക്കാളും വിശിഷ്ടയുമാക്കിയിരിക്കുന്നു.’

ആല് ഇമ്രാന്; 42

കുടുംബം വിട്ടു കിഴക്ക് ദിശയിലേക്ക് പോയ മർയം, തനിക്ക് ദിവ്യ സന്ദേശമെത്തിക്കാനായി ദൈവനിയുക്തനായ ജിബ്രീലിനെ കണ്ടുമുട്ടുന്നത് അതിസുന്ദരനായൊരു പുരുഷനായായിരുന്നു. ഖുര് ആന് പറയുന്നു:

‘ഈ വേദപുസ്തകത്തിൽ മർയമിന്റെ കാര്യം വിവരിക്കുക. അവർ തന്റെ സ്വന്തക്കാരിൽ നിന്നകലെ കിഴക്കൊരിടത്ത് കഴിഞ്ഞുകൂടിയ കാലം. സ്വന്തക്കാരിൽ നിന്നൊളിഞ്ഞിരിക്കാൻ അവരൊരു മറയുണ്ടാക്കി. അപ്പോൾ നാം നമ്മുടെ മലക്കിനെ മർയമിന്റെ അടുത്തേക്കയച്ചു. മലക്ക് അവരുടെ മുമ്പിൽ തികഞ്ഞ മനുഷ്യരൂപത്തിൽ പ്രത്യക്ഷമായി.
അവർ പറഞ്ഞു: "ഞാൻ നിങ്ങളിൽനിന്ന് പരമകാരുണികനായ അല്ലാഹുവിൽ അഭയം തേടുന്നു. നിങ്ങളൊരു ഭക്തനെങ്കിൽ?”

മലക്ക് പറഞ്ഞു: "നിനക്ക് പരിശുദ്ധനായൊരു പുത്രനെ പ്രദാനം ചെയ്യാൻ നിന്റെ നാഥൻ നിയോഗിച്ച ദൂതൻ മാത്രമാണ് ഞാൻ.”

അവർ പറഞ്ഞു: "എനിക്കെങ്ങനെ പുത്രനുണ്ടാകും? ഇന്നോളം ഒരാണും എന്നെ തൊട്ടിട്ടില്ല. ഞാൻ ദുർനടപ്പുകാരിയുമല്ല.”
മലക്ക് പറഞ്ഞു: "അതൊക്കെ ശരിതന്നെ. എന്നാലും അതുണ്ടാവും. നിന്റെ നാഥൻ പറയുന്നു: നമുക്കത് നന്നെ നിസ്സാരമായ കാര്യമാണ്. ആ കുട്ടിയെ ജനങ്ങൾക്കാരടയാളവും നമ്മിൽ നിന്നുള്ള കാരുണ്യവുമാക്കാനാണ് നാം അങ്ങനെ ചെയ്യുന്നത്. അത് തീരുമാനിക്കപ്പെട്ട കാര്യമാണ്.”

മർയം : 16 – 21

ദൈവേച്ഛയാല്, മർയം , പിതാവില്ലാതെ ഒരു കുഞ്ഞിന്ന് ജന്മം നൽകി. പക്ഷെ, സ്വന്തം ആളുകളുടെയടുത്തേക്ക് തിരിച്ചു ചെന്നപ്പോള് , നീരസത്തോടും വ്യഭിചാരാരോപണത്തോടും കൂടിയായിരുന്നു അവര് സ്വീകരിച്ചത്.

‘പിന്നെ അവർ ആ കുഞ്ഞിനെയെടുത്ത് തന്റെ ജനത്തിന്റെ അടുത്തു ചെന്നു. അവർ പറഞ്ഞുതുടങ്ങി: "മർയമേ, കൊടിയ കുറ്റമാണല്ലോ നീ ചെയ്തിരിക്കുന്നത്. "ഹാറൂന്റെ സോദരീ, നിന്റെ പിതാവ് വൃത്തികെട്ടവനായിരുന്നില്ല. നിന്റെ മാതാവ് പിഴച്ചവളുമായിരുന്നില്ല.”

മർയം : 27 – 28

പക്ഷെ, സ്വന്തം ആളുകളുടെ ആരോപണങ്ങളും നീരസങ്ങളും അവഹണിച്ചു കൊണ്ട്, അല്ലാഹു സദാ തന്നോടൊപ്പമുണ്ടെന്ന ബോധ്യത്തോടെ, വിശ്വാസത്തില് അചഞ്ചലയായി നിലകൊള്ളുകയാണവര് ചെയ്തത്. അവരോട് സംസാരിക്കരുതെന്ന ദൈവിക നിർദ്ദേശം അവര് പാലിച്ചു. തദ്സ്ഥാനത്ത്, തൊട്ടിലില് കിടന്നിരുന്ന പിഞ്ചു കുഞ്ഞായിരുന്നു, അത്ഭുതകരമായ രൂപത്തില് അവരോട് സംസാരിച്ചത്.

സത്യത്തില്, മർയം ഒരു ചരിത്രവനിതയാണെന്നവർക്കറിയാമായിരുന്നു. പക്ഷെ, തങ്ങളുടെ തെറ്റായ വിശ്വാസങ്ങളുടെ അനുധാവകയല്ലാത്തതിനാല്, അവരെ വെറുക്കുകയായിരുന്നു. ഈസ(അ) താനൊരു പ്രവാചകനാണെന്ന്, ശിശുവായിരിക്കെ തൊട്ടിലില് വെച്ചു തന്നെ പ്രസ്താവിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ മാതാവെന്ന നിലയില്, മർയം ആളുകളുടെ പരിഹാസങ്ങൾക്കും ആരോപണങ്ങൾക്കും വിധേയയാവുകയും ചെയ്തു. എന്നാല്, അവരെക്കതിരെ അധരവ്യായാമം നടത്തിയ എല്ലാവരും തന്നെ, തങ്ങളുടെ ചെയ്തികൾക്കർഹമായ ശിക്ഷ ഇഹത്തിലും പരത്തിലും അനുഭവിക്കുകയായിരുന്നു. അങ്ങനെ , അവരുടെ അപവാദാരോപണങ്ങള്

വിഫലമായി; മർയമിനെയൊ പുത്രനെയോ ഉപദ്രവിക്കനവർക്കായില്ല.; അല്ലഹ ആളുകൾക്ക് മുമ്പില് അവരിരുവരുടെയും വിശുദ്ധി വെളിപ്പെടുത്തുകയും ചെയ്തു.ഇന്ന്, എല്ലാ മതവിഭാഗങ്ങളിലെയും ആളുകള് മർയമിനെ അത്യുന്നത പദവിയിലാണ് കാണുന്നത്. ഉദാഹരണമിതാ:

'ഇംറാന്റെ പുത്രി മർയമിനെയും ഉദാഹരണമായി എടുത്തു കാണിക്കുന്നു. അവർ തന്റെ ഗുഹ്യസ്ഥാനം കാത്തുസൂക്ഷിച്ചു. അപ്പോൾ നാം അതിൽ നമ്മിൽ നിന്നുള്ള ആത്മാവിനെ ഊതി. അവളോ തന്റെ നാഥനിൽ നിന്നുള്ള വചനങ്ങളേയും വേദങ്ങളേയും സത്യപ്പെടുത്തി. അവൾ ഭക്തരിൽ പെട്ടവളായിരുന്നു.'.

തഹ്രീം :12

എന്നാല്, മർയമിനെ അപവദിച്ചവരെ കാത്തിരിക്കുന്ന ദൗർഭാഗ്യം അറിയുക വളരെ പ്രധാനമാണ്. അക്കാലം മുതല്, ധാരാളം മതവിരുദ്ധർ അവരെയും അവരുടെ ചാരിത്ര്യത്തെയും കുറിച്ച് സംസാരിച്ചിട്ടുണ്ട്. തദ്ഫലമായി,

'എന്നിട്ടും അവർ കരാർ ലംഘിച്ചു. ദൈവിക വചനങ്ങളെ ധിക്കരിച്ചു. അന്യായമായി പ്രവാചകന്മാരെ കൊന്നു. തങ്ങളുടെ ഹൃദയങ്ങൾ മൂടിക്കുള്ളിൽ ഭദ്രമാണെന്ന് വീമ്പുപറഞ്ഞു. അങ്ങനെ അവരുടെ നിഷേധഫലമായി അല്ലാഹു അവരുടെ മനസ്സുകൾ അടച്ചുപൂട്ടി മുദ്രവെച്ചു. അതിനാൽ അവർ വളരെ കുറച്ചേ വിശ്വസിക്കുന്നുള്ളൂ.
അവരുടെ സത്യനിഷേധം കാരണമായും മർയമിന്റെ പേരിൽ ഗുരുതരമായ അപവാദം പറഞ്ഞതിനാലുമാണത്.

ദൈവദൂതനായ, മർയമിന്റെ മകൻ മസീഹ് ഈസായെ ഞങ്ങൾ കൊന്നിരിക്കുന്നുവെന്ന് വാദിച്ചതിനാലും. സത്യത്തിലവർ അദ്ദേഹത്തെ കൊന്നിട്ടില്ല. ക്രൂശിച്ചിട്ടുമില്ല. അവർ ആശയക്കുഴപ്പത്തിലാവുകയാണുണ്ടായത്. അദ്ദേഹത്തിന്റെ കാര്യത്തിൽ ഭിന്നാഭിപ്രായമുള്ളവർ അതേപ്പറ്റി സംശയത്തിൽ തന്നെയാണ്. കേവലം ഊഹാപോഹത്തെ പിന്തുടരുന്നതല്ലാതെ അവർക്ക് അതേപ്പറ്റി ഒന്നുമറിയില്ല. അവരദ്ദേഹത്തെ കൊന്നിട്ടില്ല; ഉറപ്പ്.'

അന്നിസാ: 155 – 157

വ്യഭിചാരാരോപണം നേരിട്ട വിശ്വാസികൾ

വിശ്വാസികൾക്കതിരെ ചാരിത്ര്യസംബന്ധമായ ആരോപണം നബി(സ)യുടെ കാലത്തുമുണ്ടായിട്ടുണ്ട്. യൂസുഫും(അ) മർയമും അനുഭവിച്ചതില് നിന്നും ഒട്ടും വ്യത്യസ്തമായിരുന്നില്ല അവ.

ഒരു വിശ്വാസിനിയെ അപവദിക്കുക വഴി ഒരു പറ്റം അവിശ്വാസികള് സ്വയം കുറ്റം ചെയ്യുകയായിരുന്നു. മറ്റൊരാളെ അപവദിക്കുകയും അയാൾക്കതിരെ നുണ പറയുകയും അവിശ്വാസികളെ സംബന്ധിച്ചിടത്തോളം സുകരമാണെങ്കിലും, അതിന്റെ

ശിക്ഷ വളരെ ക്രൂക്ഷമാണ്. സാധാരണയില്, അതെക്കുറിച്ചവര് ബോധവാന്മാരല്ലെന്ന് മാത്രം. അഥവ, ബോധവാന്മാരാണെങ്കില് തന്നെ അത് വളരെ വിദൂരമായാണ് അവര് കണക്കാക്കുക. ഒരു വാക്കും അല്ലാഹു മറക്കുകയില്ലെന്ന് മനസ്സിലാക്കിയാല്, പരിശുദ്ധരും ചാരിത്ര്യശുദ്ധിയുള്ളവരും ആദരണീയരുമായ ആളുകളെ അപമാനിക്കാന് ശ്രമിക്കുന്നവര്, തങ്ങളുടെ കുറ്റങ്ങളെക്കുറിച്ച് ഓർമ്മിപ്പിക്കപ്പെടുകയും പരലോകത്ത് അവരെ കാത്തിരിക്കുന്ന ദുരിതങ്ങള് കാണിക്കപ്പെടുകയും ചെയ്യുമ്പോള് , കടുത്ത ദു:ഖവും അവർണ്ണനീയമായ വേദനയുമായിരിക്കും അനുഭവിക്കുക. ചാരിത്ര്യശുദ്ധിയുള്ള വനിതകളെ അപവദിച്ചവർക്കെന്തു സംഭവിക്കുമെന്ന് അല്ലാഹു പറയുന്നത് കാണുക:

‘പതിവ്രതകളും ദുർന്നടപടിയെക്കുറിച്ചാലോചിക്കുകപോലും ചെയ്യാത്തവരുമായ സത്യവിശ്വാസിനികളെസംബന്ധിച്ച് ദുരാരോപണമുന്നയിക്കുന്നവർ ഇഹത്തിലും പരത്തിലും ശപിക്കപ്പെട്ടിരിക്കുന്നു. അവർക്ക് കഠിനമായ ശിക്ഷയുണ്ട്. അവർ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതിനെപ്പറ്റി അവരുടെതന്നെ നാവുകളും കൈകാലുകളും സാക്ഷിനിൽക്കുന്ന നാളിലാണ് അതുണ്ടാവുക. അന്ന് അല്ലാഹു അവർക്ക് അവരർഹിക്കുന്ന പ്രതിഫലം പൂർണമായി നൽകും. അല്ലാഹു തന്നെയാണ് പ്രത്യക്ഷമായ സത്യമെന്ന് അവർ അന്നറിയും.‘

അന്നൂറ് ; 23 – 25

സുലൈമാന് നബി(അ)ക്കെതിരെ അപവാദങ്ങൾ

വലിയൊരു സമ്പത്തിന്റെയും അധികാരത്തിന്റെയും ഉടമയായിരുന്ന സുലൈമാനെ(അ)ന്ന് ഖുര് ആന് വിവരിക്കുന്നുണ്ട്. താനാർജ്ജിച്ച എല്ലാ സമ്പത്തും അധികാരവും ദൈവത്തില് നിന്നുള്ള ദാനവും അനുഗ്രഹവുമാണെന്ന പൂർണ്ണ ബോധ്യത്തോടെ, സദാ സമയവും അവനോട് കൃതജ്ഞത പ്രകാശിപ്പിച്ചിരുന്നു.

ദൈവിക ഗ്രന്ഥം നിഷേധിക്കുന്നവര്, സുലൈമാന്റെ(അ)ഭരണത്തെ കുറിച്ച് പിശാച് പറയുന്നതാണ് വിശ്വസിക്കുന്നതെന്ന് ഖുര് ആന് പറയുന്നു;

‘അവരുടെ അടുത്ത് ദൈവദൂതൻ വന്നെത്തി. അദ്ദേഹം അവരുടെ വശമുള്ളതിനെ സത്യപ്പെടുത്തുന്നവനായിരുന്നു. എന്നിട്ടും വേദം കിട്ടിയവരിലൊരുകൂട്ടർ ആ ദൈവികഗ്രന്ഥത്തെ പിറകോട്ട് വലിച്ചെറിഞ്ഞു. അവർക്കാനും അറിയാത്തപോലെ. സുലൈമാന്റെ [25] ആധിപത്യത്തിനെതിരെ പിശാചുക്കൾ പറഞ്ഞുപരത്തിയതൊക്കെയും അവർ പിൻപറ്റി. യഥാർഥത്തിൽ സുലൈമാൻ അവിശ്വാസി ആയിട്ടില്ല. അവിശ്വസിച്ചത് ആ പിശാചുക്കളാണ്. അവർ ജനങ്ങൾക്ക് മാരണം പഠിപ്പിക്കുകയായിരുന്നു. ബാബിലോണിയയിലെ ഹാറൂത്, മാറൂത് എന്നീ മലക്കുകൾക്ക് ഇറക്കിക്കൊടുത്തതിനെയും അവർ പിൻപറ്റി. അവരിരുവരും അതാരെയും പഠിപ്പിച്ചിരുന്നില്ല: “ഞങ്ങളൊരു പരീക്ഷണം; അതിനാൽ നീ

സത്യനിഷേധിയാകരുത്" എന്ന് അറിയിച്ചുകൊണ്ടല്ലാതെ. അങ്ങനെ ജനം അവരിരുവരിൽനിന്ന് ഭാര്യാ-ഭർത്താക്കന്മാർക്കിടയിൽ വിടവുണ്ടാക്കുന്ന വിദ്യ പഠിച്ചുകൊണ്ടിരുന്നു. എന്നാൽ അല്ലാഹുവിന്റെ അനുവാദമില്ലാതെ അവർക്ക് അതുപയോഗിച്ച് ആരെയും ദ്രോഹിക്കാനാവില്ല. തങ്ങൾക്കു ദോഷകരവും ഒപ്പം ഒട്ടും ഉപകാരമില്ലാത്തതുമാണ് അവർ പഠിച്ചുകൊണ്ടിരുന്നത്. ആ വിദ്യ സ്വീകരിക്കുന്നവർക്ക് പരലോകത്ത് ഒരു വിഹിതവുമില്ലെന്ന് അവർക്കുതന്നെ നന്നായറിയാം. അവർ സ്വന്തത്തെ വിറ്റുവാങ്ങിയത് എത്ര ചീത്ത? അവരതറിഞ്ഞിരുന്നെങ്കിൽ.'

' അല് ബഖറ: 101 – 102

അവിശ്വാസികളും അപവാദക്കാരും വിശ്വാസികളുമായി അനുരജ്ഞനമാഗ്രഹിക്കുന്നവരും സുലൈമാന്റെ(അ)ഭരണത്തെ കുറിച്ച് നുണകള് കണ്ടു പിടിക്കുകയായിരുന്നു. അദ്ദേഹം ആഡംബരവും ഗംഭീരവുമായ ജീവിതം തെരഞ്ഞെടുത്തതിനെ കുറിച്ച് നുണകള് പ്രചരിപ്പിക്കപ്പെട്ടതായി ചില ചരിത്രകാരന്മാര് രേഖപ്പെടുത്തിയിട്ടുണ്ട്.

ഇത്തരം നുണകള് പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ടെങ്കില്, അത് കേവലം അപവാദങ്ങള് മാത്രമാണ്. കാരണം, സമ്പത്ത് ഒരു ദൈവിക സമ്മാനമാണെന്ന പൂർണ്ണ ബോധ്യത്തോടെയായിരുന്നു അദ്ദേഹം ജീവിച്ചിരുന്നത്. അവന്റെ പ്രവാചകനെന്ന നിലയില് തനിക്ക് ലഭിച്ചതിന്റെ പേരില് എപ്പോഴും കൃതജ്ഞത പ്രകാശിപ്പിക്കുകയും ചെയ്തിരുന്നു, അല്ലാഹു ഇച്ഛിച്ച രീതിയില് മാത്രമായിരുന്നു തന്റെ സമ്പത്തും അധികാരവും അദ്ദേഹം വിനിയോഗിച്ചിരുന്നത്.

വിദ്വേഷപരമായ ഈ അപവാദങ്ങള് പ്രചരിപ്പിക്കാനുള്ള യഥാർത്ഥ കാരണം, മതത്തോടുള്ള അവരുടെ ഭയങ്കര വിദ്വേഷമായിരുന്നു. വിശ്വാസികളെ, പ്രത്യേകിച്ച് പ്രവാചകന്മാരെ, ആഡംബരവും അമിതാഹ്ലാദവും ബാധിച്ച ദുർബ്ബല വിശ്വാസികളായി ചിത്രീകരിക്കുക, അവരുടെ ചാരിത്ര്യത്തെക്കുറിച്ച് സംശയം ജനിപ്പിക്കുക എന്നിവ സത്യവിശ്വാസത്തില് നിന്നും സത്യം കേൾക്കുന്നതില് നിന്നും ആളുകളെ തടയാന് അവിശ്വാസികള് പ്രയോഗിക്കുന്ന ഒരു രീതിയാണ്. പക്ഷെ, ഇത്തരം ശ്രദ്ധാലോചനകളെ അല്ലാഹു തകർക്കുകയും വിശ്വാസികളെ കൂറ്റമുക്തരാക്കി അവതരിപ്പിക്കുകയും ചെയ്യു പോരികയുമായിരുന്നു.

ക്ഷമയോടും ദൈവവിശ്വാസത്തോടും അവനെ വഴങ്ങിയും, ഇത്തരം അപവാദങ്ങളെ അഭിമുഖീകരിച്ച വിശ്വാസികള് തങ്ങളുടെ പരലോകത്തെ അന്തസ്സ് വർദ്ധിപ്പിക്കുകയായിരുന്നു. അവരെ ഉപദ്രവിക്കാനുള്ള ഏതൊരു യത്നവും വിഫലമാകുക മാത്രമല്ല, അതവർക്ക് ശാശ്വതമായ അനുഗ്രഹവും പ്രതിഫലവും നേടുന്നതിന്ന് സഹായകമാവുകയുമാണുണ്ടായത്.

പരിഹാസവും അപവാദാരോപണങ്ങളും

മുമ്പ് പറഞ്ഞത് പോലെ, സത്യപ്രബോധനത്തില് നിന്നും വിശ്വാസികളെ തടയാന് അവിശ്വാസികള് പരമാവധി ശ്രമിക്കുകയുണ്ടായി. പ്രവാചകന്മാർക്കും ഭക്തരായ വിശ്വാസികൾക്കുമെതിരെ നടത്തപ്പെട്ട നിരവധി അപവാദങ്ങളെ വിവരിക്കുന്ന ഖുര് ആനിക സൂക്തങ്ങളുടെ ഒരു പട്ടിക ഈ പുസ്തകത്തിലുടനീളം നാം കൊടുക്കുന്നുണ്ട്. 'നിങ്ങൾക്കുമുമ്പെ വേദം ലഭിച്ചവരിൽ നിന്നും ബഹുദൈവ വിശ്വാസികളിൽ നിന്നും നിങ്ങൾ ധാരാളം ചീത്തവാക്കുകൾ കേൾക്കേണ്ടിവരും..' [ആലു ഇമ്രാന്. 186] എന്ന് ഖുര് ആന് പറയുന്നത് പോലെ, വിശ്വാസികളെ അപമാനിക്കാന് അവര് രൂപം നൽകിയ നുണകള് അടുത്ത താളുകളില് നാം പരിശോധിക്കും. വിദ്വേഷം, അപമാനം, മനോവ്യഥ എന്നിവയിലൂടെ അല്ലാഹുവോടും അവന്റെ മതത്തോടും ശത്രുത പ്രകടിപ്പിക്കുന്നവര് വിജയിക്കുകയില്ലെന്ന് നാം കാണുകയും ചെയ്യും.

അഹങ്കാരാരോപണം

വിശ്വാസികൾക്കെതിരെ പതിവായി ആരോപിക്കപ്പെടുന്ന ഒരപവാദമാണ് അഹങ്കാരം. എല്ലാവരാലും വെറുക്കപ്പെടുന്ന ഒരു സ്വഭാവമാണല്ലൊ ഇത്. അതിനാല് തന്നെ, ഈ ആരോപണത്തിന്റെ ലക്ഷ്യവും മുമ്പ് പറഞ്ഞത് തന്നെ: മത സദാചാരം സ്വീകരിക്കുന്നതില് നിന്ന് ആളുകളെ തടയുക. ഇത്തരമാളുകളെ ആളുകള് വെറുക്കുക സ്വാഭാവികമാണല്ലൊ. അവരോട് ബന്ധപ്പെടാനോ താരതമ്യം ചെയ്യപ്പെടാനോ ആരും ഇഷ്ടപ്പെടുകയില്ല. ഈ മന:ശാസ്ത്രം മനസ്സിലാക്കിയ അവിശ്വാസികള്, തങ്ങളുടെ ലക്ഷ്യ സാഫല്യാർത്ഥം , ഈ ആരോപണം വിശ്വാസികളിലാരോപിക്കുന്നു.

ഇത്തരമൊരാരോപണം അഭിമുഖീകരിച്ച പ്രവാചകനായിരുന്ന സ്വാലിഹ് നബി(അ).

'സമൂദ് സമുദായം മുന്നറിയിപ്പുകളെ കള്ളമാക്കി തള്ളി.
അങ്ങനെ അവർ ചോദിച്ചു: "നമ്മുടെ കൂട്ടത്തിലെ ഒരു മനുഷ്യനെ നാം പിന്തുടരുകയോ? എങ്കിൽ നാം വഴികേടിലും ബുദ്ധിശൂന്യതയിലും അകപ്പെട്ടതുതന്നെ. "നമുക്കിടയിൽനിന്ന് ഇവന് മാത്രം ഉദ്ബോധനം നൽകപ്പെട്ടുവെന്നോ? ഇല്ല; ഇവൻ അഹങ്കാരിയായ പെരുങ്കള്ളനാണ്."
എന്നാൽ നാളെ അവരറിയുകതന്നെ ചെയ്യും. ആരാണ് അഹങ്കാരിയായ പെരുങ്കള്ളനെന്ന്.'

അല് ഖമര് : 23 – 26

ഈ സൂക്തങ്ങള് വെളിപ്പെടുത്തുന്നത് പോലെ, തങ്ങൾക്കിടയില് നിന്നൊരാളെ ഉദ്ബോധനത്തിന്നായി ദൈവം തെരഞ്ഞെടുക്കുന്നത് സഹിക്കാന് സ്വാലിഹ് നബി(അ)യുടെ ജനതക്കായില്ല. അതിനാല് തന്നെ, ദൈവത്തിന്റെ ഉത്തമ ഭക്തനും വിശ്വസ്ഥനും വിനയാന്വിതനുമായ സ്വാലിഹ് നബി(അ)യെ വെറുപ്പോടെയായിരുന്ന

അവര് സ്വീകരിച്ചത്. സത്യമതത്തിലേക്കും, ധാർമിക സദാചാരത്തിലേക്കും, സദ് പാന്ഥാവിലേക്കും അദ്ദേഹം അവരെ ക്ഷണിച്ചപ്പോള് അവരദ്ദേഹത്തെ അപവദിക്കുകയായിരുന്നു. കേവലം വാചികമായ ഈ ആക്രമണം താരതമ്യേന നിസ്സാരമായി വിലയിരുത്തപ്പെട്ടേക്കാം. പക്ഷെ, ഇത്തരക്കാർക്കുള്ള ഭൌതികവും പാരത്രികവുമായ ശിക്ഷകളെക്കുറിച്ച് വിശ്വാസികള് ഓർമ്മിക്കേണ്ടതുണ്ട്. ആർക്കും രക്ഷപ്പെടാന് കഴിയാത്ത ഖണ്ഡിതമായ ഒരു നിയമമത്രെ ഇത്.

സ്വാലിഹ് നബി(അ)യുടെ ജനതയുടെ അന്ത്യത്തെക്കുറിച്ച് ഖുര് ആന് പറയുന്നു:

'അപ്പോൾ നമ്മുടെ ശിക്ഷയും താക്കീതും എവ്വിധമായിരുന്നുവെന്നോ?

നാം അവരുടെമേൽ ഒരു ഘോരഗർജനമയച്ചു. അപ്പോഴവർ കാലിത്തൊഴുത്തിലെ കച്ചിത്തുരുമ്പുകൾ പോലെയായി.'

അല് ഖമര് ; 30 - 31

മാനസിക രോഗാരോപണം

അല്ലാഹുവോടും അവന്റെ ദൂതന്മാരോടും ശത്രുത പ്രകടിപ്പിക്കാനായി സത്യനിഷേധികള് എല്ലായ്പോഴും ഈ അപവാദം ആരോപിച്ചിരുന്നു. യൂസുഫ്(അ), മര്യം (അ), നബി(സ)യുടെ സഹാബിമാര് എന്നിവരുടെ ചാരിത്ര്യത്തെ സംബന്ധിച്ച് ഉന്നയിക്കപ്പെട്ട അപവാദങ്ങള് ഇതെല്ലാം പ്രാചീന അപവാദ രീതികളാണെന്ന് തെളിയിക്കുന്നു. മാനസിക രോഗം – ഭ്രാന്ത് – ആണ് പ്രവാചകന്മാരില് ഉന്നയിക്കപ്പെട്ട മറ്റൊരാരോപണം. മുഹമ്മദ് നബി(സ)യടക്കമുള്ള പല പ്രവാചന്മാരും ഈ അപവാദത്തിന്ന് ഇരകളായിട്ടുണ്ട്. അല്ലാഹുവോടും അവന്റെ മതത്തോടും അവർക്കുണ്ടായിരുന്ന ഭക്തിയായിരുന്നു കാരണം. ഖുര് ആന് പറയുന്നു:

'അതല്ല; തങ്ങളുടെ ദൂതനെ പരിചയമില്ലാത്തതിനാലാണോ അവരദ്ദേഹത്തെ തള്ളിപ്പറയുന്നത്?

അതുമല്ലെങ്കിൽ അദ്ദേഹത്തിന് ഭ്രാന്തുണ്ടെന്നാണോ അവർ പറയുന്നത്? എന്നാൽ അറിയുക. സത്യസന്ദേശവുമായാണ് അദ്ദേഹം അവരുടെയടുത്ത് വന്നെത്തിയത്. എന്നാൽ അവരിലേറെപ്പേരും സത്യത്തെ വെറുക്കുന്നവരാണ്.

സത്യം അവരുടെ തന്നിഷ്ടങ്ങളെ പിൻപറ്റിയിരുന്നുവെങ്കിൽ ആകാശഭൂമികളും അവയിലെല്ലാമുള്ളവരും കുഴപ്പത്തിലാകുമായിരുന്നു. എന്നാൽ, നാം അവർക്കുള്ള ഉദ്ബോധനവുമായാണ് അവരെ സമീപിച്ചത്. എന്നിട്ടും അവർ തങ്ങൾക്കുള്ള ഉദ്ബോധനം അവഗണിക്കുകയാണുണ്ടായത്.'

അല് മു'മിനൂന്: 69 – 71

അവിശ്വസികളിലെ ഭൌതിക താല്പര്യങ്ങളും പ്രവാചകന്മാര് കൊണ്ടുവന്ന സത്യവും തമ്മിലുള്ള സംഘർഷമായിരുന്നു ഈ ശത്രുതക്ക് കാരണം. തങ്ങള് സന്ദേശമെത്തിച്ചു

കൊടുക്കുന്നതിന്റെ പേരില് പ്രവാചകന്മാര് യാതൊരു പ്രതിഫലവും വാങ്ങിയിരുന്നില്ലെങ്കിലുമവരുടെ ജനങ്ങളിലധികപേരും, തങ്ങളിലിവര് വലിയൊരു ബാധ്യത ഏല്പിച്ചുവെന്നത് പൊലെ, അവരെ തിരസ്കരിക്കാനും വധിക്കാന് പോലും മുതിരുകയാണുണ്ടായത്. യഥാർത്ഥത്തില്, ഈ ഉദ്യമങ്ങളൊന്നും തന്നെ, അവിശ്വാസികളുടെ പാരത്രിക നിയതിയില്, യാതൊരു ഭേദഗതിയും വരുത്തുകയില്ല. അല്ലാഹു പറയുന്നു:

‘അല്ല; നീ അവരോടു വല്ല പ്രതിഫലവും ആവശ്യപ്പെടുന്നുണ്ടോ? എന്നാൽ ഓർക്കുക: നിന്റെ നാഥന്റെ പ്രതിഫലമാണ് മഹത്തരം. അവൻ അന്നദാതാക്കളിൽ അത്യുത്തമൻ തന്നെ.

തീർച്ചയായും നീയവരെ നേർവഴിയിലേക്കാണ് വിളിച്ചുകൊണ്ടിരിക്കുന്നത്. എന്നാൽ, പരലോക വിശ്വാസമില്ലാത്തവർ ആ നേർവഴിയിൽ നിന്ന് തെറ്റിപ്പോകുന്നവരാണ്.‘

അല് മു’മിനൂന് ; 72 – 74

പ്രവാചകന്മാരില് ഭ്രാന്ത് ആരോപിക്കുന്നത് ഒരു പാരമ്പര്യമായിത്തന്നെ തുടർന്നു പോന്നിരുന്നുവെന്ന് ചരിത്രം രേഖപ്പെടുത്തുന്നു. സകല പ്രവാചകന്മാരും, അവരുടെ ശേഷം പ്രബോധനം നടത്തിയ വിശ്വാസികളും ഈ അപവാദത്തിന്നിരയായിട്ടുണ്ട്. പക്ഷെ, ഇതെല്ലാം അവഗണിച്ചുകൊണ്ട് ഭക്തരായ ജനത അല്ലാഹുവിന്റെ ശരിയായ പാതയില് തന്നെ ഉറച്ചു നിന്നും പോന്നിട്ടുണ്ട്. ഈ ആരോപണത്തെ കുറിക്കുന്ന ചില സൂക്തങ്ങളാണ് താഴെ:

മുഹമ്മദ് നബി(സ)

‘സത്യനിഷേധികൾ പറഞ്ഞു: "ഉദ്ബോധനം ഇറക്കിക്കിട്ടിയവനേ, നീയൊരു ഭ്രാന്തൻ തന്നെ.”

അല് ഹിജ്ർ ; 6

‘ഈ ഉദ്ബോധനം കേൾക്കുമ്പോൾ സത്യനിഷേധികൾ നീ നിന്റെ കാലിടറി വീഴുമാറ് നിന്നെ തുറിച്ചു നോക്കുന്നു. ഇവൻ ഒരു മുഴ ഭ്രാന്തൻ തന്നെയെന്ന് പുലമ്പുകയും ചെയ്യുന്നു.‘

അല് ഖലം ; 51

‘അപ്പോൾ അവരദ്ദേഹത്തെ അവഗണിച്ച് പിന്തിരിയുകയാണുണ്ടായത്. അവരിങ്ങനെ പറയുകയും ചെയ്തു: "ഇവൻ പരിശീലനം ലഭിച്ച ഒരു ഭ്രാന്തൻ തന്നെ.‘

അദ്ദുഖാന്; 14

ഹൂദ്(അ)

‘അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: "നീ വിഡ്ഢിത്തത്തിലകപ്പെട്ടതായി ഞങ്ങൾ കാണുന്നു. നീ കള്ളം പറയുന്നവൻ തന്നെയാണെന്ന് ഞങ്ങൾ കരുതുന്നു.”

അദ്ദേഹം പറഞ്ഞു: "എന്റെ ജനമേ, ഒരു വിഡ്ഢിത്തവും എനിക്കില്ല. എന്നാൽ ഓർക്കുക: ഞാൻ പ്രപഞ്ചനാഥന്റെ ദൂതനാണ്.

"ഞാനെന്റെ നാഥന്റെ സന്ദേശങ്ങൾ നിങ്ങൾക്കെത്തിച്ചുതരുന്നു. നിങ്ങൾക്ക് വിശ്വസിക്കാവുന്ന നിങ്ങളുടെ ഗുണകാംക്ഷിയാണ് ഞാൻ.'

അല് അ'റാഫ്; 66 -68

നൂഹ് (അ)

"ഇയാൾ ഭ്രാന്തുബാധിച്ച ഒരാൾ മാത്രമാണ്. അതിനാൽ ഇയാളുടെ കാര്യത്തിൽ നിങ്ങൾ ഇത്തിരികാലം കാത്തിരിക്കുക."

നൂഹ് പ്രാർഥിച്ചു: "എന്റെ നാഥാ, ഈ ജനം എന്നെ തള്ളിപ്പറഞ്ഞിരിക്കുന്നു. അതിനാൽ നീയെനിക്കു തുണയായുണ്ടാകേണമേ."

അല് മു'മിനൂന്: 25 -26

'ഇവർക്കുമുമ്പ് നൂഹിന്റെ ജനതയും ഇവ്വിധം സത്യത്തെ നിഷേധിച്ചിട്ടുണ്ട്. അങ്ങനെ അവർ നമ്മുടെ ദാസനെ തള്ളിപ്പറഞ്ഞു. ഭ്രാന്തനെന്ന് വിളിച്ചു. വിരട്ടിയോടിക്കുകയും ചെയ്തു'

അല് ഖമര്: 9

മൂസാ (അ)

"ഫറവോൻ പറഞ്ഞു: "നിങ്ങളിലേക്ക് അയക്കപ്പെട്ട നിങ്ങളുടെ ഈ ദൈവദൂതൻ ഒരു മുഴുഭ്രാന്തൻ തന്നെ; സംശയം വേണ്ടാ."

അശ്ശുഅറാ' : 27

ഉപര്യുക്ത സൂക്തങ്ങള് വ്യക്തമാക്കുന്നത് പോലെ, അപമാനിക്കുകയെന്ന ലക്ഷ്യത്തോടെ, അവിശ്വാസികള്, പ്രവാചകന്മാരെ കുറിച്ച് ഭ്രാന്ത്, ബുദ്ധിപരമായ തകരാറ്, ബാധ എന്നീ അപവാദങ്ങള് ഉന്നയിച്ചിരുന്നു. സത്യമതത്തെ തള്ളിക്കളയുക, അത് വഴി, ഇച്ഛാനുസാരമുള്ള ജീവിതം തുടരാനും ദൈവത്തോട് മറുപടി പറയേണ്ടെന്ന് കരുതി സ്വതന്ത്രരായി കഴിയുക എന്നിവയായിരുന്നു അവരുടെ ഉദ്ദേശ്യം. ഇത്തരം ആരോപണമുന്നയിക്കപ്പെട്ട വ്യക്തികളെ പിന്തുടരാന് ആരും സന്നദ്ധരാവുകയില്ലെന്ന വിശ്വാസമായിരുന്നു അവർക്ക് പ്രേരകം.

എന്നാല്, പ്രവാചകന്മാരുടെ പേരില് ഇത്തരമപവാദങ്ങള് ഉന്നയിച്ചവര് എപ്പോഴും ഒരേ ദൗർഭാഗ്യം തന്നെയാണ് കാണുക. മൂസാ (അ)യില് ഭ്രാന്തും ആഭിചാരവും ആരോപിച്ച ഫറോവക്കെന്തു പറ്റിയെന്ന് ഖുര് ആന് പറയുന്നത് കാണുക:

'അവൻ തന്റെ കഴിവിൽ ഗർവ് നടിച്ച് പിന്തിരിഞ്ഞു. എന്നിട്ട് പറഞ്ഞു: ഇവനൊരു മായാജാലക്കാരൻ; അല്ലെങ്കിൽ ഭ്രാന്തൻ.
അതിനാൽ അവനെയും അവന്റെ പട്ടാളത്തെയും നാം പിടികൂടി. പിന്നെ അവരെയൊക്കെ കടലിലെറിഞ്ഞു. അവൻ ആക്ഷേപാർഹൻ തന്നെ.'

അദ്ദാരിയാത്: 39 – 40

'മതം ദുർവ്യാഖ്യാനം ചെയ്യുന്നു'

മതം ദുര് വ്യാഖ്യാനം നടത്തുന്നുവെന്ന ആരോപണം പല പ്രവാചകന്മാർക്കും നേരിടേണ്ടി വന്നിട്ടുണ്ടെന്ന് ഖുര് ആന് പറയുന്നുണ്ട്. അവിശ്വാസികള് അല്ലാഹുവിലും പരലോകത്തിലും വിശ്വസിക്കുന്നില്ലെങ്കിലും, പ്രവാചകന്മാര് തങ്ങളുടെ പാരമ്പര്യ മതത്തില് വൈകൃതങ്ങള് നിവേശിപ്പിച്ച് തകരാറാക്കാന് ശ്രമിക്കുകയാണെന്ന് ഊന്നിപ്പറഞ്ഞു കൊണ്ട് , മതഭക്തരായി ചമയാന് ശ്രമിക്കുകയായിരുന്നു. മതപരിവേഷത്തില് സ്വാർത്ഥതയാഗ്രഹിക്കുന്ന വിശ്വസിക്കാന് കൊള്ളാത്ത ആളുകളാണ് പ്രവാചകന്മാരെന്ന് വരുത്തി തീർക്കുകയായിരുന്നു അവരുടെ ഉദ്ദേശ്യം. ഫറവോനും കിങ്കരന്മാരും മൂസാ(അ)യുടെയും ഹാറൂനി(അ)ന്റെയും കാര്യത്തില് സ്വീകരിച്ചത് ഈ നിലപാടായിരുന്നു.

‘അതിനുശേഷം അവർ പറഞ്ഞു: "ഇവരിരുവരും തനി ജാലവിദ്യക്കാരാണ്. ഇവരുടെ ജാലവിദ്യയിലൂടെ നിങ്ങളെ നിങ്ങളുടെ നാട്ടിൽനിന്ന് പുറന്തള്ളാനും നിങ്ങളുടെ ചിട്ടയൊത്ത ജീവിതരീതി തകർക്കാനുമാണ് ഇവരുദ്ദേശിക്കുന്നത്.
"അതിനാൽ നിങ്ങൾ നിങ്ങളുടെ തന്ത്രങ്ങളൊക്കെയും ഒരുക്കൂട്ടി വെക്കുക. അങ്ങനെ വലിയ സംഘടിതശക്തിയായി രംഗത്തുവരിക. ഓർക്കുക: ആർ എതിരാളിയെ തോൽപിക്കുന്നുവോ അവരിന്ന് വിജയം വരിച്ചതുതന്നെ.”

ത്വാഹാ: 63 – 64

തന്റെ മതവിരുദ്ധവും സ്വേച്ഛാധിപത്യ സ്വഭാവവും അവഗണിച്ച കൊണ്ട് ഫറവോന് ഇങ്ങനെ പറയുന്നതായി ഖുര് ആന് രേഖപ്പെടുത്തുന്നു:

‘ഫറവോൻ പറഞ്ഞു: "എന്നെ വിടൂ. മൂസായെ ഞാൻ കൊല്ലുകയാണ്. അവൻ അവന്റെ നാഥനോട് പ്രാർഥിച്ചുകൊള്ളട്ടെ. അവൻ നിങ്ങളുടെ ജീവിതക്രമം മാറ്റിമറിക്കുകയോ നാട്ടിൽ കുഴപ്പം കുത്തിപ്പൊക്കുകയോ ചെയ്തേക്കുമെന്ന് ഞാൻ ഭയപ്പെടുന്നു.‘

ഗാഫിര് : 26

ഫറവോന് സത്യസന്ധനായിരുന്നില്ലെന്ന് വ്യക്തമാണ്. പക്ഷെ, മൂസാ(അ) മതം വികൃതമാക്കാന് ശ്രമിക്കുകയും ഗൂഢാലോചന നടത്തുകയും ചെയ്യുന്നവനാണെന്നും സ്വേച്ഛാധിപതിയാണെന്നും ചിത്രീകരിച്ച കൊണ്ട് , ജനങ്ങളെ ഉപയോഗപ്പെടുത്താന് ശ്രമിക്കുകയായിരുന്നു.

മറ്റു പ്രവാചകന്മാരെ പോലെത്തന്നെ, നൂഹിനെ(അ)ക്കുറിച്ചും ഈ ആരോപണമുണ്ടായിട്ടുണ്ട്.

‘അദ്ദേഹത്തിന്റെ ജനതയിലെ പ്രമാണിമാർ പറഞ്ഞു: "നീ വ്യക്തമായ വഴികേടിലകപ്പെട്ടതായി ഞങ്ങൾ കാണുന്നു.”
അദ്ദേഹം പറഞ്ഞു: "എന്റെ ജനമേ, എന്നിൽ വഴികേടൊന്നുമില്ല. ഞാൻ പ്രപഞ്ചനാഥന്റെ ദൂതനാകുന്നു.’

അല് അ’റാഫ്: 60 - 61

മതം വികൃതമാക്കുന്നുവെന്ന ഈ ആരോപണം പ്രവാചകന്മാരെയും മറ്റു ഭക്തരായ വിശ്വാസികളെയും കുറിച്ച് അവരുടെ ജനത ഉന്നയിച്ചിരുന്നതായി ഖുര് ആന് പറയുന്നു:
‘അവർ പറഞ്ഞു: "സ്വാലിഹേ, ഇതിനുമുമ്പ് നീ ഞങ്ങൾക്കിടയിൽ ഏറെ വേണ്ടപ്പെട്ടവനായിരുന്നു. നീയിപ്പോൾ ഞങ്ങളുടെ പൂർവികർ പൂജിച്ചിരുന്നവയെ

ഞങ്ങൾ പൂജിക്കുന്നത് വിലക്കുകയാണോ? നീ ഞങ്ങളെ ക്ഷണിച്ചുകൊണ്ടിരിക്കുന്ന കാര്യത്തെപ്പറ്റി ഞങ്ങൾ സങ്കീർണമായ സംശയത്തിലാണ്."

ഹൂദ് ; 62

'കുറ്റവാളികൾ സത്യവിശ്വാസികളെ കളിയാക്കി ചിരിക്കുമായിരുന്നു. അവരുടെ അരികിലൂടെ നടന്നുപോകുമ്പോൾ അവർ പരിഹാസത്തോടെ കണ്ണിറുക്കുമായിരുന്നു.

അവർ തങ്ങളുടെ കുടുംബങ്ങളിലേക്ക് രസിച്ചുല്ലസിച്ചാണ് തിരിച്ചു ചെന്നിരുന്നത്.

അവർ സത്യവിശ്വാസികളെ കണ്ടാൽ പരസ്പരം പറയുമായിരുന്നു: "ഇക്കൂട്ടർ വഴിപിഴച്ചവർ തന്നെ; തീർച്ച.'

അല് മുതഫ്ഫിഫീന്; 29 - 32

ദൈവ ദൂതന്മാരെ ആക്രമിക്കുകയും ദൈവാസ്തിക്യം നിഷേധിക്കുകയും വിശ്വാസ്യരും വിശ്വസ്തരും സത്യസന്ധരുമായ മനുഷ്യരെ കുറിച്ച് അപവദിക്കുകയും ചെയ്യുന്നവരാണ് യഥാർത്ഥത്തില് മതത്തെ വികലമാക്കുന്നവരെന്നത് തീർച്ച. ഐഹിക ജീവിതത്തില് പൂർണ്ണമായി ആമഗ്നമായതിനാലും പരലോകം വിസ്മരിച്ചതിനാലും പറയുന്നത് കേൾക്കുന്നത് വിസമ്മതിക്കുന്നതിനാലുമാണ് ഇക്കൂട്ടര് ഇങ്ങനെ ചെയ്യുന്നത്. അല്ലാഹു പറയുന്നു:

'ഈ ലോകത്ത് കണ്ണു കാണാത്തവനെപ്പോലെ കഴിയുന്നവൻ പരലോകത്ത് കണ്ണുപൊട്ടനായിരിക്കും. പറ്റെ വഴി പിഴച്ചവനും.'

അല് ഇസ്രാ: 72

ആഭിചാരം

ഏത് കാലത്തും എവിടെയും പ്രവാചകന്മാരെ കുറിച്ച് കൂടുതല് ആരോപിക്കപ്പെട്ട ഒരപവാദം ആഭിചാരമായിരുന്നു. ഖുര് ആന് പറയുന്നു:

'ഇവ്വിധം ഭ്രാന്തനെന്നോ മായാജാലക്കാരനെന്നോ ആക്ഷേപിക്കപ്പെടാത്ത ഒരൊറ്റ ദൈവദൂതനും ഇവർക്ക് മുമ്പുള്ളവരിലും വന്നിട്ടില്ല.
അവരൊക്കെയും അങ്ങനെ ചെയ്യാൻ അന്യോന്യം പറഞ്ഞുറപ്പിച്ചിരിക്കയാണോ? അല്ല; അവരൊക്കെയും അതിക്രമികളായ ജനം തന്നെ.'

അദ്ദാരിയാത്: 52 – 53

ഈ ആരോപണം വഴി ദൈവ ദൂതന്മാരെ ജനം ഭയപ്പെടുകയും അവരെ കൈവെടിയുകയും ചെയ്യുമല്ലോ. മറിച്ച്, ദൈവ ദൂതന്മാരുടെ ആത്മാർത്ഥവും ബുദ്ധിപൂർവ്വകവുമായ ഉപദേശങ്ങള് കേൾക്കുകയും നിർദ്വാഷകരമായ അവരുടെ സ്വഭാവവും മതത്തോടുള്ള അഭിനിവേശവും കണുകയും ചെയ്യുമ്പോള് മനസ്സാക്ഷിയും ബുദ്ധിയുമുള്ള ഏതൊരാളും അവരില് ആകൃഷ്ടരാകുകയും അവരുടെ അനുയായികളായി മാറുകയും ചെയ്യും. അതിനാല്, വിശ്വാസികളുടെ സുദൃഢഭക്തിയെ നിരർത്ഥകവും അപ്രധാനവുമായി ചിത്രീകരിക്കുകയാണിവര് ചെയ്യുന്നത്. ഇത്തരം സംഭവങ്ങൾക്ക് ഖുര് ആന് നിരവധി ഉദാഹരണങ്ങള് നൽകുന്നുണ്ട്.

‘തങ്ങളിൽ നിന്നുതന്നെയുള്ള ഒരാൾക്കു നാം ദിവ്യസന്ദേശം നൽകിയത്. ജനങ്ങൾക്കാരദ്ഭുതമായി തോന്നുന്നോ? ജനങ്ങൾക്ക് മുന്നറിയിപ്പ് നൽകാനാണിത്. സത്യവിശ്വാസികൾക്ക് തങ്ങളുടെ നാഥങ്കൽ സത്യത്തിനർഹമായ പദവിയുണ്ടെന്ന സുവാർത്ത അറിയിക്കാനും. സത്യനിഷേധികൾ പറഞ്ഞു: "ഇയാൾ വ്യക്തമായും ഒരു മായാജാലക്കാരൻ തന്നെ.”

യൂനുസ് : 2

; തങ്ങളിൽ നിന്നു തന്നെയുള്ള ഒരു മുന്നറിയിപ്പുകാരൻ തങ്ങളിലേക്കു വന്നത് ഇക്കൂട്ടരെ വല്ലാതെ അദ്ഭുതപ്പെടുത്തിയിരിക്കുന്നു. സത്യനിഷേധികൾ പറഞ്ഞു: "ഇവൻ കള്ളവാദിയായ ഒരു ജാലവിദ്യക്കാരൻ തന്നെ.
"ഇവൻ സകല ദൈവങ്ങളെയും ഒരൊറ്റ ദൈവമാക്കി മാറ്റിയിരിക്കയാണോ? എങ്കിലിത് വല്ലാത്തൊരു വിസ്മയകരമായ കാര്യം തന്നെ!‘

സ്വാദ്: 4 – 5

ദൂതന്മാരെ കുറിച്ച് മയാജാലക്കാരെന്ന അപവാദത്തില് പരിമിതപ്പെടുത്തുന്നില്ല; പ്രത്യുത, പൈശാചിക ബാധയേറ്റവരും ആഭിചാരമേറ്റവരുമായും ഇവര് ആരോപിക്കുന്നു. അങ്ങനെ, അവരുടെ സംസാരങ്ങളെല്ലാം യുക്തിക്കും മനസ്സാക്ഷിക്കും നിരക്കാത്തതാണെന്ന ഒരു ധാരണ സൃഷ്ടിക്കാന് തങ്ങൾക്ക് കഴിയുമെന്നവര് വിശ്വസിക്കുന്നു. തദ്വിഷയകമായ ചില സൂക്തങ്ങള് ഇതാ;
‘നിന്റെ വാക്കുകൾ അവർ ചെവികൊടുത്ത് കേൾക്കുമ്പോൾ യഥാർഥത്തിൽ എന്താണവർ ശ്രദ്ധിച്ചുകേട്ടുകൊണ്ടിരുന്നതെന്ന് നമുക്ക് നന്നായറിയാം. അവർ സ്വകാര്യം പറയുമ്പോൾ എന്താണവർ പറയുന്നതെന്നും. ഈ അക്രമികൾ പറഞ്ഞുകൊണ്ടിരുന്നത് “നിങ്ങൾ പിന്തുടരുന്നത് മാരണം ബാധിച്ച ഒരു മനുഷ്യനെ മാത്രമാണെ”ന്നാണ്

‘അല് ഇസ്രാ; 47

അവർ പറഞ്ഞു: "നീ മാരണം ബാധിച്ചവൻ തന്നെ.
"നീ ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യനല്ലാതാരുമല്ല. അതിനാൽ നീ എന്തെങ്കിലും അടയാളം കൊണ്ടുവരിക. നീ സത്യവാദിയെങ്കിൽ!”

അശ്ശുഅറാ: 153 – 154

-"അല്ലെങ്കിൽ എന്തുകൊണ്ട് ഇയാൾക്കാരു നിധി ഇങ്ങ് ഇട്ടുകൊടുക്കുന്നില്ല? അതുമല്ലെങ്കിൽ എന്തും തിന്നാൻകിട്ടുന്ന ഒരു തോട്ടമെങ്കിലും ഇയാൾക്ക് ഉണ്ടാക്കിക്കൊടുത്തുകൂടേ?” ആ അക്രമികൾ പറയുന്നു: "മാരണം ബാധിച്ച ഒരുത്തനെയാണ് നിങ്ങൾ പിൻപറ്റുന്നത്.”

അല് ഫുർഖാന് : 8

ഇത്തരമാളുകലോടുള്ള അല്ലാഹുവിന്റെ പ്രതികരണം ഇങ്ങനെ:
‘ നോക്കൂ! എവ്വിധമാണ് അവർ നിനക്ക് ഉപമകൾ ചമക്കുന്നത്? അങ്ങനെ അവർ പിഴച്ചുപോയിരിക്കുന്നു. അതിനാലവർക്ക് നേർവഴി പ്രാപിക്കാനാവില്ല’

അല് ഇസ്രാ; 48

‘നോക്കൂ: എങ്ങനെയൊക്കെയാണ് അവർ നിന്നെ ചിത്രീകരിച്ചുകൊണ്ടിരിക്കുന്നത്? അങ്ങനെ അവർ തീർത്തും വഴികേടിലായിരിക്കുന്നു. ഒരു വഴിയും കണ്ടെത്താനവർക്കു കഴിയുന്നില്ല’.

അല് ഫുർഖാന്: 9

ക്രോധവും പരിഹാസവും നിറഞ്ഞ വാക്കുകൾ

ദൈവ ദൂതന്മാരോടും അവരുടെ അനുയായികളോടും ക്രൂരമായ അനിഷ്ടം കാണിക്കുകയും , അവർക്ക് അല്ലാഹു നൽകിയ ആത്മീയവും ഭൌതികവുമായ സമ്പത്തിലും സൌന്ദര്യത്തിലും വിരോധം കാണിക്കുകയും ചെയ്യുന്ന അവിശ്വാസികൾ, പലപ്പോഴും വളരെ ഉപദ്രവകരവും അപമാനകരവുമായ വാക്കുകളാണ് വിശ്വാസികളോട് പ്രയോഗിക്കുക. ചിലത് ഖുര് ആന് വിവരിക്കുന്നുണ്ട്.

“അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: "ഞങ്ങളുടെ നോട്ടത്തിൽ നീ ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. ഞങ്ങളിലെ നിസ്സാരന്മാർ മാത്രമാണ്, കാര്യവിചാരമില്ലാതെ നിന്നെ പിന്തുടർന്നതായി ഞങ്ങൾ കാണുന്നത്. ഞങ്ങളെക്കാളേറെ ഒരു ശ്രേഷ്ഠതയും നിങ്ങളിൽ ഞങ്ങൾ കാണുന്നില്ല. മാത്രമല്ല; നിങ്ങൾ കള്ളവാദികളാണെന്ന് ഞങ്ങൾ കരുതുന്നു.“

ഹൂദ് ;27

മൂസാ(അ)യോട് ഫറവോന് നടത്തിയ പ്രഭാഷണത്തില് പ്രയോഗിച്ച വിലകുറഞ്ഞതും പ്രകോപനപരവുമായ വാക്കുകള്, മുസ്ലിംകൾക്ക് നേരെയുള്ള അവിശ്വാസികളുടെ ക്രോധത്തെയാണ് അനാവരണം ചെയ്യുന്നത്.

‘ഫറവോൻ തന്റെ ജനത്തോട് വിളിച്ചുചോദിച്ചു: "എന്റെ ജനമേ, ഈജിപ്തിന്റെ ആധിപത്യം എനിക്കല്ലേ? ഈ നദികളൊഴുകുന്നത് എന്റെ താഴ്ഭാഗത്തുടെയല്ലേ? എന്നിട്ടും നിങ്ങൾ കാര്യം കണ്ടറിയുന്നില്ലേ?
"അല്ല, നന്നെ നിസ്സാരനും വ്യക്തമായി സംസാരിക്കാൻ പോലും കഴിയാത്തവനുമായ ഇവനെക്കാളുത്തമൻ ഞാൻ തന്നെയല്ലേ?“

സുഖ്റുഫ്: 51 – 52

മുകള് സൂക്തങ്ങള് വ്യക്തമാക്കിയത് പോലെ, അറുവഷളായ വാക്കുകളാണ് ഫറവോന് ദൈവദൂതനോട് പറഞ്ഞത്. ഭൌതികവും ഐഹികവുമായ മൂല്യങ്ങള് മാത്രം അളവുകോലായി സ്വീകരിച്ചുപോന്ന ഫറവോനെ സംബന്ധിച്ചിടത്തോളം, ഭൌതിക സമ്പത്ത്, പദവി, ജോലി എന്നിവയല്ല മാനുഷിക മേന്മയുടെ അടിസ്ഥാനമെന്ന് മനസ്സിലാക്കാന് മാത്രം ബുദ്ധിമതിയോ, മനസ്സാക്ഷിയുടെ ഉടമയോ ആയിരുന്നില്ല. സമ്പത്തിന്റെയും ഗോത്രത്തിന്റെയും യോഗ്യതയനുസരിച്ചായിരുന്ന ഫറവോന് മനുഷ്യരെ വകതിരിച്ചിരുന്നതെന്നും ശാരീരിക ന്യൂനതയുടെ പേരില് അവരെ പരിഹസിക്കുകപോലും ചെയ്തിരുന്നുവെന്നും അയാളുടെ വാക്കുകളില് നിന്നും അനുമാനിക്കാവുന്നതാണ്.

വിശ്വാസികൾക്കതിരെ അപവാദം പറഞ്ഞു കൊണ്ടോ, അപമാനിച്ചോ, നുണപറഞ്ഞോ, അവരില് ദു:ഖവും നൈരാശ്യവും വിഷാദവും ഉണ്ടാക്കാന് തങ്ങൾക്ക് സാധിക്കുമെന്ന ഒരബദ്ധ ധാരണ, ചരിത്രത്തിലുടനീളമുള്ള അവിശ്വാസികളിലുണ്ടായിരുന്നു. സത്യത്തില്, വിശ്വാസികളാകട്ടെ, തങ്ങൾക്ക് പരലോകത്തില് തക്കതായ പ്രതിഫലം ലഭിക്കുമെന്ന വിശ്വാസത്തില്, അതിരൂക്ഷമായ ഇത്തരം വാക്കുകളെ പോലും സഹനത്തോടെ നേരിടുകയായിരുന്നു. യഥാർത്ഥത്തില്, അജ്ഞത കാരണം, അവർക്ക് പരലോകത്തില്, പ്രതിഫലം സംഭാവന ചെയ്യുകയായിരുന്ന അവിശ്വാസികളെന്നതാണ് വസ്തുത.

അവിശ്വാസികളുടെ നിലവാരത്തിലേക്ക് ആപതിക്കുന്നതില് നിന്നും ഈ സഹനം വിശ്വാസികളെ തടയുകയായിരുന്നു. സത്യത്തില്, വിദ്യാഭ്യാസം തുടർന്നു കൊണ്ടും സദ്സ്വഭാവവും സദ്ഭാഷണവും പരിരക്ഷിച്ചുകൊണ്ടും സ്വർഗ്ഗം നേടാനുപയുക്തമായൊരു ആത്മീയ പക്വതയില് അവരെത്തുകയാണുണ്ടായത്. നീതീകരണമില്ലാത്ത ഇത്തരം ആക്രമണങ്ങള്ക്ക് വിധേയമാകുന്നത് തങ്ങളുടെ ആത്മാർത്ഥതയുടെയും സുദൃഡ വിശ്വാസത്തിന്റെയും സൂചന കൂടിയത്രെ. പൂർവ്വികരായ ആത്മാർത്ഥ വിശ്വാസികള്ക്കുണ്ടായത് പോലെ, ഒരു പൊതുനിയമമെന്ന നിലക്ക്, അവരും ഇത്തരം ആരോപണങ്ങളിലൂടെ പരീക്ഷിക്കപ്പെടുകയാണ്. ഈ വീക്ഷണകോണിലൂടെ നോക്കുമ്പോള്, ഇത്തരം അനുഭവങ്ങളുണ്ടാകുമ്പോള് തികച്ചും സംയമനം പ്രദർശിപ്പിക്കുക അവർക്കാവശ്യമാണ്.

സമ്പത്തില് വിശ്വാസമർപ്പിക്കുകയും പരലോകം വിസ്മരിക്കുകയും ചെയ്യുന്ന ഫറവോന് പ്രഭൃതികൾക്ക് ഈ യാഥാർത്ഥ്യം കാണാന് കഴിയുകയില്ല. ഇത്തരക്കാരുടെ അഹന്ത ദുർബ്ബലമാകുന്നതും പശ്ചാതാപ ബോധം വരുന്നതും മരണം എത്തിക്കഴിഞ്ഞുവെന്ന് അറിയുമ്പോള് മാത്രമായിരിക്കും. അതാണല്ലൊ ഫറവോനും സംഭവിച്ചത്. പക്ഷെ, മരണവേളയിലെ പശ്ചാത്താപം പരലോകത്ത് പ്രയോജനകരമായിരിക്കില്ല. അതിനാല് തന്നെ, ഇത്തരക്കാരുടെ അന്ത്യം എല്ലാവർക്കും പാഠമാകേണ്ടതാണ്. ആളുകൾക്ക് ഈ ലോകത്തുള്ളവ, അവ ഭൌതികമായിരിക്കട്ടെ അല്ലാതിരിക്കട്ടെ, ശാശ്വതമല്ല. പരലോകത്ത് പ്രയോജനകരവുമല്ല. പ്രത്യുത, തങ്ങളുടെ ദൈവ ഭയവും സദ്കൃത്യങ്ങളും മാത്രമെ അവർക്ക് ശാശ്വതവും പ്രയോജനകരവുമാവുകയുള്ളു. ഫറവോനെയും , സ്വന്തം ഭൌതിക സമ്പത്തിനാല് വഞ്ചിതരും അന്ധരുമായി, ദൈവദൂതന്മാരെ

പരിഹസിക്കുകയും തള്ളിക്കളയുകയും ചെയ്ത , അയാളുടെ കിങ്കരന്മാരുടെയും ചിന്തോദ്ദീപകമായ വിധിയെക്കുറിച്ച് അല്ലാഹു പറയുന്നത് കാണുക;

‘അങ്ങനെ ഫറവോൻ തന്റെ ജനത്തെ വിഡ്ഢികളാക്കി. അതോടെ അവർ അവനെ അനുസരിച്ചു. അവർ തീർത്തും അധാർമികരായ ജനതയായിരുന്നു.
അവസാനം അവർ നമ്മെ പ്രകോപിപ്പിച്ചപ്പോൾ നാം അവരോട് പ്രതികാരം ചെയ്തു. അവരെയൊക്കെ മുക്കിയൊടുക്കി.

അങ്ങനെ അവരെ നാം പിൻഗാമികൾക്ക് ഒരു മാതൃകയാക്കി. ഒപ്പം ഗുണപാഠമാകുന്ന ഒരുദാഹരണവും.‘

സുഖ്റുഫ്: 54 – 56

ഈ സൂക്തം സൂചിപ്പിക്കുന്നത് പോലെ, അല്ലാഹുവിന്റെ ഇഷ്ടദാസന്മാർക്കെതിരായ ഏത് പ്രവർത്തിയും അവന്റെ സന്നിധിയില് ശിക്ഷാർഹമാണ്. ഒരു പക്ഷെ, തങ്ങളുടെ യത്നം വിജയിച്ചേക്കാമെങ്കിലും അല്ലാഹു പൂർണ്ണ നീതിമാനാണെന്ന് ഇത്തരം കുറ്റം ചെയ്യുന്നവര് ആലോചിക്കേണ്ടതാണ്. അപവാദക്കാരും പ്രജാ പീഡകരും പരലോകത്ത് കണക്ക് ബോധിപ്പിക്കേണ്ടിവരികയും തദാനുസാരം ശിക്ഷിക്കപ്പെടുകയും ചെയ്യും. ഇഹലോകത്ത് വെച്ച് വിശ്വാസികൾക്കെതിരെ നിന്ദ്യ വാക്കുകളുപയൊഗിച്ച ക്രൂരജനതക്ക് നരകാഗ്നിയെ നേരിടുമ്പോഴുണ്ടാകുന്ന അമ്പരപ്പ് ഖുര് ആന് അനാവരണം ചെയ്യുന്നു:

‘അവർ പറയും: "നമുക്കെന്തു പറ്റി? ചീത്ത മനുഷ്യരെന്ന് നാം കരുതിയിരുന്ന പലരെയും ഇവിടെ കാണുന്നില്ലല്ലോ.
"നാം അവരെ പരിഹാസപാത്രമാക്കിയിരുന്നുവല്ലോ. അതല്ല അവർ നമ്മുടെ കണ്ണിൽപടാത്തതാണോ?"
നരകവാസികൾ തമ്മിലുള്ള തർക്കം തീർച്ചയായും സംഭവിക്കാൻ പോവുന്നതു തന്നെയാണ്.‘

സ്വാദ്: 62 – 64

വിശ്വാസികൾ ഇപ്പോഴും അപവദിക്കപ്പെടുന്നു

പ്രവാചകന്മാര് വന്നപ്പോള് കഠിനമായ വിദ്വേഷത്തൊടും വെറുപ്പോടുമായിരുന്ന അവിശ്വാസികളായ ജനത സ്വീകരിച്ചിരുന്നതെന്ന് നാം മുമ്പ് കണ്ടു. പ്രവാചകന്മാർക്ക് പുറമെ, ദൈവിക മതത്തോടുള്ള അർപ്പണം, അഭിനിവേഷം, ആത്മാർത്ഥത, വിശ്വസ്തത എന്നിവയുടെ പേരില് അറിയപ്പെട്ട വിശ്വാസികളെയും , അവിശ്വാസികള് വാചികമായും ശാരീരികമായും ദ്രോഹിച്ചിരുന്നു. ഖുര് ആന് പറയുന്നു:

‘ അത് മനസ്സിലാക്കാനാവാത്ത വിധം അവരുടെ ഹൃദയങ്ങൾക്കു നാം മൂടിയിടുന്നു. കാതുകൾക്ക് അടപ്പിടുന്നു. നിന്റെ നാഥനെ മാത്രം ഈ ഖുർആനിൽ നീ പരാമർശിക്കുമ്പോൾ അവർ വെറുപ്പോടെ പിന്തിരിഞ്ഞുപോകുന്നു.‘

ഇസ്രാ: 46

യഥാർത്ഥത്തില്, ഈ വെറുപ്പിന്റെ ഉറവിടം അവര് പ്രതിനിധാനം ചെയ്തിരുന്ന വിശ്വാസമാണെന്നും ഈ സൂക്തം വെളിപ്പെടുത്തുന്നുണ്ട്. തങ്ങളെയും തങ്ങളുടെ ഉടമസ്ഥതയിലുള്ളവയെയും സൃഷ്ടിച്ച നാഥനോട് ഉത്തരം ബോധിപ്പിക്കേണ്ടതുണ്ടെന്ന വസ്തുത അംഗീകരിക്കാനവര് ഇഷ്ടപ്പെടുന്നില്ല. അവന്റെ നാമം അനുസ്മരിപ്പിക്കപ്പെടുന്നത് പോലും സഹിക്കനവർക്കാവുന്നില്ല. അതിനാല്, അല്ലാഹുവാണ് സമ്പൂർണ്ണ ദൈവമെന്നംഗീകരിക്കാനും സത്യമതം സ്വീകരിക്കാനും തങ്ങളെ ക്ഷണിക്കുന്നവർക്കെതിരെ അവര് ആക്രമാസക്തമായ നിലപാട് സ്വീകരിക്കുകയായിരുന്നു. അതിനാല് തന്നെ, സത്യമതവും സത്യവിശ്വാസികളും നിലനിൽക്കുവോളം ഈ അപവാദങ്ങളും ഉപദ്രവകരമായ വാക്കുകളും അവശേഷിക്കുകതന്നെ ചെയ്യും.

ഈ വസ്തുത മനസ്സിലാക്കിയ വിശ്വാസികളാകട്ടെ, ഇത്തരം സന്ദർഭങ്ങളില് വിഷമിക്കുകയോ നിരാശപ്പെടുകയോ ചെയ്യുന്നില്ല. തങ്ങൾക്കുള്ള ദൈവിക വാഗ്ദാനത്തെക്കുറിച്ച് അവര് ബോധവന്മാരാണ്:

“സ്വന്തം വീടുകളിൽനിന്ന് അന്യായമായി ഇറക്കപ്പെട്ടവരാണവർ. “ഞങ്ങളുടെ നാഥൻ അല്ലാഹുവാണ്” എന്നു പ്രഖ്യാപിച്ചതല്ലാതെ ഒരു തെറ്റുമവർ ചെയ്തിട്ടില്ല. അല്ലാഹു ജനങ്ങളിൽ ചിലരെ മറ്റുചിലരെക്കൊണ്ട് പ്രതിരോധിക്കുന്നില്ലായെങ്കിൽ ദൈവനാമം ധാരാളമായി സ്മരിക്കപ്പെടുന്ന സന്യാസിമഠങ്ങളും ചർച്ചുകളും സെനഗോഗുകളും മുസ്ലിംപള്ളികളും തകർക്കപ്പെടുമായിരുന്നു. തന്നെ സഹായിക്കുന്നവരെ ഉറപ്പായും അല്ലാഹു സഹായിക്കും. അല്ലാഹു സർവശക്തനും ഏറെ പ്രതാപിയും തന്നെ.“

അല് ഹജ്ജ്: 40

ഇത്തരം സംഭവങ്ങളോ, അവിശ്വാസികളോ, അപവാദക്കാരോ എന്നും നിലനിൽക്കുകയില്ലെന്ന് കരുതുന്നത് വലിയ അബദ്ധമാണെന്നതില് സംശയമില്ല. കാരണം ഇത്തരം സംഘങ്ങള് എന്നെന്നും നിലനിൽക്കുമെന്ന് അല്ലാഹു വെളിപ്പെടുത്തിയിട്ടുണ്ട്.

ആധുനിക യുഗത്തില് ഇത്തരം പീഡനങ്ങൾക്കിരയായവരുടെ ഒരു ഉദാഹരണമാണ് ബദീഉസ്സമാന് സഈദ് നൂർസിയുടെ ജീവിതം. ചിലയാളുകളുടെ ശത്രുതക്ക് വിധേയനായ അദ്ദേഹം, ദൈവ വിശ്വാസത്തോടും സഹനത്തോടും അവരുടെ ആക്രമണങ്ങളെ നേരിടുകയായിരുന്നു. ഖുര് ആനിക നിയമമനുസരിച്ച് ജീവിക്കാനും വിശ്വാസത്തിന്റെ അടയാളം പ്രകടിപ്പിക്കാനും ജനങ്ങളോട് ഉദ്ബോധനം ചെയ്ത അദ്ദേഹം ദൈവാസ്തിക്യത്തെയും അവന്റെ പരമാധികാരത്തെയും വിലമതിക്കാനവരെ ക്ഷണിക്കുകയയിരുന്നു. പക്ഷെ, ഒരപവാദത്തിന്ന് വിധേയനായ അദ്ദേഹം, തുടർച്ചയായ ജയില് വാസത്തിന്നും നാടുകടത്തലിന്നും വിധേയനാക്കപ്പെടുകയായിരുന്നു. അദ്ദേഹത്തിന്റെ അനുഭവങ്ങളും, അവയോടുള്ള

നിർദ്ദോഷകരമായ പ്രതികരണങ്ങളുമാണ് അടുത്ത ചില താളുകളില് നാം പരിശോധനാ വിധേയമാക്കുന്നത്. ഇത്തരം പ്രചാരണങ്ങളെ അഭിമുഖീകരിക്കുന്നവർക്ക് ഒരു ഉത്തം മാതൃകയായിരുന്ന ബദീഉസ്സമാന് സഈദ് നൂർസി.

ബദീഉസ്സമാന് സഈദ് നൂർസി

ജീവ ചരിത്രം

ഇരുപതാം നൂറ്റാണ്ടിലെ ഏറ്റവും പ്രധാനപ്പെട്ട മുസ്ലിം പണ്ഡിതന്മാരിലൊരാളാണ് ബദീഉസ്സമാന് സഈദ് നൂർസി. ആയുഷ്കാലം മുഴവന്, ഭൌതിക വാദികളോടും മതവിരോധികളോടും പൊരുതി ഇസ്ലാമിനെ പ്രതിരോധിക്കുകയായിരുന്ന അദ്ദേഹം. 6000 പേജുകളുള്ള അദ്ദേഹത്തിന്റെ, Risale – i Nur Collection , ആഴമുള്ള ഒരു ഖുര് ആന് വ്യാഖ്യാനവും ഇസ്ലാമിന്റെ അടിസ്ഥാന കാര്യങ്ങള് ഏറ്റവും നല്ലനിലയില് വിവരിച്ചു കൊണ്ട്, ഭൌതിക തത്വ ശാസ്ത്രങ്ങളെ വിമർശിക്കുന്ന ഒരു ഗ്രന്ഥവുമത്രെ. പരലോകം, വിധി തുടങ്ങിയ കാര്യങ്ങള് അതിനൂതനമായ രീതിയിലാണതില് പരിശോധനാവിധേയമാക്കപ്പെടുന്നത്.

ഖുര് ആനിക മൂല്യങ്ങളിലേക്കും സത്യ മതത്തിലെക്കുമായിരുന്ന ബദീഉസ്സമാന് സഈദ് നൂർസി ജനങ്ങളെ ക്ഷണിച്ചിരുന്നത്. ഭൌതിക – നിർമ്മത തത്വശാസ്ത്രങ്ങള് കൈക്കൊണ്ടിരുന്ന ആളുകളായിരുന്ന അദ്ദേഹത്തിന്റെ

പ്രതിയോഗികള്. ഖുര് ആനിക മൂല്യങ്ങളില് നിന്നും തികച്ചും മുക്തമായൊരു മാതൃകാ സമൂഹം കെട്ടിപ്പടുക്കാനായിരുന്ന അവര് ശ്രമിച്ചിരുന്നത്. മതം മനുഷ്യനെ പിന്നോക്കവസ്ഥയിലേക്കാണ് നയിക്കുന്നതെന്നും അത് പുരോഗതിക്ക് തടസ്സം നിൽക്കുന്ന അന്ധവിശ്വാസമാണെന്നുമായിരുന്ന അവരുടെ പ്രചാരണം. അവരുടെ ഈ പ്രചരണവും സമ്മർദ്ദവും കാരണം മതം ദുർബ്ബലമാക്കപ്പെടേണ്ട ഒന്നാണെന്ന് കരുതപ്പെടുകയായിരുന്നു.

ഇത്തരം തെറ്റായ തത്ത്വശാസ്ത്രങ്ങളെ നേരിട്ട ബദീഉസ്സമാന് സഈദ് നൂർസി , മതവും ശാസ്ത്രവും തമ്മിലെതിരല്ലെന്നും , പ്രത്യുത ഒരേ കാര്യത്തില് സന്ധിക്കുന്നവയാണെന്നും വിശദീകരിക്കുകയും അങ്ങനെ സമൂഹത്തില് വലിയൊരു ആത്മീയ ഉണർവ് സംജാതമാക്കുകയും ചെയ്തു. അതേയവസരത്തില്, അദ്ദേഹത്തെ തടഞ്ഞു നിർത്താന് പഴയ ദുഷ് പ്രചാരണങ്ങള് വീണ്ടും ആരംഭിക്കുകയായിരുന്നു.

നാം മുമ്പ് ഊന്നിപ്പറഞ്ഞത് പോലെ, പൂർവ്വ പ്രവാചകന്മാരുടെയും ഭക്തരായ വിശ്വാസികളുടെയും അനുഭവങ്ങള് എല്ലാ വിശ്വാസികൾക്കും ഒരു വഴിവെളിച്ചമാണ്. അതിനാല് തന്നെ, ബദീഉസ്സമാന് സഈദ് നൂർസിയുടെ അനുഭവങ്ങളറിയുന്നത് ആധുനിക വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രയോജനകരമായിരിക്കും.
“അല്ല; നിങ്ങളുടെ മുൻഗാമികളെ ബാധിച്ച ദുരിതങ്ങളൊന്നും നിങ്ങൾക്കു വന്നെത്താതെ തന്നെ നിങ്ങൾ സ്വർഗത്തിലങ്ങ് കടന്നുകളയാമെന്ന് കരുതുന്നുണ്ടോ?“ [അല് ബഖറ; 214]എന്നു ചോദിച്ചു കൊണ്ട്, ഇത്തരം അനുഭവങ്ങൾക്ക് സ്വയം സന്നദ്ധരാകണമെന്ന് അല്ലാഹു ആവശ്യപ്പെടുന്നുവെന്ന കാര്യം വിസ്മരിച്ചു കൂടാ. ബദീഉസ്സമാന് സഈദ് നൂർസിയുടെ അനുഭവങ്ങള് ഖുര് ആനിക വീക്ഷണത്തില് പരിശോധിക്കുമ്പോള് , ദൈവിക നിയമത്തില് യാതൊരു മാറ്റവുമില്ലെന്ന് കാണാവുന്നതാണ്.

‘സ്വാർത്ഥ താല്പര്യങ്ങൾക്ക് വേണ്ടി ശ്രമിക്കുന്നു‘

ബദീഉസ്സമാന് സഈദ് നൂർസി ,ദൈവാസ്തിക്യ വൃത്താന്തവും ആത്മീയ മൂല്യങ്ങളുടെ പ്രാധാന്യവും ആളുകൾക്ക് പകർന്നു കൊടുക്കുന്നുവെന്നത് ചിലയാളുകൾക്ക് തൊന്തരവുണ്ടാക്കി. അതിനാലവര്, തങ്ങളുടെ അപവാദ പ്രചാരണത്തിന്ന് മാധ്യമങ്ങളെ ഉപയോഗപ്പെടുത്തുകയായിരുന്നു. അന്നത്തെ ഒരു ദിനപത്രത്തില് ഇങ്ങനെ വായിക്കാം:
“ Said – i Kurdi , തന്റെ രാഷ്ട്രീയ ലക്ഷ്യങ്ങൾക്കായി മതം ദുരുപയോഗപ്പെടുത്തുകയും പിന്തിരിപ്പന് പ്രചാരണത്തിലേർപ്പെടുകയും ചിലയാളുകളെ വഴിതെറ്റിക്കുകയും ചെയ്തിരിക്കുന്നു. ... 30 വർഷം പിന്നോട്ടു ചിന്തിക്കുന്ന അദ്ദേഹം, പച്ചപ്പാവങ്ങളായ ആളുകളെ വഴിതെറ്റിക്കുന്നതിന്റെ പേരില് നോട്ടപ്പുള്ളിയാണ്.... ചില പച്ചപ്പാവങ്ങളെ പണം വാങ്ങി വഞ്ചിക്കാനായി വഴിപിഴപ്പിക്കുകയാണ് ഷൈഖി(ബദീഉസ്സമാന് സഈദ് നൂർസി)ന്റെ പ്രവർത്തിയെന്ന് കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. [Cumhuriyet [Republic,-a]Turkish daily] May 10, 1935]

_പല ലക്കങ്ങളിലായി ഈ പത്രം ഇങ്ങനെ കൂടി പറയുന്നു:

" സ്വാർത്ഥ താല്പര്യങ്ങൾക്ക് മതം ദുരുപയോഗപ്പെടുത്തിയതിന്റെ പേരില് , സഈദ് നൂർസിയെ കുറിച്ച് ഒരു ഇന് വെസ്റ്റിഗേഷന് നടന്നിട്ടുണ്ട്."

"സഈദ് നൂർസിയെ അത്ര കാര്യമായെടുക്കേണ്ടതില്ല, കാരണം, ആത്മീയനേട്ടങ്ങളെ പോലെ, ഭൌതിക നേട്ടങ്ങളും കൊതിക്കുന്നവനാണയാള്."

ഭൌതിക താല്പര്യങ്ങളോ സമ്പത്തോ, ധനമോ ഒന്നുമില്ലാതെ, തികച്ചും ലളിത ജീവിതം നയിച്ചിരുന്ന ഒരാളായിരുന്നു ബദീഉസ്സമാന് സഈദ് നൂർസി. എന്നിട്ടും, സ്വന്തം ശിഷ്യന്മാരെയും അനുയായികളെയും പണം പറ്റിച്ചതായും തന്റെ മേധാവിത്ത മനസ്ഥിതിയില് സംതൃപ്തി കൊണ്ടതായും ആരോപിക്കപ്പെടുകയായിരുന്നു. അദ്ദേഹത്തെ അപമാനിക്കുകയും തദ്വാരാ, ഫലശ്രുന്യനായും വിശ്വസിക്കാന് കൊള്ളാത്തവനായും ചിത്രീകരിക്കുകയുമായിരുന്ന അടിസ്ഥാന രഹിതവും യുക്തിശ്രുന്യവുമായ ഇത്തരം അപവാദങ്ങളുടെ ലക്ഷ്യം.

ഭൌതിക നേട്ടങ്ങൾക്ക് വേണ്ടി മതം ദുരുപയോഗം ചെയ്യുന്നുവെന്ന ആരോപണം പ്രവാചകന്മാരിലും ആരോപിക്കപ്പെട്ടിരുന്നുവല്ലൊ. ഉദാഹരണത്തിന്ന് നൂഹി(അ)നെക്കുറിച്ച താഴെ സൂക്തം ശ്രദ്ധിക്കുക;

"അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: "ഇയാൾ നിങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്. നിങ്ങളെക്കാൾ വലുപ്പം നേടാൻ നോക്കുകയാണ് ഇവൻ. സത്യത്തിൽ ദൈവം ഇച്ഛിച്ചിരുന്നെങ്കിൽ അവൻ മലക്കുകളെ ഇറക്കിത്തരുമായിരുന്നു. ഞങ്ങളുടെ പൂർവപിതാക്കൾക്കിടയിലൊന്നും ഇങ്ങനെയൊന്ന് ഞങ്ങൾ കേട്ടിട്ടേയില്ല."

അല് മു'മിനൂന്; 24

മൂസാ(അ)യെയും ഹാറൂനി(അ)നെയും കുറിച്ച് ഈജിപ്തുകാര് ആരോപിച്ചതും ഇത് തന്നെയായിരുന്നു:

"അവർ പറഞ്ഞു: "ഞങ്ങളുടെ പൂർവ പിതാക്കൾ ഏതൊരു മാർഗം മുറുകെപ്പിടിക്കുന്നതായി ഞങ്ങൾ കണ്ടുവോ അതിൽനിന്ന് ഞങ്ങളെ തെറ്റിച്ചുകളയാനാണോ നീ ഞങ്ങളുടെയടുത്ത് വന്നത്? ഭൂമിയിൽ നിങ്ങളിരുവരുടെയും മേധാവിത്വം സ്ഥാപിക്കാനും? എന്നാൽ ഞങ്ങളൊരിക്കലും നിങ്ങളിരുവരിലും വിശ്വസിക്കുന്നവരാവുകയില്ല."

യൂനുസ്: 78

ഈ ആരോപണങ്ങള് കാരണം, ബദീഉസ്സമാന് സഈദ് നൂർസി എസ്കീശഹീര് ജയിലിലടക്കപ്പെട്ടു. മോചനത്തിന്ന് ശേഷം, കസ്താമൊനു പോലീസ് സ്റ്റേഷന്നെതിരിലുള്ള ഒരു മുറിയില്, വീട്ടുതടങ്കലില് പാർപ്പിക്കുകയായിരുന്നു. 8 വർഷങ്ങൾക്ക് ശേഷം, ഡെനിസ്ലി കോടതി അദ്ദേഹത്തിന്ന് 20 മാസത്തെക്കൂടി കാരാഗ്രഹം വിധിക്കുകയും പിന്നീട്, എമിർദാഗിലേക്ക് നാട് കടത്തുകയുമായിരുന്നു.

ഈ കാലത്ത്, ഇടക്കിടെ, പീഡനങ്ങൾക്കും ക്രൂരതകൾക്കും അദ്ദേഹം ഇരയാക്കപ്പെട്ടിരുന്നു. പലപ്പോഴും വിഷം പോലും നല്കുകയുണ്ടായി. പ്രായാധിക്യവും ബലഹീനതയുമുണ്ടായിരുന്ന അദ്ദേഹത്തെ, തണുപ്പും ഈർപ്പവും

വായുസഞ്ചാരമില്ലാത്തതുമായ സെല്ലുകളിലാണ് അടക്കപ്പെട്ടത്. പക്ഷെ, അന്യത്ര കാണാനിരിക്കുന്നത് പോലെ, തികഞ്ഞ ദൈവ വിശ്വാസത്തോടും സഹനത്തോടും ഈ ക്രൂരതകളെ അദ്ദേഹം സ്വീകരിക്കുകയും വിശ്വാസത്തിന്റെയും ദൈവാർപ്പണത്തിന്റെയും ശക്തി എല്ലാവർക്കും കാണിച്ചു കൊടുക്കുകയും ചെയ്തു. ഓരോ മനുഷ്യനും മാതൃകയായി കാണേണ്ട ഒരു ശ്രദ്ധേയ വ്യക്തിത്വമായിരുന്നു ബദീഉസ്സമാന് സഈദ് നൂർസി.

ഭ്രാന്തന്

വിശ്വാസികളില് ഏറ്റവും കൂടുതല് ആരോപിക്കപ്പെട്ടിരുന്ന ഒരപവാദം ഭ്രാന്ത് ആയിരുന്നുവല്ലൊ. 1908 ല്, കൃത്രിമമായി ചമക്കപ്പെട്ടിരുന്ന ഒരു വിശദീകരണത്തിന്റെ പേരില് ബദീഉസ്സമാന് സഈദ് നൂർസി ജയിലിലടക്കപ്പെട്ടു. അവിടെ, മാനസികമായി ശല്യമനുഭവിക്കുന്ന ഒരു വ്യക്തിയാണ് അദ്ദേഹമെന്ന്, കോടതി നിശ്ചയിച്ച ഡോക്ടർമാര് വിധിയെഴുതുകയായിരുന്നു. പക്ഷെ, അദ്ദേഹത്തെ പരിശോധിച്ച മാനസിക കേന്ദ്രത്തിലെ ഡോക്ടര്, അദ്ദേഹവുമായി സംസാരിച്ച ശേഷം പ്രഖ്യാപിച്ചു: ഇയാൾക്ക് ഭ്രാന്താണെങ്കില് സ്ഥിര ബുദ്ധിയുള്ള ഒരാളും ഈ ഭൂമുഖത്തില്ല.'

അത് മുതല്, എതിരാളികളുടെ ഉടമസ്ഥതയിലുള്ള മീഡിയാ ഔട്ട് ലറ്റുകള്, അദ്ദേഹത്തില് ഇടക്കിടെ ഭ്രാന്ത് ആരോപിച്ചു കൊണ്ടിരുന്നു. ' സഈദ് നൂർസി ഭ്രാന്താലയത്തിലെ പറ്റുകാരനാണ് ' തുടങ്ങിയ തെറ്റിദ്ധാരണാ ജനകമായ ആരോപണങ്ങളാല്, ഈ മഹാനായ ഇസ്ലാമിക നേതാവിനെ അപമാനിക്കാന് നിർമ്മിത പ്രസിദ്ധീകരണങ്ങള് ശ്രമിക്കുകയായിരുന്നു.

'ആളുകളെ വഴി തെറ്റിക്കുന്നു'

'മത ചൂഷകർ ' എന്ന തലക്കെട്ടില് , ഒരു ദിനപത്രം, ബദീഉസ്സമാന് സഈദ് നൂർസിക്കും ശിഷ്യർക്കുമെതിരില് ഒരു പരമ്പര പ്രസിദ്ധീകരിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ ശിഷ്യന്മാർ മാരണം ബാധിച്ചവരാണെന്നും അദ്ദേഹത്തോടുള്ള അവരുടെ വിശ്വസ്ഥതക്ക് അടിസ്ഥാനം മതഭ്രാന്താണെന്നും, അവരുടെ കണ്ണുകൾക്കും മനസ്സിനും മറ്റൊന്നും കാണാനും മനസ്സിലാക്കാനും കഴിയുകയില്ലെന്നും പ്രസ്തുത ലേഖനങ്ങളില് വാദിക്കപ്പെടുകയുണ്ടായി. ഖുര് ആനില് വിവരിക്കപ്പെട്ട സംഭവങ്ങൾക്ക് തികച്ചും സമാനമായ വാദഗതികള്.

"മറ്റുള്ളവർ വിശ്വസിച്ചപോലെ നിങ്ങളും വിശ്വസിക്കുക" എന്ന് ആവശ്യപ്പെട്ടാൽ അവർ ചോദിക്കും: "വിഡ്ഢികൾ വിശ്വസിച്ചപോലെ ഞങ്ങളും വിശ്വസിക്കണമെന്നോ?" എന്നാൽ അറിയുക: അവർ തന്നെയാണ് വിഡ്ഢികൾ. പക്ഷേ, അവരതറിയുന്നില്ല."

അല് ബഖറ: 13

'അപ്പോൾ അദ്ദേഹത്തിന്റെ ജനതയിലെ സത്യനിഷേധികളായ പ്രമാണിമാർ പറഞ്ഞു: "ഞങ്ങളുടെ നോട്ടത്തിൽ നീ ഞങ്ങളെപ്പോലുള്ള ഒരു മനുഷ്യൻ മാത്രമാണ്.

ഞങ്ങളിലെ നിസ്സാരന്മാർ മാത്രമാണ്, കാര്യവിചാരമില്ലാതെ നിന്നെ പിന്തുടർന്നതായി ഞങ്ങൾ കാണുന്നത്. ഞങ്ങളെക്കാളേറെ ഒരു ശ്രേഷ്ഠതയും നിങ്ങളിൽ ഞങ്ങൾ കാണുന്നില്ല. മാത്രമല്ല; നിങ്ങൾ കള്ളവാദികളാണെന്ന് ഞങ്ങൾ കരുതുന്നു."

ഹൂദ്: 27

ഇളം പ്രായക്കാരായ തന്റെ വിദ്യാർത്ഥികളെ അദ്ദേഹം മസ്തിഷ്കപ്രക്ഷാളനം നടത്തുകയായിരുന്നുവെന്നും അവര് അതിനുമാത്രം വിഡ്ഢികളും കഥയില്ലാത്തവരുമാണെന്നും ജനങ്ങളില് ഒരു ധാരണ സൃഷ്ടിക്കാന് ശ്രമിക്കുകയായിരുന്ന അവര്. മറ്റു വാക്കുകളില്, പൂർവകാല വിശ്വാസികളിലെന്ന പോലെ, മയാജാലത്തിന്റെ ചില രീതികള്, ബദീഉസ്സമാന് സഈദ് നൂർസിയിലും ആരോപിക്കപ്പെടുകയുണ്ടായി.

സത്യത്തില്, ബദീഉസ്സമാന് സഈദ് നൂർസിയും കൂടെയുള്ളവരും വിശ്വാസികളും ബുദ്ധിയുള്ളവരുമായിരുന്നു. യുക്തിയുടെയും മനസാക്ഷിയുടെയും ഖുര് ആനിക മൂല്യങ്ങളുടെയും വെളിച്ചത്തിലായിരുന്ന അവര് പ്രവർത്തിച്ചിരുന്നത്. ഈ ആരോപകര് ഈ വസ്തുത അറിയുകയും ചെയ്തിരുന്നു. യഥാർത്ഥത്തില്, സഈദ് നൂർസിയിലും കൂടെയുള്ള വിശ്വാസികളിലും ഈ ആരോപണങ്ങളൊന്നും യാതൊരു ഉപദ്രവവും ചെയ്തില്ലെന്ന് മാത്രമല്ല, അവയെ സഹനത്തോടും വിശ്വാസത്തോടും നേരിടുക വഴി, അവര് ബുദ്ധിപരമായ വിവേകവും പാരത്രിക പ്രതിഫലവും കൂടുതല് ആർജ്ജിക്കുകയുമാണുണ്ടായത്.

'മതത്തെ വളച്ചൊടിക്കുന്നു'

' ഇസ്ലാമിനെ വികൃതമാക്കുന്നു; തന്റെ വൈയക്തിക മത വിശ്വാസങ്ങൾക്ക് പ്രോത്സാഹനം നൽകുന്നു; ഈ വൈകൃത മതം അനുയായികളില് അടിച്ചേല്പിക്കുകയും ചെയ്യുന്നു.' ബദീഉസ്സമാന് സഈദ് നൂർസിയുടെ പേരിലുള്ള മറ്റൊരാരോപണം ഇതായിരുന്നു. അദ്ദേഹം നബി ചര്യ സ്വീകരിക്കുന്നില്ലെന്നും തന്റേതായൊരു മതം കണ്ടു പിടിച്ചിരിക്കുകയാണെന്നും കൂടി പ്രതിയോഗികള് വാദിച്ചു. അദ്ദേഹത്തെ തന്റേതല്ലാത്ത രൂപത്തില് അവതരിപ്പിച്ചു , ഒന്നുമറിയാത്ത മത വിശ്വാസികളെ തനിക്കെതിരെ ഇളക്കിവിടുകയായിരുന്ന പ്രകോപനപരമായ ഈ ആരോപണത്തിന്റെ ലക്ഷ്യം.

പക്ഷെ, ഇതെല്ലാം ""നീ വ്യക്തമായ വഴികേടിലകപ്പെട്ടതായി ഞങ്ങൾ കാണുന്നു[അല് അ;റാഫ് 60]വെന്ന് 'പ്രവാചകനായ നൂഹിനെ(അ)തിരെ ആരോപിക്കപ്പെട്ടത് പോലെയാണെന്ന് ബുദ്ധിയും മനസാക്ഷിയുമുള്ള മുസ്ലിംകള് മനസ്സിലാക്കിയതിനാല് ഈ അപവാദങ്ങളൊന്നും ഫലം കണ്ടില്ല.

സഈദ് നൂർസിക്കെതിരായ ദുഷ് പ്രചാരണങ്ങള്

അവിശ്വാസികളെപ്പൊഴും ശ്രദ്ധ പദ്ധതികളും ശ്രദ്ധാലോചനകളും ആസൂത്രണം ചെയ്യുമെന്ന് പല സൂക്തങ്ങളിലൂടെയും അല്ലാഹു വ്യക്തമാക്കിയിട്ടുണ്ട്.

"ഇവർക്കു മുമ്പുണ്ടായിരുന്നവരും പല തന്ത്രങ്ങളും പയറ്റിയിട്ടുണ്ട്. എന്നാൽ ഫലവത്തായ തന്ത്രങ്ങളൊക്കെയും അല്ലാഹുവിന്റേതാണ്. ഓരോ മനുഷ്യനും നേടിക്കൊണ്ടിരിക്കുന്നതെന്തെന്നു അവൻ നന്നായറിയുന്നു. ശോഭനമായ അന്ത്യം ആരുടേതാണെന്ന് ഈ സത്യനിഷേധികൾ അടുത്തുതന്നെ അറിയും."

അല് റഅദ്: 42

ബദീഉസ്സമാനിനെതിരെ നിർമ്മത വാദികള് ശ്രദ്ധാലോചന നടത്തുകയുണ്ടായി. 'Badiuzzaman Said Nursi – His Unknown Side' എന്ന കൃതിയില് ഇത്തരമൊരു ശ്രദ്ധാലോചനയെപ്പറ്റി പറയുന്നുണ്ട്. ' ബദീഉസ്സമാന്റെ അസിസ്റ്റന്റ് അദ്ദേഹത്തിന്ന് മദ്യം കൊണ്ടു വന്നു കൊടുത്തിരുന്നു'വെന്ന് ഒരു മദ്യ ഷോപ്പിലെ കുടിയന്മാരില് നിന്ന് ഒരു കടലാസ് തുണ്ടില് ഒപ്പു ശേഖരണം നടത്തപ്പെടുകയുണ്ടായി. അദ്ദേഹത്തെ കപടവിശ്വാസിയായി ചിത്രീകരിച്ചു അപമാനിക്കുകയായിരുന്നു ഇത് വഴി ലക്ഷ്യം വെച്ചിരുന്നത്.

ബദീഉസ്സമാന്റെ ഒരു കത്തില് മറ്റൊരു സംഭവം കൊടുത്തിട്ടുണ്ട്. തന്റെ വീട്ടില് രാത്രി മുഴുവന് പാർട്ടി നടത്തിയിരുന്നുവെന്നും അതില് വേശ്യകളടക്കമുള്ള തെമ്മാടികള് പങ്കു കൊണ്ടിരുന്നുവെന്നുമാണത്. അടിസ്ഥാനരഹിതമായ ഈ ആരോപണത്തെക്കുറിച്ച അദ്ദേഹത്തിന്റെ മറുപടി വളരെ വ്യക്തമായിരുന്നു:

' യഥാർത്ഥത്തില്, എന്റെ വീട് അകത്തുനിന്നും പുറത്തുനിന്നും പൂട്ടിയിരുന്നു; അയാളുടെ (അപവാദകന്) കല്പനയനുസരിച്ച്, എന്റെ വീടിന്റെ വാതിലിന്നടുത്ത് ഒരു കാവൽക്കാരനെ ഏർപ്പാടാക്കുകയും ചെയ്തിരുന്നു."

അവിഹിത ബന്ധത്തെയും ഉന്മാദാവസ്ഥയെയും കുറിച്ച ഈ ആരോപണങ്ങളൊന്നും, പക്ഷെ, ഫലം ചെയ്തില്ല; അദ്ദേഹം തന്റെ വിശ്വാസം അനുവർത്തിച്ചു കൊണ്ടേയിരുന്നു. ഇത്തരം ശ്രദ്ധാലോചനകളും ശ്രദ്ധപദ്ധതികളും വിശ്വാസികളെ സംബന്ധിച്ചിടത്തോളം ഹാനികരമല്ലെന്നും അവസാന വിജയം അവർക്കായിരിക്കുമെന്നും ഖുര് ആന് പറയുന്നു;

"-ബഹുദൈവവിശ്വാസികൾ തങ്ങൾക്കാവും വിധം അല്ലാഹുവിന്റെ പേരിൽ ആണയിട്ടു പറഞ്ഞു, തങ്ങൾക്ക് ഒരു മുന്നറിയിപ്പുകാരൻ വന്നെത്തിയാൽ തങ്ങൾ മറ്റേതു സമുദായത്തെക്കാളും സന്മാർഗം സ്വീകരിക്കുന്നവരാകുമെന്ന്. എന്നാൽ മുന്നറിയിപ്പുകാരൻ അവരുടെ അടുത്തു ചെന്നപ്പോൾ അത് അവരിൽ വെറുപ്പ് മാത്രമേ വർധിപ്പിച്ചുള്ളൂ.

അവർ ഭൂമിയിൽ അഹങ്കരിച്ചു നടന്നതിനാലാണിത്.
ഹീനതന്ത്രങ്ങളിലേർപ്പെട്ടതിനാലും. കുടിലതന്ത്രം അതു പയറ്റുന്നവരെത്തന്നെയാണ് ബാധിക്കുക. അതിനാൽ മുൻഗാമികളുടെ കാര്യത്തിലുണ്ടായ ദുരന്താനുഭവങ്ങളല്ലാതെ മറ്റെന്താണ് അവർക്ക് കാത്തിരിക്കാനുള്ളത്? അല്ലാഹുവിന്റെ നടപടിക്രമത്തിലൊരു മാറ്റവും നിനക്കു കാണാനാവില്ല. അല്ലാഹുവിന്റെ നടപടിക്രമത്തിൽ വ്യത്യാസം വരുത്തുന്ന ഒന്നും നിനക്കു കണ്ടെത്താനാവില്ല."

അല് ഫാതിര്: 42 – 43

ബദീഉസ്സമാന്റെ പ്രതികരണം

തനിക്കെതിരായ അപവാദങ്ങളെയും ശ്രദ്ധാലോചനകളെയും ബദീഉസ്സമാന് നേരിട്ടത്, പ്രവാചകന്മാരും അവരുടെ അനുയായികളും നേരിട്ട അതേ രീതിയില് തന്നെയായിരുന്നു. ക്ഷമയോടും വിശ്വാസത്തോടും കൂടി നിലകൊണ്ട അദ്ദേഹത്തിന്റെ ആഹ്ലാദവും ദൃഡനിശ്ചയവും മാതൃകാപരമായിരുന്നു.

മുകളില് പറഞ്ഞ കാരാഗ്രഹ ജീവിതത്തെയും തന്റെ മേല് അടിച്ചേല്പിച്ച ക്രൂരതകളുടെയും അനുകൂലവും പ്രയൊജനകരവുമായ വശങ്ങള് , തന്റെ, Risale – i Nur Collection എന്ന കൃതിയില് അദ്ദേഹം വിവരിക്കുന്നു;

' ആർക്കും വിശ്വസിക്കാനാകാത്ത കുറെ വ്യാജാരോപണങ്ങള് കുറെ ഉദ്യോഗസ്ഥര് ആരോപിച്ചു; തികച്ചും അസാധാരണമായ അപവാദങ്ങള് പ്രചരിപ്പിക്കാനവര് ശ്രമിച്ചു; പക്ഷെ, അതൊന്നും ആരെയും വിശ്വസിപ്പിക്കാനവർക്കായില്ല.

' പിന്നെ, കടുത്ത തണുപ്പ് കാലത്ത് ചർവ്വിതചർവ്വണ കാര്യങ്ങളുടെ പേരില് അവരെന്നെ അറസ്റ്റ് ചയ്യുകയും തണുപ്പേറിയ വലിയൊരു വാർഡില് ഏകാന്ത തടവുകാരനായി പാർപ്പിക്കുകയും ചെയ്തു. രണ്ട് ദിവസത്തോളം ഒരു സ്റ്റൌ പോലുമില്ലാതെയാണവരെന്നെ അവിടെ പാർപ്പിച്ചത്. വളരെ പഴക്കമായതിനാല്, എന്റെ കൊച്ചു മുറിയിലെ സ്റ്റൌ പല തവണ കത്തിക്കേണ്ടതുണ്ടായിരുന്നു. എപ്പോഴും ബ്രുസിയറില് കല്ക്കരി നിക്ഷേപിക്കുകയും വേണ്ടതുണ്ടായിരുന്നു.രോഗവും ക്ഷീണവും കാരണം വളരെ പ്രയാസത്തോടെ മാത്രമേ ഇതെല്ലാം എനിക്കു സഹിക്കാന് കഴിഞ്ഞിരുന്നുള്ളു. ഈ സ്ഥിതി വിശേഷത്തോട് പൊരുതുകയും, തണുപ്പ് കാരണമുണ്ടായ , ഭയാനകമായ ദു;ഖം, ക്ഷോഭം എന്നിവ അനുഭവിച്ചു കൊണ്ടിരിക്കുകയും ചെയ്തുവെ, ദൈവാനുഗ്രഹത്താല്, ഒരു സത്യം എന്റെ മനസ്സില് അനാവരണം ചെയ്യപ്പെടുകയുണ്ടായി. അതെന്റെ ആത്മാവിനോട് വിളിച്ചു പറയുകയാണ്:

' തുർക്കിനെ നീ Madrasse – i- Yusafiyya – യൂസുഫിന്റെ പാഠശാല - യെന്നു വിളിച്ചിരിക്കുന്നു. .... അതൊരു ആത്മീയ നേട്ടവുമാണ്. അവിടത്തെ മറ്റു ജയില് പുള്ളികൾക്ക് നിന്റെ Risale – i Nur ല് നിന്ന് വളരെ പ്രയോജനം ലഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതെല്ലാം നിന്നെക്കുറിച്ച ആവലാതിക്ക് പകരം കൃതജ്ഞതയായിരിക്കും നൽകുക. നിന്റെ ജയില് ജീവിതത്തിലെയും വിഷമ ഘട്ടത്തിലെയും ഒരൊ മണിക്കൂറും

അവ പത്ത് മണിക്കൂറിലെ ആരാധനക്ക് സമാനമാക്കുന്നു. കഴിഞ്ഞു പോയ മണിക്കൂറുകളെ ശാശ്വതവൽക്കരിക്കുകയും ചെയ്യുന്നു. ' [Bediuzzamaan Said Nursi: Risale – i Nur Collection. The 26th Flash 15 hope]

തനിക്കു ചുറ്റും ഇത്തരം അപവാദങ്ങൾക്കും ക്രൂരതകൾക്കും വിധേയരായ മുസ്ലിംകള്ക്ക് ഒരിക്കലും തങ്ങളുടെ സന്തോഷം വിനഷ്ടമാവുകയൊ നൈരാശ്യം ബാധിക്കുകയൊ ഉണ്ടായില്ലെന്നും അദ്ദേഹം പറയുന്നു;

' ഈ കപടന്മാരുടെ കപട തന്ത്രങ്ങൾക്കാന്നും തന്നെ ഒരു കൊച്ചു വിദ്യാർത്ഥിയെ പോലും പിടിച്ചു കുലുക്കാനായില്ല. അവരുടെ അപവാദങ്ങളെല്ലാം കേവലം വ്യർത്ഥങ്ങളായി..... ഇത്തരമാളുകളില് നിന്നുള്ള ഇത്തരം അപവാദങ്ങൾക്ക് ഞങ്ങളില് ഒരു പ്രതിഫലനവും സൃഷ്ടിക്കാന് കഴിഞ്ഞില്ല. ഇൻഷാ അല്ലാഹ്, രിസാലെ നൂര് വൃത്തങ്ങൾക്ക് ഒരു ഹാനിയും വരുത്താനും അവക്കാവുകയില്ല. " [Bediuzzaman Said Nursi, Risale – I Nur Collection, Letters, Fouteenth Ray]

അപവാദങ്ങളോടും ശ്രദ്ധാലോചനകളോടും ബദീഉസമാന്റെയും അനുയായികളുടെയും പ്രതികരണ രീതിയില് സകല വിശ്വാസികൾക്കും ഗുണപാഠമുണ്ട്. ഇത്തരം സാഹചര്യങ്ങളില് എങ്ങനെ പ്രതികരിക്കണമെന്ന് പ്രവാചകനിലൂടെ അല്ലാഹു മുസ്ലിംകളെ അനുസ്മരിപ്പിക്കുന്നു:

'നീ ക്ഷമിക്കുക. അല്ലാഹുവിന്റെ മഹത്തായ അനുഗ്രഹം കൊണ്ടു മാത്രമാണ് നിനക്ക് ക്ഷമിക്കാൻ കഴിയുന്നത്. അവരെപ്പറ്റി നീ ദുഃഖിക്കരുത്. അവരുടെ കുതന്ത്രങ്ങളെപ്പറ്റി വിഷമിക്കുകയും വേണ്ട
സംശയമില്ല; അല്ലാഹു ഭക്തന്മാരോടൊപ്പമാണ്.
സച്ചരിതരായിക്കഴിയുന്നവരോടൊപ്പം.'

അന്നഹല്; 127 – 128

വിശ്വാസികളുടെ പ്രതികരണം

അല്ലാഹുവിന്റെ ഇഷ്ട ദാസരും പ്രീതിയാർജ്ജിച്ചവരും സ്വർഗ്ഗം വാഗ്ദാനം നൽകപ്പെട്ടവരുമാണ് പ്രവാചകന്മാര്. അതിനാല് തന്നെ, അവന്റെ ഇഷ്ടവും പ്രീതിയും നേടാനാഗ്രഹിക്കുന്ന ഓരോ വിശ്വാസിയും അവരെ പോലെ ത്തന്നെ പെരുമാറേണ്ടതുണ്ട്. അല്ലാഹു പറയുന്നു:

'സംശയമില്ല; നിങ്ങൾക്ക് അല്ലാഹുവിന്റെ ദൂതനിൽ മികച്ച മാതൃകയുണ്ട്. അല്ലാഹുവിലും അന്ത്യദിനത്തിലും പ്രതീക്ഷയർപ്പിച്ചവർക്കാണിത്. അല്ലാഹുവെ ധാരാളമായി ഓർക്കുന്നവർക്കും'.

അല് അഹ്സാബ്; 21

പ്രവാചകന്മാരും സച്ചരിതരായ പൂർവ വിശ്വാസികളും പ്രദർശിപ്പിച്ച ക്ഷമയില് നിന്നും ദൈവാർപ്പണത്തില് നിന്നും ഗുണപാഠമുൾക്കാള്ളാന് സമകാലീന മുസ്ലിംകൾക്ക് പ്രചോദനമേകുകയാണീ ഗ്രന്ഥത്തിന്റെ ഉദ്ദേശ്യം.

നിർമ്മതവാദികളെയും ദുർബ്ബല വിശ്വാസികളെയും സംബന്ധിച്ചിടത്തോളം അപവാദം നശീകരണമാണ്. ദൈവദൂതന്മാര് അനുഭവിച്ച , വ്യഭിചാരമോ, മോഷണമോ അവരില് ആരോപിക്കപ്പെടുന്ന പക്ഷം അവര് തകർന്നു പോകും. ജീവിക്കാനുള്ള താല്പര്യം തന്നെ വിനഷ്ടമാകും; ദു:ഖവും നൈരാശ്യവും വിഷമവും അവരെ പിടികൂടും. ഒരു കൊച്ചു ആരോപണം അവരെ നിരാശരാക്കുമെങ്കില്, വന് ആരോപണങ്ങള് അവരെ തകർക്കുക തന്നെ ചെയ്യും. അവര് ആലോചിക്കും: ' ഈ ആരോപണങ്ങളില് നിന്നും എന്റെ പേര് ശുദ്ധമാക്കാന് എനിക്കെങ്ങനെ സാധിക്കും?' ' മില്യന് കണക്കിലാളുകള് ഇതിന്റെ വെളിച്ചത്തില് എന്നെ അറിയാനിട വന്നല്ലോ! ' ' എന്റെ രേഖ നന്നാക്കാന് എനിക്കെങ്ങനെയാണ് കഴിയുക?'. സ്വന്തം സാമ്പത്തിക ഭാവിയെ കുറിച്ച് അവര് ഉല്കൺഠപ്പെടും. എത്ര ശുദ്ധിയാക്കിയാലും, എത്ര മാലിന്യം നീക്കം ചെയ്താലും അതിലല്പം ഒട്ടിപ്പിടിച്ചേക്കാമല്ലൊ എന്നവര് ഭയപ്പെടും; തങ്ങളെപ്പോഴും ഈ അരോപണങ്ങളുടെ പേരില് ഓർമ്മിക്കപ്പെടുമല്ലോ എന്നവര് വിശ്വസിച്ചു പോകും.

എന്നാല്, വിശ്വാസികളുടെ സ്ഥിതി അതല്ല. ദൈവ വിശ്വാസത്തില് സുരക്ഷയനുഭവിക്കുന്ന അവര്, മുകളില് പറഞ്ഞ ആളുകളെ പോലെ, ചിന്താ ശൂന്യമായി പെരുമാറുകയോ ഉത്കണ്ഠപ്പെടുകയോ ഇല്ല. സുദൃഡ വിശ്വാസവും ദൈവിക നിയതിക്കു വഴങ്ങാനുള്ള കഴിവുമുള്ളതിനാല്, ഇത്തരം സാഹചര്യങ്ങളിലുള്ള അവരുടെ പെരുമാറ്റം മതമൂല്യങ്ങള് കൈക്കൊള്ളാത്തവരുടേതില് നിന്നും തികച്ചും വ്യത്യസ്തമായിരിക്കും.

അപവാദം ഒരു ദൈവിക പരീക്ഷണമാണെന്നും അതില് വിജയം വരിച്ചാല് ദൈവ പ്രീതി നേടാമെന്നും, ക്ഷമയും വിശ്വാസവും തെളിയിക്കുന്ന പക്ഷം തങ്ങളുടെ പേര് ശുദ്ധീകരിക്കപ്പെടുമെന്നും വിശ്വാസികൾക്കറിയാം. വിശ്വാസികള് നേരിടുന്ന ആരോപണങ്ങള്, യഥാർത്ഥത്തില്, അവർക്ക് ഗുണപരമായാണ് ഭവിക്കുകയെന്ന് ഖുര് ആന് പറയുന്നു:

'-തീർച്ചയായും ഈ അപവാദം പറഞ്ഞുപരത്തിയവർ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു വിഭാഗമാണ്. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കരുതേണ്ട. മറിച്ച് അത് നിങ്ങൾക്കു ഗുണകരമാണ്. അവരിലോരോരുത്തർക്കും താൻ സമ്പാദിച്ച പാപത്തിന്റെ ഫലമുണ്ട്. അതോടൊപ്പം അതിനു നേതൃത്വം നൽകിയവന് കടുത്ത ശിക്ഷയുമുണ്ട്.

അന്നൂര് : 11

മതമൂല്യങ്ങളനുസരിച്ചു ജീവിക്കുന്നവരെ സംബന്ധിച്ചിടത്തോളം, എന്തും സംഭവിക്കുന്നത് ദൈവത്തിന്റെ അറിവോടും നിയന്ത്രണത്തോടും കൂടിയാണെന്നും ഏറ്റവും നല്ല രീതിയിലാണ് എല്ലാം സൃഷ്ടിക്കപ്പെട്ടിരിക്കുന്നതെന്നും വിശ്വസിക്കുന്നു. അതിനാല് താനെ, ഏറ്റവും മോശമായ ആരോപണങ്ങൾക്ക് വിധേയരായാല് പോലും, അതില് ഗുണപരമായ എന്തോ ലഭിക്കാനുണ്ടെന്നവര് മനസ്സിലാക്കുന്നു. തങ്ങൾക്ക് ദുഷ്പേര് വരാതിരിക്കാനും ആരോപണങ്ങളില് അകപ്പെടാതിരിക്കാനും , അനുവദനീയ രീതിയില് കഴിയുന്നിടത്തോളം വിശ്വാസികള് ശ്രമിക്കുമെന്നതില് സംശയമില്ല.

പക്ഷെ, അവയിലെല്ലാം തികച്ചും നന്മയും പ്രയോജനവുമാണ് അല്ലാഹു തങ്ങൾക്ക് ഇച്ഛിക്കുന്നതെന്ന് അറിഞ്ഞു കൊണ്ടു തന്നെയായിരിക്കുമത്.

അപവാദത്തിന്റെ ഒരനന്തരഫലമെന്ന നിലയില് വന് വിഷമങ്ങളാല് വിശ്വാസികള് പരീക്ഷിക്കപ്പെട്ടേക്കാം. ഗുരുതരമായ രോഗം, കുടുംബത്തിന്റെ ദാരിദ്ര്യം, സാമ്പത്തിക പ്രശ്നങ്ങള് എന്നിവ ഒരേ സമയത്ത് സംഭവിച്ചേക്കാം. പക്ഷെ, ഇതെല്ലാം ദൈവിക പരീക്ഷണമാണെന്നും ഓരോ പ്രശ്നത്തിന്നും ഓരോ പരിഹാരമുണ്ടെന്നും, ക്ഷമയുടെ പ്രതിഫലം സ്വർഗ്ഗമാണെന്നും വിശ്വാസി മനസ്സിലാക്കുന്നു. അതിനാല് തന്നെ, സുനിർണ്ണിതവും സുനിശ്ചിതവും സധീരവും ഊർജ്ജസ്വലവുമായ രീതിയിലായിരിക്കും അയാള് പ്രതികരിക്കുക. ദു:ഖത്തിന്നോ നൈരാശ്യത്തിന്നോ അവര് വഴങ്ങുകയില്ല. യുക്തിപരവും അച്ചടക്കപരവുമായ രീതിയിലായിരിക്കും എല്ലാ പ്രതിസന്ധികളെയും അവര് തരണം ചെയ്യുക.

ഭൌതിക ലോകത്തും നേട്ടം

അപവാദാരോപണങ്ങള്, യഥാർത്ഥത്തില്, ഒരു വിശ്വാസിക്ക് പ്രയോജനകരമാകുന്നതെങ്ങനെയെന്നതിന്റെ ഒരുത്തമ ദൃഷ്ടാന്തമാണ് യൂസുഫ് കഥ. ഗവർണ്ണരുടെ പത്നിയുടെ വ്യാജാരോപണം കാരണം കുറേ കാലം യൂസുഫ് (അ) ജയിലിലടക്കപ്പെടുന്നു; അവിടെ വെച്ച് ജയില് പുള്ളികൾക്ക് ദൈവാസ്തിക്യവും ദൈവിക മതവും പഠിപ്പിക്കാന് അദ്ദേഹത്തിന്നു സാഹചര്യം ലഭിക്കുന്നു; ദൈവിക നിയതിക്കുള്ള തന്റെ വഴക്കം, ജയില് മോചിതനായൊരു തടവുകാരന് മുഖേന, തന്റെ സത്യസന്ധതയും സ്വപ്നവ്യാഖ്യാന കഴിവും രാജാവിന്റെ ചെവിട്ടിലെത്താന് ഹേതുവാകുന്നു; തന്റെ സ്വപ്നം വ്യാഖ്യാനിക്കാനായി അദ്ദേഹം കൊട്ടാരത്തിലേക്ക് ക്ഷണിക്കപ്പെടുന്നു; പക്ഷെ, അതിന്നു മുമ്പ് തന്റെ ദുഷ്പേര് നീങ്ങേണ്ടതുണ്ടെന്ന് അദ്ദേഹം വ്യവസ്ഥ വെക്കുന്നു; അങ്ങനെ, തന്നെ അപവദിച്ച സ്ത്രീയേയും സ്നേഹിതകളെയും കൊട്ടാരത്തില് ഹാജറാക്കുകയും അവര് സത്യം തുറന്നു പറയുകയും അദ്ദേഹത്തിന്റെ നിരപരാധിത്വം തെളിയിക്കപ്പെടുകയും ചെയ്യുന്നു. ഖുര് ആന് പറയുന്നു:

‘രാജാവ് പറഞ്ഞു: "നിങ്ങൾ യൂസുഫിനെ എന്റെ അടുത്തു കൊണ്ടുവരിക.” യൂസുഫിന്റെ അടുത്ത് ദൂതൻ ചെന്നപ്പോൾ അദ്ദേഹം പറഞ്ഞു: "നീ നിന്റെ യജമാനന്റെ അടുത്തേക്കു തന്നെ തിരിച്ചു പോവുക. എന്നിട്ട് അദ്ദേഹത്തോടു ചോദിക്കുക; സ്വന്തം കൈകൾക്ക് മുറിവുണ്ടാക്കിയ ആ സ്ത്രീകളുടെ സ്ഥിതിയെന്തെന്ന്. എന്റെ നാഥൻ അവരുടെ കുതന്ത്രത്തെപ്പറ്റി നന്നായറിയുന്നവനാണ്; തീർച്ച.”
രാജാവ് സ്ത്രീകളോട് ചോദിച്ചു: "യൂസുഫിനെ വശപ്പെടുത്താൻ ശ്രമിച്ചപ്പോൾ നിങ്ങളുടെ അനുഭവമെന്തായിരുന്നു?” അവർ പറഞ്ഞു: "മഹത്വം അല്ലാഹുവിനു തന്നെ. യൂസുഫിനെപ്പറ്റി മോശമായതൊന്നും ഞങ്ങൾക്കറിയില്ല.” പ്രഭുവിന്റെ പത്നി പറഞ്ഞു:

"ഇപ്പോൾ സത്യം വെളിപ്പെട്ടിരിക്കുന്നു. ഞാൻ അദ്ദേഹത്തെ വശപ്പെടുത്താൻ സ്വയം ശ്രമിക്കുകയായിരുന്നു. തീർച്ചയായും അദ്ദേഹം സത്യവാനാണ്."

യൂസുഫ് പറഞ്ഞു: "പ്രഭുവില്ലാത്ത നേരത്ത് ഞാനദ്ദേഹത്തെ വഞ്ചിച്ചിട്ടില്ലെന്ന് അദ്ദേഹം അറിയാനാണ് ഞാനങ്ങനെ ചെയ്തത്. [4] വഞ്ചകരുടെ കുതന്ത്രങ്ങളെ അല്ലാഹു ഒരിക്കലും ലക്ഷ്യത്തിലെത്തിക്കുകയില്ല

യൂസുഫ് : 50 – 52

അതെ ഈ അപവാദം വ്യാജമാണെന്നു തെളിയുകയും തന്റെ നിരപരാധിത്വവും വിശ്വാസ്യതയും ആളുകളറിയുകയും ചെയ്തു. പരീക്ഷണ വേളയില് അദ്ദേഹം പ്രകടിപ്പിച്ച ക്ഷമക്കും സദ്സ്വഭാവത്തിനും, പരലോകത്തെന്നപോലെ ഇഹലോകത്തും അല്ലാഹു പ്രതിഫലം നൽകുകയായിരുന്നു. ഖുര് ആന് സൂക്തം തുടരുന്നു:

"രാജാവ് കൽപിച്ചു: "നിങ്ങൾ അദ്ദേഹത്തെ എന്റെ അടുത്തെത്തിക്കുക. ഞാനദ്ദേഹത്തെ എന്റെ പ്രത്യേകക്കാരനായി സ്വീകരിക്കട്ടെ." അങ്ങനെ അദ്ദേഹവുമായി സംസാരിച്ചപ്പോൾ രാജാവ് പറഞ്ഞു: "താങ്കളിന്ന് നമ്മുടെയടുത്ത് ഉന്നതസ്ഥാനീയനാണ്. നമ്മുടെ വിശ്വസ്തനും."

യൂസുഫ് പറഞ്ഞു: "രാജ്യത്തെ ഖജനാവുകളുടെ ചുമതല എന്നെ ഏൽപിക്കുക. തീർച്ചയായും ഞാനതു പരിരക്ഷിക്കുന്നവനും അതിനാവശ്യമായ അറിവുള്ളവനുമാണ്."

അവ്വിധം നാം യൂസുഫിന് അന്നാട്ടിൽ അദ്ദേഹം ഉദ്ദേശിക്കുന്നിടമെല്ലാം ഉപയോഗിക്കാൻ കഴിയുമാറ് സൌകര്യം ചെയ്തുകൊടുത്തു. നാം ഉദ്ദേശിക്കുന്നവർക്ക് നമ്മുടെ കാരുണ്യം നൽകുന്നു. സൽക്കർമികൾക്കുള്ള പ്രതിഫലം നാമൊട്ടും പാഴാക്കുകയില്ല.

എന്നാൽ സത്യവിശ്വാസം സ്വീകരിക്കുകയും സൂക്ഷ്മത പാലിക്കുകയും ചെയ്യുന്നവർക്ക് പരലോകത്തെ പ്രതിഫലമാണ് ഉത്തമം."

യൂസുഫ്: 54 – 57

അപവാദിതരെ നല്ലവരായി കാണുക!

മുങ്കാല സംഭവങ്ങള് പരിശോധിച്ചാല് സുപ്രധാനമായൊരു വിഷയം പുറത്ത് വരുന്നു. അപവാദിത വിശ്വാസിയുടെ ക്ഷമയും വിശ്വാസവും പരീക്ഷിക്കപ്പെടുന്നതോടൊപ്പം അയാളുടെ സഹ വിശ്വാസികളുടെ നിലപാടും അഭിപ്രായവും കൂടി പരീക്ഷിക്കപ്പെടുന്നുവെന്നതാണത്.

വിശ്വാസികള്ക്കിടയില് പരസ്പര വിശ്വാസമുണ്ടായിരിക്കേണ്ടതുണ്ട്. കരണം, മതത്തിന്റെ ശത്രുക്കള് വ്യാജ തെളിവുകളിലൂടെയും കള്ള സാക്ഷ്യങ്ങളിലൂടെയുമായിരിക്കും തങ്ങളുടെ വാദഗതികളവതരിപ്പിക്കാന് ശ്രമിക്കുകയെന്ന് മുന് ഉദാഹരണങ്ങളില് നിന്ന് മനസ്സിലായല്ലോ. ആരോപിതരെ മറ്റാളുകൾക്കിടയില്, വിശിഷ്യാ അയാളുടെ അനുയായികൾക്കിടയില്, തരം

താഴ്ത്താനാണല്ലൊ അവര് ശ്രമിക്കുന്നത്. വിശ്വാസികൾക്കിടയില് ആഭ്യന്തര പിളർപ്പും കലഹവും സൃഷ്ടിക്കുകയാണവരുടെ ലക്ഷ്യം. ബദീഉസ്സമാനോട് അനുവർത്തിക്കപ്പെട്ടത് ഈ നയമായിരുന്നുവെന്ന് കഴിഞ്ഞ അദ്ധ്യായത്തില് നാം കണ്ടു. ഇസ്ലാമിനോടും ആത്മീയ മൂല്യങ്ങളോടും അഭിനിവേശമുണ്ടായിരുന്ന അദ്ദേഹത്തെ ഒരു കപട വിശ്വാസിയായി ചിത്രീകരിക്കാന് ആവിഷ്കരിക്കപ്പെട്ട ഒരു ദുഷ്പ്രചാരണത്തിന്നാണല്ലൊ ഇരയാക്കപ്പെട്ടത്. വഞ്ചനാപരമായൊരു പ്രവർത്തനമാണിവിടെ നടന്നത്: മുസ്ലിംകള് പരസ്പരം സഹകരിക്കാതിരിക്കാന് അവര് പരസ്പരം കലഹിക്കണമെന്ന് അവിശ്വാസികള് ആഗ്രഹിക്കുന്നുവെന്നതാണത്. വിശ്വാസികള് എപ്പോഴും പരസ്പരം സഹകരിക്കണമെന്ന് അല്ലാഹു നിർദ്ദേശിക്കുന്നു;

“സത്യനിഷേധികളും പരസ്പരം ആത്മമിത്രങ്ങളാണ്. അതിനാൽ നിങ്ങളങ്ങനെ ചെയ്യുന്നില്ലെങ്കിൽ നാട്ടിൽ കുഴപ്പവും വമ്പിച്ച നാശവുമുണ്ടാകും. “

അല് അൻഫാല്: 73

അതിനാല് തന്നെ, ഒരു സഹമുസ്ലിമിനെ കുറിച്ച് എന്തെങ്കിലും അപവാദം കേൾക്കുമ്പോള്, ആദ്യമായി, അതിന്റെ ആന്തരിക കഥ അറിയുക വിശ്വാസികളെ സംബന്ധിച്ചിടത്തോളം വളരെ പ്രധാനമാണ്. ആരോപിതന് ദൈവ ഭക്തനും ഖുര് ആനിക പാതയിലൂടെ ചരിക്കുന്നവനുമായറിയപ്പെടുന്നുവെങ്കില് അയാളെ കുറിച്ച് സദ്വിചാരമാണ് വെച്ചു പുലർത്തേണ്ടത്.

വിശ്വാസികളോട് അവിശ്വാസികൾക്കുള്ള വെറുപ്പ് വളരെ ശക്തമാണെന്നതിനാല്, അവരെ കൊള്ളരുതാത്തവരായി ചിത്രീകരിക്കാനും തങ്ങളുടെ തെറ്റായ വിശ്വാസങ്ങള് അവരില് അടിച്ചേല്പിക്കാനും അവരാഗ്രഹിക്കുന്നു. മതമൂല്യങ്ങളില് നിന്ന് അകന്നു കഴിയുന്നവര്, അല്ലാഹുവിന്റെ ഇഷ്ട ദാസരെ എപ്പോഴും അപവദിച്ചു കൊണ്ടിരിക്കും. ഇതേ കുറിച്ച് വിശ്വാസികളെപ്പോഴും ബോധവന്മാരായിരിക്കേണ്ടതുണ്ട്.

താഴെ സൂക്തങ്ങളില്, സുപ്രധാനമായ മറ്റൊരു വസ്തുതയാണ് അല്ലാഹു വെളിപ്പെടുത്തുന്നത്:

“അവർ തങ്ങളുടെ കൗശലം പരമാവധി പ്രയോഗിച്ചു. എന്നാൽ അവർക്കതിരിലുള്ള കൗശലം അല്ലാഹുവിങ്കലുണ്ട്; അവരുടെ കുതന്ത്രം പർവതങ്ങളെ പിഴുതുമാറ്റാൻ പോന്നതാണെങ്കിലും.
അല്ലാഹു തന്റെ ദൂതന്മാർക്ക് നൽകിയ വാഗ്ദാനം ലംഘിക്കുമെന്ന് നീ ഒരിക്കലും കരുതരുത്. തീർച്ചയായും അല്ലാഹു പ്രതാപിയാണ്. പ്രതികാരനടപടി സ്വീകരിക്കുന്നവനും .”

ഇബ്രാഹിം: 46 – 47

അതെ, ഇത്തരം കുതന്ത്രങ്ങളെല്ലാം അല്ലാഹു പരാജയപ്പെടുത്തുകയും, യൂസുഫിന്റെയും മറ്റു വിശ്വാസികളുടെയും കാര്യത്തിലുണ്ടായത് പോലെ, വിശ്വാസികളെ ഒരു ശുഭ്പര്യവസാനത്തിലേക്ക് നയിക്കുകയും ചെയ്യും. പക്ഷെ, അത് വരെ, അപവാദിതനായ തങ്ങളുടെ സഹ മുസ്ലിമിനെക്കുറിച്ച് സൗമനസ്യവും സദ്വിചാരവും വെച്ചു പുലർത്താന് വിശ്വാസികള് ബാധ്യസ്ഥരാണ്. അപവാദിത വിശ്വാസിയോട് എങ്ങനെ വർത്തിക്കണമെന്ന നിർദ്ദേശവും അവരോട് തെറ്റായി പ്രതികരിക്കുന്നവർക്കുള്ള താക്കീതും താഴെ സൂക്തങ്ങളില് കാണാം:

“തീർച്ചയായും ഈ അപവാദം പറഞ്ഞുപരത്തിയവർ നിങ്ങളിൽ നിന്നുതന്നെയുള്ള ഒരു വിഭാഗമാണ്. അത് നിങ്ങൾക്ക് ദോഷകരമാണെന്ന് നിങ്ങൾ കരുതേണ്ട. മറിച്ച് അത് നിങ്ങൾക്കു ഗുണകരമാണ്. അവരിലോരോരുത്തർക്കും താൻ സമ്പാദിച്ച പാപത്തിന്റെ ഫലമുണ്ട്. അതോടൊപ്പം അതിനു നേതൃത്വം നൽകിയവന് കടുത്ത ശിക്ഷയുമുണ്ട്.
ആ വാർത്ത കേട്ടപ്പോൾതന്നെ സത്യവിശ്വാസികളായ സ്ത്രീ പുരുഷന്മാർക്ക് സ്വന്തം ആളുകളെപ്പറ്റി നല്ലതു വിചാരിക്കാമായിരുന്നില്ലേ? “ഇതു തികഞ്ഞ അപവാദമാണെ”ന്ന് അവർ പറയാതിരുന്നതെന്തുകൊണ്ട്?

അവരെന്തുകൊണ്ട് അതിനു നാലു സാക്ഷികളെ ഹാജരാക്കിയില്ല? അവർ സാക്ഷികളെ ഹാജരാക്കാത്തതിനാൽ അവർ തന്നെയാണ് അല്ലാഹുവിങ്കൽ അസത്യവാദികൾ. ഇഹത്തിലും പരത്തിലും അല്ലാഹുവിന്റെ അനുഗ്രഹവും കാരുണ്യവും നിങ്ങൾക്കുണ്ടായിരുന്നില്ലെങ്കിൽ, ഈ അപവാദവാർത്തകളിൽ മുഴുകിക്കഴിഞ്ഞതിന്റെ പേരിൽ നിങ്ങളെ കഠിനമായ ശിക്ഷ ബാധിക്കുമായിരുന്നു.
നിങ്ങൾ ഈ അപവാദം നിങ്ങളുടെ നാവുകൊണ്ട് ഏറ്റുപറഞ്ഞു. നിങ്ങൾക്കറിയാത്ത കാര്യങ്ങൾ നിങ്ങളുടെ വായകൊണ്ടു പറഞ്ഞുപരത്തി. അപ്പോൾ നിങ്ങളത് നന്നെ നിസ്സാരമാണെന്നുകരുതി. എന്നാൽ അല്ലാഹുവിങ്കലത് അത്യന്തം ഗുരുതരമായ കാര്യമാണ്.
അതുകേട്ട ഉടനെ നിങ്ങളെന്തുകൊണ്ടിങ്ങനെ പറഞ്ഞില്ല: "നമുക്ക് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് സംസാരിക്കാൻ പാടില്ല. അല്ലാഹുവേ നീയെത്ര പരിശുദ്ധൻ! ഇത് അതിഗുരുതരമായ അപവാദം തന്നെ.”
അല്ലാഹു നിങ്ങളെയിതാ ഉപദേശിക്കുന്നു: "നിങ്ങളൊരിക്കലും ഇതുപോലുള്ളത് ആവർത്തിക്കരുത്. നിങ്ങൾ സത്യവിശ്വാസികളെങ്കിൽ!“

അന്നൂർ: 11 – 17

അപവാദകരെ അനഭിജ്ഞരായി കാണരുത്

വിശ്വാസികൾക്കെതിരെ അവിശ്വാസികളെപ്പോഴും ഉപദ്രവകരമായ വാക്കുകളുപയോഗിക്കുകയും അപവദിക്കുകയും ചെയ്തുകൊണ്ടിരിക്കുമെന്ന വസ്തുത ഒരിക്കലും വിസ്മരിക്കാവതല്ല. കാരണം, അല്ലാഹുവിന്റെ ഒരു ശാശ്വത നിയമമാണത്. അതിനാല് തന്നെ, വിശ്വാസികള് ഇതെ കുറിച്ച് ബോധവന്മാരായിരിക്കണം. തദ്വാര, സഹ മുസ്ലിമിനെ കുറിച്ച ദുർവിചാരവും അയാളോടുള്ള അനീതിയും ഒഴിവാക്കാന് സാധിക്കും. സത്യത്തില്, അപവദിക്കപ്പെടുന്നത്, ഒരു വിശ്വാസിയുടെ ആത്മാർത്ഥതയുടെ അടയാളമായി കരുതാന് പോലും മുസ്ലിം ബാധ്യസ്ഥനാണ്.
‘ തീയുള്ളെടത്ത് പുകയുമുണ്ടാകുമല്ലൊ,’ “ അയാളെ കുറിച്ച് പറയുന്നത് എന്നെ കുറിച്ച് പറയാത്തതെന്താണ്?” തുടങ്ങി ഖുര് ആനിക വിരുദ്ധമായ മുറുമുറുപ്പുകള് ചിലരില് നിന്നുണ്ടായേക്കാം. നിർമ്മത വാദികളും അവിശ്വാസികളും ചെയ്യുന്നത് പോലെ,

സംഭവങ്ങളെ, ഖുര് ആനിക ബാഹ്യമായി വ്യാഖ്യാനിക്കുക വഴി ഭീമാബദ്ധമാണ് ഇത്തരമാളുകള് ചെയ്യുന്നത്. മറ്റു വാക്കുകളില്, ഖുര് ആന് പ്രസ്താവിച്ച വസ്തുതകളെ അവര് വിസ്മരിക്കുകയാണ്. ഇത്തരം അബദ്ധങ്ങള് വരാതിരിക്കാന് വിശ്വാസികള് ശ്രദ്ധിക്കേണ്ടതാണ്.

ഇത്തരം ആരോപണങ്ങള് വിശ്വാസികള് ശ്രദ്ധിക്കരുതെന്ന് മാത്രമല്ല, തങ്ങള് ഈ നുണകള് അംഗീകരിക്കുകയില്ലെന്ന് അവിശ്വാസികളോട് തുറന്നു പറയുകയും വേണം. അതവരുടെ കുതന്ത്രങ്ങള് നിഷ്ഫലമാക്കി കളയും.

മാത്രമല്ല, ബഹുഭൂരിഭാഗമാളുകളും മുസ്ലിം വിരുദ്ധ ശ്രദ്ധാലോചനയില് പങ്കാളികളാകുന്നുവെന്നതും ആരോപണം സത്യസന്ധമാണെന്നതിന്ന് തെളിവല്ല. ഭൂരിപക്ഷത്തിന്ന് പലപ്പോഴും തെറ്റു പറ്റാമെന്നാണല്ലൊ അല്ലാഹു പറയുന്നത്:

“ഭൂമുഖത്തുള്ള ഭൂരിപക്ഷംപേരും പറയുന്നത് നീ അനുസരിക്കുകയാണെങ്കിൽ അവർ നിന്നെ അല്ലാഹുവിന്റെ മാർഗത്തിൽ നിന്ന് തെറ്റിച്ചുകളയും. കേവലം ഊഹങ്ങളെ മാത്രമാണ് അവർ പിൻപറ്റുന്നത്. അവർ അനുമാനങ്ങളിൽ ആടിയുലയുകയാണ്.“

അല് അന് ആം; 116

ദൈവ ധിക്കാരികളില് നിന്നാണ് ഒരു വിശ്വാസിയെക്കുറിച്ച് ആരോപണമുരുന്നതെങ്കില്, അതിന്റെ സാധുതക്ക് ശക്തമായ തെളിവുകളുയരുന്നുവെങ്കില് മാത്രമെ അതെ കുറിച്ച് ശ്രദ്ധാപൂർവമായ അന്വേഷണം നടത്തുകയും കാര്യമായെടുക്കുകയും ചെയ്യേണ്ടതുള്ളൂ. ‘നിജസ്ഥിതി വ്യക്തമായി അന്വേഷിച്ചറിയുക‘യെന്ന ഖുര് ആനിക നിർദ്ദേശം കൈകൊണ്ട ശേഷമെ ഇത്തരം ആരോപണങ്ങളില് വിശ്വസിക്കാവൂ. അല്ലാഹു നിർദ്ദേശിക്കുന്നു:

‘വിശ്വസിച്ചവരേ, വല്ല കുബുദ്ധിയും എന്തെങ്കിലും വാർത്തയുമായി നിങ്ങളുടെ അടുത്ത് വന്നാൽ നിജസ്ഥിതി വ്യക്തമായി അന്വേഷിച്ചറിയുക. കാര്യമറിയാതെ ഏതെങ്കിലും ജനതക്ക് നിങ്ങൾ വിപത്ത് വരുത്താതിരിക്കാനാണിത്. അങ്ങനെ ആ ചെയ്തതിന്റെ പേരിൽ നിങ്ങൾ ഖേദിക്കാതിരിക്കാനും.’

അല് ഹുജ്റാത്: 6

ഖുര് ആനിക മാർഗദർശനങ്ങളെ അനുധാവനം ചെയ്യുകയും സത്യത്തെയും നീതിയെയും ജീവത്താക്കുകയുമാണ് , ഇഹത്തിലും പരത്തിലും മനസാക്ഷിക്കുത്തും ദു:ഖവുമൊഴിവാക്കാനുള്ള മാർഗ്ഗം.

സമാപ്തം

സർവ്വജ്ഞനന് അല്ലാഹു

അവിശ്വാസികളെപ്പോഴും വിശ്വാസികളെ അപവദിച്ചിരുന്നു; അപവദിക്കുകയും ചെയ്യും; അത് പോലെ, അപവാദപരവും ഉപദ്രകരവുമായ അവരുടെ വാക്കുകളൊന്നും ഒരിക്കലും വിശ്വാസികളെ ഉപദ്രവിച്ചിട്ടില്ല. അതുണ്ടാവുകയുമില്ല. കാരണം, ‘ അല്ലാഹു എല്ലാം കാണുകയും കേൾക്കുകയും ചെയ്യുന്നു; അവനിച്ഛിക്കാതെ, ആർക്കും ഒരു

ഉപദ്രവവും വരുത്താനാവുകയില്ല' എന്ന സുപ്രധാനമായ ഒരു വസ്തുത വിശ്വാസികൾക്കറിയാമെന്നതത്രെ അതിന് കാരണം.

അപവാദകരമായ ഓരോ വാക്കും ഉച്ചരിക്കപ്പെടുന്നത് അല്ലാഹുവിന്റെ അനുമതിയോടെ മാത്രം; അപവാദകർ തങ്ങളുടെ ഗ്രന്ഥ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ, ഗ്രന്ഥാലോചന നടത്തുമ്പോൾ, വാക്കുകൾക്ക് രൂപം നൽകുമ്പോൾ അല്ലാഹു കണ്ടു കൊണ്ടിരിക്കുകയും ശ്രദ്ധിച്ചു കൊണ്ടിരിക്കുകയും ചെയ്യുന്നു. സ്വന്തം മതത്തെ വഞ്ചിക്കാൻ വിശ്വാസികളെ നിർബ്ബന്ധിതരാക്കുകയെന്ന ഉദ്ദേശ്യത്തോടെ , അവിശ്വാസികൾ അപവദിക്കുമ്പോൾ പോലും , അവരുടെ മനസ്സിലിരിപ്പ് അല്ലാഹുവിന്നറിയാം. അല്ലാഹു പറയുന്നത് കാണുക:

'ആകാശഭൂമികളിലുള്ളതെല്ലാം അല്ലാഹു അറിയുന്നുണ്ടെന്ന് നീ മനസ്സിലാക്കുന്നില്ലേ? മൂന്നാളുകൾക്കിടയിലൊരു രഹസ്യഭാഷണവും നടക്കുന്നില്ല; നാലാമനായി അല്ലാഹുവില്ലാതെ. അല്ലെങ്കിൽ അഞ്ചാളുകൾക്കിടയിൽ സ്വകാര്യ ഭാഷണം നടക്കുന്നില്ല; ആറാമനായി അവനില്ലാതെ. എണ്ണം ഇതിനെക്കാൾ കുറയട്ടെ, കൂടട്ടെ, അവർ എവിടെയുമാകട്ടെ, അല്ലാഹു അവരോടൊപ്പമുണ്ട്. പിന്നെ അവരെന്താണ് ചെയ്തുകൊണ്ടിരുന്നതെന്ന് പുനരുത്ഥാന നാളിൽ അവരെ ഉണർത്തുകയും ചെയ്യും. അല്ലാഹു സർവജ്ഞനാണ്; തീർച്ച."

അല് മുജാദില: 7

"അല്ല; അവരുടെ കുശുകുശുക്കലുകളും ഗ്രന്ഥാലോചനകളുമൊന്നും നാം കേൾക്കുന്നില്ലെന്നാണോ അവർ കരുതുന്നത്. തീർച്ചയായും നമ്മുടെ ദൂതന്മാർ എല്ലാം എഴുതിയെടുക്കുന്നവരായി അവർക്കൊപ്പം തന്നെയുണ്ട്.

സുഖ്റുഫ്: 80

അതെ, ഒരു അപവാദവും അവഗണിക്കപ്പെടുകയില്ല; രണ്ട് പേർക്കിടയില് പറയപ്പെട്ടതാണെങ്കില് പോലും അത് കേൾക്കാതെ പോകുന്നില്ല; അപവ്ദിക്കുന്നവര് ഒരു പക്ഷെ, അത് മറന്നേക്കാം, എന്നാല്, എല്ലാം കേൾക്കുകയും കാണുകയും സൃഷ്ടിക്കുകയും ചെയ്ത അല്ലാഹു അത് മറക്കുകയില്ല; അവിശ്വാസികളുടെ അടിസ്ഥാന രഹിതമായ ഓരോ വാക്കുകളും വഴക്കുകളും ദുശ്ചിന്തകളും ദുഷ്പ്രവൃത്തികളുമെല്ലാം വിധി നാളില് അവരെ കണ്ടെത്തുക തന്നെ ചെയ്യും.

സർവ്വ ചരാചരങ്ങളുടെയും ഭരണാധികാരിയും ഉടമസ്ഥനുമായ അല്ലാഹു , വിശ്വാസികളുടെ മിത്രവും രക്ഷിതാവുമാണ്; തങ്ങളുടെ ദൈവംവളരെ അനുകമ്പയും കരുണയുമുള്ളവനാണെന്നവര് മനസ്സിലാക്കുന്നു; അവന് ഓരോ വസ്തുവെയും സൃഷ്ടിക്കുന്നത് അവന്റെ അറിവോടും ആകാവുന്നതില് ഏറ്റവും നല്ല നിലയിലുമാണെന്നും അവർക്കറിയാം; അവര് വിശ്വാസമർപ്പിക്കുന്നതും ആശ്രയിക്കുന്നതും ഭയപ്പെടുന്നതുമെല്ലാം അവനെ മാത്രം; അപവാദം, അക്രമം, ഭീഷണി, പരിഹാസം, ജീവനും സമ്പത്തിനും നേരെയുള്ള ശ്രമങ്ങള് – എന്നിവക്കൊന്നും അവന്റെ വിശ്വാസ സൗന്ദര്യം ഉപേക്ഷിക്കാനോ, ഖുര് ആനിക സരണിയില് നിന്ന് വ്യതിചലിക്കാനോ ഹേതുവാകുകയില്ല. വിശ്വാസിയുടെ അഭിനിവേശത്തെയും അതിന്ന് പ്രതിഫലമായി അവന്ന് ലഭിക്കുന്ന പ്രതിഫലത്തെയും കുറിച്ച് അല്ലാഹു പറയുന്നു:

“സത്യവിശ്വാസികളിൽ അല്ലാഹുവുമായി ചെയ്ത കരാറിന്റെ കാര്യത്തിൽ സത്യസന്ധത പുലർത്തുന്ന ചിലരുണ്ട്. അങ്ങനെ തങ്ങളുടെ പ്രതിജ്ഞ പൂർത്തീകരിച്ചവർ അവരിലുണ്ട്. അതിനായി അവസരം പാർത്തിരിക്കുന്നവരുമുണ്ട്. ആ കരാറിലൊരു മാറ്റവും അവർ വരുത്തിയിട്ടില്ല.
സത്യസന്ധർക്ക് തങ്ങളുടെ സത്യതക്കുള്ള പ്രതിഫലം നൽകാനാണിത്. അല്ലാഹു ഇച്ഛിക്കുന്നുവെങ്കിൽ കപടവിശ്വാസികളെ ശിക്ഷിക്കാനും. അല്ലെങ്കിൽ അവരുടെ പശ്ചാത്താപം സ്വീകരിക്കാനും. തീർച്ചയായും അല്ലാഹു ഏറെ പൊറുക്കുന്നവനും പരമദയാലുവുമാണ്.
സത്യനിഷേധികളെ അവരുടെ കോപാഗ്നിയോടെത്തന്നെ യുദ്ധരംഗത്തുനിന്ന് അല്ലാഹു തിരിച്ചയച്ചു. അവർക്കൊട്ടും നേട്ടം കിട്ടിയില്ല. സത്യവിശ്വാസികൾക്ക് വേണ്ടി പൊരുതാൻ അല്ലാഹു തന്നെ മതി. അല്ലാഹു ഏറെ കരുത്തനും പ്രതാപിയുമാണ്.“

അല് അഹ്സാബ്; 23 – 25

****

അധർമ്മകാരികളും വഞ്ചകരുമായ ആളുകള്, തങ്ങളുടെ പ്രതിയോഗികൾക്കെതിരെ പ്രയോഗിക്കുന്ന ഒരു ദുഷിച്ച രീതിയാണ് അപവാദം. അപവാദത്തിന്ന് നിരവധി രീതികളുണ്ട്. സംഘടിതവും വ്യവസ്ഥാപിതവുമായ രീതി മുതല് , വരികൾക്കിടയില് തിരുകി കയറ്റുന്ന ചുരുങ്ങിയ വാക്കുകള് വരെ. മതമൂല്യങ്ങളില് നിന്നും ദൈവിക പാതയില് നിന്നും വ്യതിചലിച്ച സമൂഹങ്ങളില്, മറ്റുള്ളവരെ കുറിച്ച് തെറ്റായ ധാരണയുണ്ടാക്കുന്നതിന്നായി , ഇടക്കിടെ , പ്രയോഗിക്കപ്പെടുന്ന ഒന്നത്രെ അപവാദം. ഈ പുസ്തകത്തിന്റെ വായനക്കാരിലധിക പേരും ഏതെങ്കിലുമളവിലുള്ള അപവാദങ്ങൾക്ക് വിധേയരായവരോ, അല്ലെങ്കില് ദൃക്സാക്ഷികളായവരോ ആയിരിക്കും.

വ്യക്തികൾക്കിടയില് നടക്കുന്ന നിസ്സാര അപവാദങ്ങളല്ല, പ്രത്യുത, തികച്ചും വ്യത്യസ്തത പുലർത്തുന്ന മറ്റൊരപവാദമാണ് ഈ പുസ്തകം കൈകാര്യം ചെയ്യുന്നത്. അതെ, വിശ്വാസികൾക്കെതിരെ അവിശ്വാസികള് നടത്തുന്ന അപവാദം. അത് ശാരീരികമാകാം, ആത്മീയമാകാം.

സമൂഹങ്ങളില് മതമൂല്യങ്ങള് പ്രബോധനം ചെയ്ത സകല പ്രവാചകന്മാരും ഭക്ത ജനങ്ങളും , സാമ്പത്തിക മോഹം, ഭ്രാന്ത്, അഹങ്കാരം, മോഷണം, വ്യഭിചാരം തുടങ്ങിയ അപവാദങ്ങൾക്ക് വിധേയരായിട്ടുണ്ടെന്ന് ഖുര് ആന് വെളിപ്പെടുത്തുന്നുണ്ട്. യൂസുഫ്(അ), മൂസ(അ), സുലൈമാന്(അ), മുഹമ്മദ്(സ) എന്നിവരുടെ ജീവിതങ്ങളെല്ലാം ഇത്തരം അപവാദങ്ങളാല് നിർഭരമാണ്. അത് പോലെ, ഈസ(അ)യുടെ മാതാവ് മര് യം (അ), പ്രവാചക പത്നി ആയിഷ(റ), പ്രവാചകന്റെ സ്വഹാബിമാര് എന്നിവരും അപവാദങ്ങൾക്ക് പാത്രങ്ങളായിട്ടുണ്ട്. എന്നാല്, ഇവരെല്ലാം അപവാദങ്ങളെ നേരിടുമ്പോള്, മാതൃകാപരമായ ക്ഷമയും, വിശ്വാസവും പ്രകടിപ്പിച്ചിരുകയും, അവിശ്വാസികളെ യത്നങ്ങളെല്ലാം അവഗണിച്ച് , ദൈവത്തിന്റെ നിർദ്ദേശാനുസാരം ജീവിതം നയിക്കുകയും സത്യപാതയിലേക്ക് ആളുകളെ ക്ഷണിക്കുകയും ചെയ്തിരുന്നു. ഇത്തരം നിശ്ചയ ധാർഢ്യം ഉത്തമ മാതൃകയാണെന്നതില് സംശയമില്ല.



“ഹാറൂന് യഹ് യാ“ എന്ന തൂലികാ നാമത്തില് എഴുതുന്ന ഗ്രന്ഥകാരന് 1956 ല് അങ്കാറയില് ജനിച്ചു. ഇസ്താംബൂളിലെ, മൈമര് സിനാന് യൂനിവേഴ്സിറ്റിയില് കലയും ഇസ്താംബൂള് യൂനിവേഴ്സിറ്റിയില് തത്വശാസ്ത്രവും പഠിച്ചു. 1980 മുതല്, രാഷ്ട്രീയം, വിശ്വാസപരവും ശാസ്ത്രപരവുമായ വിഷയങ്ങള് എന്നിവയില് നിരവധി ഗ്രന്ഥങ്ങള് പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആഗോളതലത്തില് പ്രശംസ പിടിച്ചു പറ്റിയ ഈ കൃതികള്, ധാരാളം പേർക്ക് ദൈവിക മതത്തിലേക്ക് തിരിച്ചു വരാനും മറ്റു നിരവധിയാളുകൾക്ക് തങ്ങളുടെ വിശ്വാസത്തില് അഗാധമായ ഉൾക്കാഴ്ച നേടിയെടുക്കാനും സഹായകമായിട്ടുണ്ട്., ഒരു ലക്ഷ്യത്തില് ശ്രദ്ധ കേന്ദ്രീകരിക്കാനാണ്: ദൈവാസ്തിക്യം, ദൈവേകത്വം തുടങ്ങിയ വിമർശനപരമായ നിരവധി വിഷയങ്ങളെക്കുറിച്ച് ചിന്തിക്കാന് പ്രോത്സാഹനം ചെയ്യല്, പ്രായ – ജാതി – രാജ്യ വ്യത്യാസമന്യേ, വായനക്കാരുടെ കഴിവ് വികസിപ്പിക്കുകയാണ്, ഹാറൂന് യഹ് യാ കൃതികള് ലക്ഷ്യം വക്കുന്നത്

സത്യനിഷേധികളെ അവരുടെ കോപാഗ്നിയോടെത്തന്നെ യുദ്ധരംഗത്തുനിന്ന് അല്ലാഹു തിരിച്ചയച്ചു. അവർക്കൊട്ടും നേട്ടം കിട്ടിയില്ല. സത്യവിശ്വാസികൾക്ക് വേണ്ടി പൊരുതാൻ അല്ലാഹു തന്നെ മതി. അല്ലാഹു ഏറെ കരുത്തനും പ്രതാപിയുമാണ്.“

അല് അഹ്സാബ്; 23 – 25